

# പത്രോസിന്റെ സിംഹാസനം

റ്റി. ജോൺ മാത്യു

# പത്രോസിന്റെ സിംഹാസനം

*Revised Second Edition*

T. JOHN MATHEW

BIBLE STUDY CENTRE, MANNUTHY


പത്രോസിന്റെ സിംഹാസനം

**By T. John Mathew**

A Bible Study Centre Publication

First Edition 1997

Revised Second Edition 2012

Copies 2000


(Rights Reserved)


Bible Study Centre, Mannuthy

Printed at
Chirayath Printers, Mannuthy

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ആമുഖം | |
| 2. | സത്യാന്വേഷണം | 1 |
| 3. | പ്രേഷിതവര്യനായ പത്രോസ് | 5 |
| 4. | ശിഷ്യന്മാരുടെ സിംഹാസനങ്ങൾ | 10 |
| 5. | പത്രോസും റോമാനഗരവും | 16 |
| 6. | പാരമ്പര്യവിശ്വാസങ്ങൾ | 21 |
| 7. | പത്രോസിന്റെ പിൻഗാമികൾ | 40 |
| 8. | മാർപ്പാപ്പായുടെ സിംഹാസനം | 47 |
| 9. | സഭ പരിണാമത്തിലൂടെ | 58 |
| 10. | കുമ്പസാരം | 71 |
| 11. | സത്യസഭ | 81 |
| 12. | സത്യം അനുസരിക്കുക | 93 |
| 13. | പത്രോസിന്റെ സിംഹാസനം | 96 |
| 14. | അനുബന്ധം :<br>I പത്തുകല്പനകൾ II പാപമോചനച്ചീട്ട് | |
| 15. | ഗ്രന്ഥസൂചിക (Bibliography) | |

# ആമുഖം

ക്രൈസ്തവസഭയുടെ അടിസ്ഥാനം ആരാണ്, എന്താണ്, പരസ്പര വിരുദ്ധങ്ങളായി കാണപ്പെടുന്ന സഭാ പാരമ്പര്യങ്ങളുടെയും വിശ്വാസങ്ങളുടെയും ചരിത്ര പശ്ചാത്തലം എന്താണ്, ക്രിസ്തീയ ലോകത്തിൽ ഐക്യം ഉണ്ടാവുക സാദ്ധ്യമാണോ, ആണെങ്കിൽ എപ്രകാരമുള്ള ഐക്യമാണ് ഉണ്ടാകേണ്ടത്, സത്യം അന്വേഷിച്ചു കണ്ടെത്തുക സാദ്ധ്യമാണോ, അതു ചെയ്യാൻ മിനക്കെട്ടില്ലെങ്കിൽ എന്തു കുഴപ്പമാണു വരിക, എന്നിത്യാദി ചോദ്യങ്ങൾ ക്രിസ്തീയ സമൂഹങ്ങളിലെ ചിന്തിക്കുന്ന മനുഷ്യരുടെ ഹൃദയങ്ങളിൽ പലപ്പോഴും ഉയർന്നുവരാറുണ്ട്. അവയുടെ ഉത്തരം കണ്ടെത്താനാഗ്രഹിച്ചു പഠനം നടത്തിയപ്പോൾ മനസ്സിലാകാനിട വന്നിട്ടുള്ള വസ്തുതകളിൽ ചിലതൊക്കെയാണ് ഈ പുസ്തകത്തിന്റെ പ്രതിപാദ്യം.

സത്യം എല്ലായ്പ്പോഴും നമുക്ക് ഇഷ്ടകരമായിരിക്കുകയില്ല. നമുക്ക് ഇഷ്ടകരവും അനിഷ്ടകരവുമായ യാഥാർത്ഥ്യങ്ങൾ ഈ പ്രപഞ്ചത്തിലുണ്ട്. യാഥാർത്ഥ്യങ്ങളെ അവഗണിക്കുന്നതും തെറ്റിദ്ധാരണമൂലം സത്യത്തെ അസത്യമെന്നും അസത്യത്തെ സത്യമെന്നും കരുതിപ്പോകുന്നതും അന്തിമ വിശകലനത്തിൽ നമുക്ക് ദോഷകരമാണെന്നതിനു സംശയമില്ല. അതിനാൽ നമുക്ക് ഇഷ്ടകരമായ യാഥാർത്ഥ്യങ്ങളെ നാം സ്വാഗതം ചെയ്യുമ്പോൾ അനിഷ്ടകരമായ യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടയ്ക്കാതെ അവ അംഗീകരിക്കുന്നതിനുള്ള വിവേകം നാം കാണിക്കേണ്ടതാണ്.

ഞെട്ടിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്ന ചില സത്യങ്ങൾ ഈ പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പാരമ്പര്യമായ ചില തെറ്റിദ്ധാരണകൾ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുകയും അവയെ നമ്മുടെ പൂർവ്വികന്മാർ യഥാർത്ഥ സത്യങ്ങളെന്നു കരുതുകയും ചെയ്തിട്ടുള്ളതിനാൽ നമുക്ക് ആ ആശയങ്ങളോടു ഒരു പ്രത്യേക മമത തോന്നുക സ്വാഭാവികമാണ്. അതുകൊണ്ട് അവ തെറ്റാണെന്നു വന്നാൽ അവയ്ക്കു നേരെ കണ്ണടയ്ക്കാനും അവ തെറ്റുകളല്ലെന്നു വാദിക്കാനും നമുക്കു പ്രേരണ തോന്നും. എന്നാൽ സത്യമാണു നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കുന്നതെന്നു മനസ്സിലാക്കി വേദനയുളവാക്കുന്ന സത്യങ്ങളെയും അംഗീകരിക്കുവാൻ നാം തയ്യാറാകേണ്ടതാവശ്യമാണ്. ഈ മനോഭാവത്തോടുകൂടി ഈ ഗ്രന്ഥത്തിലെ ആശയങ്ങൾ മാന്യവായനക്കാർ സൂക്ഷ്മമായി പരിശോധിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്.

ഈ പുസ്തകത്തിന്റെ ഒന്നാം പതിപ്പ് 1997-ലും രണ്ടാം പതിപ്പ് ഇപ്പോൾ 2012ലും പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ കൃപ തന്ന ദൈവത്തിന് നന്ദിയോടെ സ്തോത്രം ചെയ്യുന്നു. ഒന്നാം പതിപ്പിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ വിഷയങ്ങൾ പരിഷ്ക്കരിച്ച ഈ രണ്ടാം പതിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിന്റെ രചനയ്ക്കു പിന്നിൽ അനേകം ആളുകളുടെ കൂട്ടായ പ്രയത്നം ഉണ്ടെന്ന വസ്തുത കൃതജ്ഞതാപൂർവ്വം ഓർക്കുന്നു. കയ്യെഴുത്തുപ്രതി പകർത്തി എഴുതിയും വിട്ടുകളയേണ്ടതും എഴുതി ചേർക്കേണ്ടതുമായ പല ആശയങ്ങൾ ശ്രദ്ധയിൽ പെടുത്തിത്തരികയും ചെയ്തിട്ടുള്ള എന്റെ കുടുംബാംഗങ്ങളുടെയും സഹവിശ്വാസികളുടെയും സഹായ സഹകരണങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. പുസ്തകത്തിന്റെ ഡി.ടി.പി. ജോലി നന്നായി ചെയ്തു തന്ന ശ്രീകൃഷ്ണ ഡി.ടി.പി. സെന്ററിന്റെയും പ്രിന്റിംഗ് ഭംഗിയായി നിർവ്വഹിച്ചുതന്ന ചിറയത്ത് പ്രിന്റേഴ്സിന്റെയും ഉടമസ്ഥരോടും സഹപ്രവർത്തകരോടും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. ക്രൈസ്തവസഭയുടെ ഉത്ഭവം, വളർച്ച, ഇന്ന് ലോകത്തിൽ നിലവിലിരിക്കുന്ന വിവിധ സഭകൾ, ദൈവമുമ്പാകെ നമുക്കുള്ള ഉത്തരവാദിത്തങ്ങൾ, നാം അവശ്യം അറിഞ്ഞിരിക്കേണ്ട വചനസത്യങ്ങൾ, ചരിത്രസത്യങ്ങൾ ഇവയെക്കുറിച്ചെല്ലാം സൂക്ഷ്മ പഠനം നടത്താനും യഥാർത്ഥ സത്യങ്ങൾ അംഗീകരിച്ചു കൊണ്ടു പ്രവർത്തിക്കാനുമുള്ള പ്രേരണ ഈ ഗ്രന്ഥത്തിന്റെ മാന്യ വായനക്കാർക്കുണ്ടാകട്ടെ എന്ന പ്രാർത്ഥനയോടുകൂടെ ഇത് കർത്തൃകരങ്ങളിൽ സമർപ്പിച്ചു കൊള്ളുന്നു.

**റ്റി. ജോൺ മാത്യു**

മണ്ണുത്തി,
20.01.2012.

# അദ്ധ്യായം 1
# സത്യാന്വേഷണം

ആദിമക്രൈസ്തവസഭയുടെ ഭരണരീതിയെപ്പറ്റിയും അതിന്റെ അടിസ്ഥാനവിശ്വാസങ്ങളെപ്പറ്റിയും ഏതൊരു ക്രിസ്ത്യാനിയും വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടതാണ്. അതിനായി ശ്രമിക്കുമ്പോൾ പത്രോസ് അപ്പൊസ്തലനെക്കുറിച്ച് ദൈവവചനത്തിലും ചരിത്രത്തിലും കാണുന്ന പരാമർശങ്ങൾ വിശകലനം ചെയ്തു പഠിക്കേണ്ടി വരുന്നു. ആദ്യത്തെ മാർപ്പാപ്പാ ആയി അനേകവർഷങ്ങൾ പത്രോസ് റോമിൽ ഭരണം നടത്തിയെന്ന പാരമ്പര്യവിശ്വാസം തികച്ചും ശരിയാണെന്നു ചിന്തിക്കുന്നവരും ശരിയല്ലെന്നു ചിന്തിക്കുന്നവരും ക്രിസ്തീയ ലോകത്തിലുണ്ട്. സത്യത്തെ വാസ്തവമായി സ്നേഹിച്ചുകൊണ്ട് സത്യാന്വേഷണം നടത്തി, പത്രോസ് അപ്പൊസ്തലനെക്കുറിച്ച് വചനത്തിലും ചരിത്രത്തിലും പറയുന്ന കാര്യങ്ങൾ വസ്തുനിഷ്ഠമായി വിശകലനം ചെയ്താൽ, അദ്ദേഹത്തെക്കുറിച്ചും ആദിമക്രൈസ്തവസഭയെക്കുറിച്ചും സാമാന്യം വിശദമായിത്തന്നെ നമുക്കു മനസ്സിലാക്കാൻ സാധിക്കും. അബദ്ധം പറ്റാതെ, യഥാർത്ഥ സത്യങ്ങൾ അന്വേഷിച്ചു കണ്ടെത്തുന്നതിന് നാം ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്തൊക്കെയെന്ന് പ്രാരംഭമായി വിശദീകരിച്ചശേഷം പ്രസ്തുത വിഷയത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

## സത്യം

കാര്യങ്ങൾ വാസ്തവത്തിൽ എങ്ങനെ ആയിരിക്കുന്നുവോ അതിനാണ് സത്യം എന്നു നാം പറയുന്നത്. ‘ആയിരിക്കുക’ എന്ന മലയാളപദത്തിന്റെയും അതിനു തുല്യമായ (To) Be എന്ന ഇംഗ്ലീഷ് പദത്തിന്റെയും അടിസ്ഥാനപരമായ ആശയമാണ് ഈ പദംകൊണ്ട് നാം അർത്ഥമാക്കുന്നത്. ദൈവം സത്യവാനായും സത്യത്തിന്റെ ഉറവിടമായും എല്ലാറ്റിന്റെയും ആദികാരണമായി ആദി മുതൽ ഉണ്ടായി



രിക്കുന്നവനായും ബൈബിളിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.[1] ദൈവത്തിന്റെ സ്വഭാവവിശേഷങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് സത്യം[2] എന്നതിനു സംശയമില്ല. അതിനാൽ ദൈവത്തെ അറിയുകയും അനുസരിക്കുകയും ചെയ്യുന്ന എല്ലാവരും സത്യത്തിനു വലിയ പ്രാധാന്യം കൊടുക്കുകയും സത്യത്തെ സ്നേഹിക്കുകയും സത്യം അന്വേഷിച്ചു കണ്ടെത്തി അതിനനുസൃതമായി സ്വന്തജീവിതം ക്രമീകരിക്കുകയും ചെയ്യുന്നു.

## സത്യവും നമ്മുടെ വിശ്വാസവും

ഒരു കാര്യം അനേകം ആളുകൾ വിശ്വസിക്കുന്നതായി കാണുന്നെങ്കിൽ അതിനെപ്പറ്റി അധികമൊന്നും അന്വേഷിക്കാതെ അതു സത്യം തന്നെ എന്നു പരിഗണിക്കുന്ന സ്വഭാവമാണ് നമ്മിൽ മിക്കവർക്കും ഉള്ളത്. ഉദാഹരണത്തിന് ഒട്ടകപ്പക്ഷിയുടെ കാര്യം പരിഗണിക്കുക. ശത്രു ആക്രമിക്കാൻ വരികയോ എന്തെങ്കിലും അപകടം കാണുകയോ ചെയ്താൽ ഈ പക്ഷി അതിന്റെ തല മണലിൽ പൂഴ്ത്തിവെച്ച് അപകടത്തെക്കുറിച്ചുള്ള ഭയത്തിൽനിന്നു രക്ഷനേടുന്നു എന്നാണ് ലോകമെമ്പാടും പ്രചരിച്ചിരിക്കുന്ന വിശ്വാസം. എന്നാൽ യഥാർത്ഥവസ്തുത എന്താണ്? ഈ പക്ഷിയെക്കുറിച്ച് ആധികാരികമായി പ്രസ്താവിക്കുന്ന ഏതെങ്കിലും പക്ഷിശാസ്ത്രഗ്രന്ഥമോ എൻസൈക്ലോപ്പീഡിയായോ പരിശോധിച്ചാൽ നാം കണ്ടെത്തുന്നത് ഈ വിശ്വാസം തികച്ചും അടിസ്ഥാനരഹിതമാണെന്നാണ്. ഒട്ടകപ്പക്ഷി ഒരിക്കലും തല മണലിൽ പൂഴ്ത്തിവച്ച് ശത്രുഭയം ഒഴിവാക്കാൻ ശ്രമിക്കുന്നില്ല എന്നതാണ്

1. “ഞാൻ ആകുന്നവൻ ഞാൻ ആകുന്നു; ഞാൻ ആകുന്നു എന്നുള്ളവൻ,” “I AM WHO I AM i.e. I am the One who is” എന്നിപ്രകാരമാണ് ദൈവം തന്നെത്തന്നെ മോശെയ്ക്ക് വെളിപ്പെടുത്തിക്കൊടുത്തത്. (പുറപ്പാട് 3:14).
2. “വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല” എന്നാണ് യേശു പറഞ്ഞത് (യോഹന്നാൻ 14:6).

സത്യം.[3] എന്തോ തെറ്റിദ്ധാരണ നിമിത്തമോ, രസകരമായ ഒരു കവി ഭാവന എന്ന നിലയിലോ ആരോ പണ്ടുകാലത്ത് പറഞ്ഞ കഥ ലോക മെമ്പാടും പരന്നു; ആ കെട്ടുകഥ വലിയൊരു ശാസ്ത്രസത്യമെന്ന പോലെ ബഹുഭൂരിപക്ഷം മനുഷ്യരും വിശ്വസിച്ചിരിക്കുന്നു! ഇതു ചൂണ്ടിക്കാണിക്കുന്നത് അനേകം ആളുകൾ ഒരു കാര്യം വിശ്വസി ക്കുന്നു എന്നതുകൊണ്ട് ആ കാര്യം സത്യമായിരിക്കണമെന്നില്ല എന്നാ ണ്.

## സൂക്ഷ്മപരിശോധനയുടെ ആവശ്യം

നാം കേൾക്കുന്ന കാര്യങ്ങൾ സത്യം തന്നെയോ എന്ന് സൂക്ഷ്മമായി പരിശോധിക്കുന്ന സ്വഭാവം നമുക്കില്ലെങ്കിൽ നാം സത്യ ത്തിനുപകരം അസത്യം വിശ്വസിക്കും; മാത്രമല്ല, നമ്മിൽ നിന്നും ആ അസത്യങ്ങൾ മറ്റുള്ളവരിലേക്കു പരക്കുകയും ചെയ്യും. ഇങ്ങനെ യാണ് പല അന്ധവിശ്വാസങ്ങളും ലോകത്തിൽ പ്രചരിച്ചിട്ടുള്ളത്. എന്നാൽ സൂക്ഷ്മപരിശോധന നടത്തുന്ന സ്വഭാവം നമുക്കുണ്ടെങ്കിൽ തെറ്റിദ്ധാരണകൾ ഒഴിവാക്കാനും യഥാർത്ഥ വസ്തുതകൾ കണ്ടെ ത്താനും നമുക്കു സാധിക്കും. ഈ സ്വഭാവം, സത്യം വാസ്തവത്തിൽ സത്യം തന്നെയെന്ന ഉറപ്പ് നമ്മിൽ ഉളവാക്കും. അതേസമയം സത്യ മെന്നു പരിഗണിക്കപ്പെടുന്നതും യഥാർത്ഥത്തിൽ അസത്യങ്ങളായി രിക്കയും ചെയ്യുന്ന കാര്യങ്ങളുടെ വാസ്തവസ്ഥിതി നമുക്കു ബോധ്യ പ്പെടാനും അതിടവരുത്തും.

സത്യം അറിയാതിരിക്കുന്നതും തെറ്റിദ്ധരിക്കുന്നതും വളരെ നിർഭാഗ്യകരമായ അവസ്ഥയാണ്. അതിനാൽ സത്യത്തോടുള്ള ആത്മാർത്ഥമായ സ്നേഹവും സത്യം കണ്ടെത്താൻ നമ്മെ സഹായി

3. വിശ്വവിജ്ഞാനകോശം Page 637, Vol. III Published in 1988 by Sahitya Pravarthaka Co-operative Soceity Ltd. Kottayam.



ക്കുന്ന സൂക്ഷ്മപരിശോധന എന്ന സ്വഭാവവിശേഷവും നമ്മിലുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ടു മാത്രമേ നാം സത്യാന്വേഷണം നടത്താവൂ. തുടർന്നുള്ള അദ്ധ്യായങ്ങളിലൂടെ നാം നടത്തുന്ന സത്യാന്വേഷണം പല കാര്യങ്ങളെക്കുറിച്ചും നാം വച്ചുപുലർത്തിയിട്ടുള്ള ധാരണകൾ ഒന്നുകിൽ കൂടുതൽ ഉറപ്പിക്കും, അല്ലെങ്കിൽ അവയിൽ വ്യത്യാസങ്ങൾ വരുത്തും. ബൈബിളിന്റെയും ലോകചരിത്രത്തിന്റെയും സഭാചരി ത്രത്തിന്റെയും അടിസ്ഥാനത്തിൽ, തുറന്ന മനസ്സോടെ, ഗലീലാ പ്രദേ ശത്ത് ഒരു മുക്കുവനായി ജനിക്കുകയും സാധാരണക്കാരിൽ സാധാ രണക്കാരനായി ജീവിക്കുകയും ചെയ്തവനെങ്കിലും ലോകചരിത്ര ത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച മഹാന്മാരിലൊരാളായിത്തീർന്ന പത്രോസ് അപ്പൊസ്തലനെക്കുറിച്ച് അല്പം വിശദമായും സൂക്ഷ്മ മായും നമുക്കു പഠിക്കാം.

## അദ്ധ്യായം 2

# പ്രേഷിതവര്യനായ പത്രോസ്

യേശുവിന്റെ ശിഷ്യന്മാരിൽ പലതുകൊണ്ടും നമ്മുടെ പ്രത്യേകശ്രദ്ധ അർഹിക്കുന്ന ആളാണ്, ഗലീലക്കടലിലെ മീൻപിടുത്തം ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ച ശിമോൻ പത്രോസ്. നിങ്ങൾ എന്നെ ആരെന്നു പറയുന്നു എന്ന ചോദ്യത്തിന്, "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു"[1] എന്ന് ഉത്തരം പറഞ്ഞതിലൂടെ, ശിഷ്യന്മാരിൽ ഏറ്റവും ആദ്യം യേശുവിന്റെ ദൈവത്വം ഏറ്റുപറഞ്ഞയാൾ എന്ന സ്ഥാനം അദ്ദേഹത്തിനു ലഭിച്ചു. യേശുവിനോട് ഏറ്റവും അടുത്തു നിൽക്കുവാൻ എപ്പോഴും ആഗ്രഹിച്ച മൂന്നു ശിഷ്യന്മാരിൽ[2] ഒരുവനായിരുന്നു അദ്ദേഹം. യേശുവിന്റെ വാക്കു വിശ്വസിച്ച് കടലിൽ വെള്ളത്തിന്മീതെ[3] നടക്കുവാൻ, അധൈര്യത്തോടെയാണെങ്കിലും അദ്ദേഹം തയ്യാറായി; യേശുവിനെ യാതൊരു കാരണവശാലും വിട്ടുപിരിയരുത് എന്ന ആഗ്രഹം നിമിത്തം, "എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല.... നിന്നോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ നിഷേധിക്കുകയില്ല"[4] എന്ന് അദ്ദേഹം പറഞ്ഞു. ഭയം നിമിത്തം അല്പം കഴിഞ്ഞപ്പോൾ വാക്കിനു വിരുദ്ധമായി തന്റെ നാഥനെ മൂന്നു തവണ തള്ളിപ്പറഞ്ഞുവെങ്കിലും പിന്നീട് അതിനെപ്പറ്റി അഗാധമായി ദുഃഖം പ്രകടിപ്പിക്കുകയും ഒടുവിൽ രക്തസാക്ഷിമരണത്തിലൂടെ യേശുവിനോടു തനിക്കുണ്ടായിരുന്ന വലിയ സ്നേഹം പ്രകടമാക്കുകയും ചെയ്തു. പെന്തെക്കൊസ്ത് നാളിൽ സഭ രൂപംകൊള്ളുന്നതിനു മുഖാന്തരമായ തന്റെ ആദ്യത്തെ പ്രസംഗത്തിന്റെ ഫലമായി മൂവായിരത്തോളം പേർ മാനസാന്തരപ്പെട്ട് യേശുവിൽ വിശ്വാസമർപ്പിച്ചതായി വചനത്തിൽ (അപ്പ: പ്രവ: 2-ാം അദ്ധ്യായം) നാം വായിക്കുന്നു. വിജാതീയരെ സഭയിലേക്കു സ്വാഗതം ചെയ്യുവാൻ കൈസര്യയിലെ കൊർന്നെല്യൊസിന്റെ ഭവനത്തിലേക്ക് കർത്താവ് അയച്ചത് അദ്ദേഹത്തെ ആയിരുന്നു (അപ്പ: പ്രവ: 10-ാം അദ്ധ്യായം). പുതിയനിയമത്തിലെ രണ്ടു പ്രധാനപ്പെട്ട ലേഖനങ്ങൾ അദ്ദേഹമാണെഴുതിയത്. ഈ വസ്തുതകളെല്ലാം സുവിശേഷങ്ങളിൽനിന്നും അപ്പൊസ്തലപ്രവർത്തനങ്ങളുടെ പുസ്തകത്തിൽനിന്നും നമുക്കു മനസ്സിലാക്കാൻ കഴിയുന്നു. യാതൊരു സംശയത്തിനും പഴുതില്ലാത്ത സത്യങ്ങളാണിവ.

1. മത്തായി 16:16.
2. യാക്കോബ്, യോഹന്നാൻ എന്നിവരാണ് മറ്റു രണ്ടുപേർ. (മത്തായി 17:1)
3. മത്തായി 14:28-32.
4. മർക്കൊസ് 14:30, 31.



## പാരമ്പര്യങ്ങൾ

പത്രൊസ് അപ്പൊസ്തലനെക്കുറിച്ച് ക്രിസ്തീയ ലോകത്തിൽ നിലവിലിരിക്കുന്ന ചില പാരമ്പര്യവിശ്വാസങ്ങളുമുണ്ട്. അവയനുസരിച്ച് അദ്ദേഹം യെരൂശലേമിൽ നിന്ന് റോമിലേക്കു പോവുകയും അവിടെയുണ്ടായിരുന്ന സഭയുടെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു. ഇരുപത്തഞ്ചുവർഷം അദ്ദേഹം അവിടെ പ്രവർത്തിച്ചു എന്നു കരുതപ്പെടുന്നു.[5] എന്നാൽ റോമാസാമ്രാജ്യത്തിന്റെ "തലസ്ഥാന നഗരിയിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നമുക്ക് ഇന്ന്

5. J. P. Thottil, "264 മാർപ്പാപ്പാമാർ". P. 10, Published in 1986, by Binu Publications, Arpookkara East, Kottayam - 686 008. (അത്യുന്നത കർദ്ദിനാൾ ഡോ. ആന്റണി പടിയറയും, എറണാകുളം അതിരൂപതാ സഹായ മെത്രാൻ ഡോ. സെബാസ്റ്റ്യൻ മങ്കുഴിക്കരിയും ഈ പുസ്തകത്തെ വളരെ ആധികാരികമായ ഒരു ഗ്രന്ഥം എന്ന നിലയിൽ വീക്ഷിച്ചുകൊണ്ട് അനുഗ്രഹാശംസകളും അഭിപ്രായവും രേഖപ്പെടുത്തിയിട്ടുണ്ട്.)

അജ്ഞാതമാണ്" എന്നാണ് ശ്രീ. ജേ. പി. തോട്ടിൽ തന്റെ "264 മാർപ്പാപ്പാമാർ" എന്ന ഗ്രന്ഥത്തിൽ (പേജ് 9) പ്രസ്താവിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് എ. ഡി. 67-ൽ പത്രൊസ് അപ്പൊസ്തലൻ റോമാ ചക്രവർത്തിയായിരുന്ന നീറോയുടെ ഭരണകാലത്ത് രക്തസാക്ഷിമരണം വരിച്ചു. പാരമ്പര്യവിശ്വാസമനുസരിച്ച്, കുരിശുമരണത്തിനു വിധിക്കപ്പെട്ടതിനെത്തുടർന്ന്, "തന്റെ നാഥൻ കുരിശിൽ തല മേലോട്ടായിട്ടാണ് തറയ്ക്കപ്പെട്ടത്; അതുപോലെ തറയ്ക്കപ്പെടുവാൻ താൻ യോഗ്യനല്ല" എന്ന് അദ്ദേഹം ഉണർത്തിക്കുകയും "തലകീഴായി തന്നെ കുരിശിൽ തറയ്ക്കുവാൻ" അദ്ദേഹം അഭ്യർത്ഥിക്കുകയും ചെയ്തു. ആ അഭ്യർത്ഥനപ്രകാരം "എ. ഡി. 67ൽ ആദ്യത്തെ മാർപ്പാപ്പാ കുരിശിൽ തലകീഴായി തൂങ്ങിമരിച്ചു."[6] ഈ പാരമ്പര്യവിശ്വാസങ്ങൾ പഠനവിധേയമാക്കുന്നതിനു മുമ്പ് പത്രൊസ് അപ്പൊസ്തലന്റെ സ്വഭാവത്തിലുണ്ടായിരുന്ന ചില വിശിഷ്ടഗുണങ്ങൾ നമുക്ക് പരിശോധിക്കാം.

## പ്രതികരണശേഷി

ഏതു കാര്യം കണ്ടാലും കേട്ടാലും അതിനോടുള്ള തന്റെ പ്രതികരണം പെട്ടെന്നു പ്രകടമാക്കുന്ന സ്വഭാവമായിരുന്നു പത്രൊസിനുണ്ടായിരുന്നത്. യേശുവിനെ അനുഗമിക്കുവാനുള്ള ആഹ്വാനം ലഭിച്ചയുടൻതന്നെ അദ്ദേഹം മീൻപിടുത്തം നിർത്തി വല കടൽത്തീരത്തിട്ടിട്ട് യേശുവിനോടുകൂടെ പോയി (മത്തായി 4:19, 20); തന്നെക്കുറിച്ച് എന്താണ് മനസ്സിലാക്കിയിരിക്കുന്നതെന്ന് യേശു ശിഷ്യന്മാരോടു ചോദിച്ചപ്പോൾ ആദ്യം പ്രതികരിച്ചത് പത്രൊസായിരുന്നു (മത്തായി 16:16); അതിനുശേഷമാണ് മറ്റുള്ള ശിഷ്യന്മാർ യേശുവിനെ ദൈവപുത്രൻ എന്ന് ഏറ്റുപറഞ്ഞത്. പെട്ടെന്നു പ്രതികരിക്കുന്ന ഈ സ്വഭാവം ചിലപ്പോൾ ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കുവാനും അദ്ദേഹത്തിനിടവരുത്തിയിട്ടുണ്ട്. യേശുവിനെ പിടിക്കുവാൻ പട്ടാളവും മഹാപുരോഹിതന്മാരുടെ ചേവകരും വന്നപ്പോൾ പത്രൊസ് വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ വെട്ടിയത് ദൈവഹിതത്തിനു വിരുദ്ധമായ പ്രവൃത്തിയായിരുന്നു (യോഹന്നാൻ 18:10, 11). എന്നാൽ പൊതുവെ നോക്കുമ്പോൾ പെട്ടെന്നു പ്രതികരിക്കുന്ന അദ്ദേഹത്തിന്റെ സ്വഭാവം ഒരു വിശിഷ്ടഗുണം തന്നെ ആയിരുന്നു എന്നു നിസ്സംശയം പറയാം.

## ധൈര്യവും വിശ്വാസവും

യേശുവിനെ മൂന്നുതവണ തള്ളിപ്പറഞ്ഞ ഭീരുവായിരുന്നു പത്രോസ് എന്നു പറയുന്നത് സത്യമാണെങ്കിലും പന്തക്കുസ്താനാളിൽ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായിത്തീർന്നശേഷം അദ്ദേഹം പ്രകടിപ്പിച്ച ധൈര്യവും വിശ്വാസവും അതുല്യമാണ്. ഭരണാധികാരികളുടെയും ജനപ്രമാണികളുടെയും ഹേറോദേസ് രാജാവിന്റെയും മുമ്പിൽ യേശുവിനെ ധൈര്യപൂർവ്വം സാക്ഷിക്കുകയും പിറ്റേദിവസം വധിക്കപ്പെടാൻ നല്ല സാധ്യതയുണ്ടെന്നറിഞ്ഞിട്ടും രാത്രിയിൽ ഒരു ഭയവും കൂടാതെ നല്ല ഹൃദയസമാധാനത്തോടുകൂടെ, രണ്ടു കാവല്പടയാളികളുടെ മദ്ധ്യേ കിടന്നു സുഖമായി ഉറങ്ങുകയും ചെയ്ത ധീരനായ പത്രൊസിനെയാണ് അപ്പ: പ്രവർത്തനങ്ങൾ രണ്ടാമദ്ധ്യായത്തിനുശേഷമുള്ള പുതിയനിയമ ഭാഗങ്ങളിൽ നാം കാണുന്നത്. പ്രതികൂല സാഹചര്യങ്ങളുടെ മുമ്പിൽ അശേഷം പതറാത്ത അചഞ്ചലമായ വിശ്വാസമാണ് പ്രേഷിതവേലയിൽ അദ്ദേഹം പ്രകടിപ്പിച്ചത്. തന്റെ വിശ്വാസവും അനുസരണവും നിമിത്തം രക്തസാക്ഷിയായി മരിക്കേണ്ട സമയം അടുത്തു വരുന്നു എന്നു കണ്ടപ്പോൾ യാതൊരു

6. 264 മാർപ്പാപ്പാമാർ. P. 12.

ദുഃഖവും കൂടാതെ സന്തോഷചിത്തനായിട്ടാണ് അദ്ദേഹം അതിനെപ്പറ്റി തന്റെ സഹവിശ്വാസികൾക്കെഴുതിയത്. "നമ്മുടെ കർത്താവായ യേശുക്രിസ്തു എനിക്കു വെളിപ്പെടുത്തിത്തന്നിട്ടുള്ളതുപോലെ കൂടാരത്തിൽ നിന്നുള്ള എന്റെ വേർപാടിന്റെ സമയം അടുത്തിരിക്കുന്നു" (2 പത്രൊസ് 1 : 14) എന്ന് പറഞ്ഞുകൊണ്ട്, മരണത്തെപ്പറ്റി യാതൊരു ഉൽക്കണ്ഠയും വിഷമവും ഇല്ലാത്തവനായി നിലകൊള്ളുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. യേശുവിന്റെ അപ്പൊസ്തലൻ എന്ന നിലയിൽ അദ്ദേഹം പ്രകടിപ്പിച്ച ധൈര്യവും വിശ്വാസവും അസാധാരണം തന്നെയായിരുന്നു.



**അദ്ധ്യായം 3**

# ശിഷ്യന്മാരുടെ സിംഹാസനങ്ങൾ

സിംഹാസനം എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് ഒരു രാജാവ് ഉപയോഗിക്കുന്ന അസാധാരണഭംഗിയും പ്രൗഢിയും പ്രകടമാക്കുന്ന ഇരിപ്പിടം എന്നാണ്.[1] രാജാവിന്റെ അധികാരത്തിന്റെയും ശ്രേഷ്ഠതയുടെയും പ്രതീകമായി അതു പരിഗണിക്കപ്പെടുന്നു. യേശുവിന്റെ ശിഷ്യന്മാർക്ക് സിംഹാസനങ്ങൾ നൽകപ്പെടുമെന്ന് യേശു വാഗ്ദാനം നൽകിയതായി വചനത്തിൽ നാം കാണുന്നു. പത്രോസ് യേശുവിനോട്, "ഇതാ, ഞങ്ങൾ എല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു. ഞങ്ങൾക്കെന്താണു ലഭിക്കുക"? എന്നു ചോദിച്ചപ്പോൾ, യേശു അവരോട്, "സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, പുനർജീവിതത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകുമ്പോൾ, എന്നെ അനുഗമിച്ച നിങ്ങൾ ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിച്ചുകൊണ്ട് പന്ത്രണ്ടു സിഹാസനങ്ങളിൽ ഇരിക്കും" എന്നു മറുപടി നൽകി (മത്തായി 19:27, 28).

ലോകത്തിൽ കഷ്ടവും ത്യാഗവും സഹിച്ച് യേശുവിനെ അനുഗമിക്കുന്നതിന്റെ പ്രതിഫലം ഉടനെ ലഭിക്കുകയില്ല, പിന്നെയോ ഭാവിയിൽ, യേശുവിന്റെ ഭരണം ഭൂമിയിൽ സ്ഥാപിതമായിക്കഴിഞ്ഞു മാത്രമേ ലഭിക്കുകയുള്ളൂ എന്നാണ് ഈ വാക്കുകളിൽനിന്നു ശിഷ്യ

1. സിംഹാസനം എന്ന പദത്തിന് ഇപ്രകാരം അർത്ഥം കല്പിക്കേണ്ട ആവശ്യമില്ല എന്നും മോശെയ്ക്കു വാസ്തവത്തിൽ സിംഹാസനം ഇല്ലാതിരുന്നിട്ടും 'മോശെയുടെ സിംഹാസനം' എന്നു മത്തായി 23:1-2 വാക്യങ്ങളിൽ പറഞ്ഞിട്ടുണ്ടെന്നും കേൾക്കാറുണ്ട്. എന്നാൽ 'മോശെയുടെ സിംഹാസനത്തിൽ' എന്നല്ല 'മോശെയുടെ പീഠത്തിൽ' (ഇരിപ്പിടത്തിൽ) എന്നാണ് ഈ വാക്യഭാഗത്തിന്റെ ശരിയായ തർജ്ജമ എന്ന് പാലായിലെ CRL Society 1993-ൽ പ്രസിദ്ധീകരിച്ച ഓശാനാ ബൈബിൾ ചൂണ്ടിക്കാണിക്കുന്നു.

ന്മാർ മനസ്സിക്കിയത്. അതിനാൽ തങ്ങളുടെ അപ്പൊസ്തലിക ശുശ്രൂഷ നിർവ്വഹിച്ചുകൊണ്ട് വിവിധ പ്രദേശങ്ങളിലേക്കും രാജ്യങ്ങളിലേക്കും ചെന്നപ്പോൾ സുഖസൗകര്യങ്ങളുള്ള ഭവനങ്ങളിൽ താമസിക്കാനോ ഏതെങ്കിലും തരത്തിലുള്ള ഭൗതിക പ്രതാപമോ പ്രൗഢിയോ ആർജ്ജിക്കുവാനോ അവർ ശ്രമിച്ചില്ല. പത്രോസ് അപ്പൊസ്തലൻ വളരെ കഷ്ടങ്ങളും പ്രയാസങ്ങളും അനുഭവിച്ചുകൊണ്ടാണ് ജീവിച്ചത്. അതുകൊണ്ടാണ് തന്റെ ഒന്നാം ലേഖനത്തിൽ, "ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ! അവന്റെ മഹത്വം വെളിപ്പെടുത്തുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും" (1 പത്രോസ് 4:13) എന്ന് എഴുതുവാൻ വേണ്ട ഹൃദയപ്രേരണയും ധൈര്യവും അദ്ദേഹത്തിനുണ്ടായത്.

യേശു തന്റെ രാജ്യം ഭൂമിയിൽ സ്ഥാപിച്ചശേഷം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ യിസ്രായേലിന്റെ രാജാവായി വാഴുന്ന കാലത്ത് ശിഷ്യന്മാരോരോരുത്തരും സിംഹാസനങ്ങളിലിരുന്ന് യിസ്രായേൽ ഗോത്രങ്ങളുടെ ഭരണം നടത്തും എന്ന് പത്രോസിന്റെ ചോദ്യത്തിനു മറുപടിയായി യേശു പറഞ്ഞതിൽനിന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്, യേശുക്രിസ്തുവിന്റെ ഭരണം ഭൂമിയിൽ സ്ഥാപിതമാകുന്നതിനു മുമ്പ് ശിഷ്യന്മാർക്ക് സിംഹാസനങ്ങൾ ലഭിക്കുകയില്ലെന്നാണ്. അതിനാൽ പത്രോസ് റോമിൽ തന്റെ സിംഹാസനം സ്ഥാപിച്ചു എന്ന പാരമ്പര്യവിശ്വാസം ബൈബിളിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന സത്യത്തിനു വിരുദ്ധമായിട്ടാണിരിക്കുന്നത്. ഈ പാരമ്പര്യവിശ്വാസം സത്യമാണെങ്കിൽ യേശുക്രിസ്തു പറഞ്ഞതിനു വിരുദ്ധമായി സ്വന്തമായ ഒരു സിംഹാസനം പത്രോസ് റോമിൽ സ്ഥാപിച്ചു എന്ന് പറയേണ്ടിവരും. ഇപ്രകാരം അദ്ദേഹം ചെയ്തതായി വിശ്വസനീയമായ ഏതെങ്കിലും ചരിത്രരേഖയുണ്ടെങ്കിൽ അതു നാം വിശ്വസിക്കേണ്ടതാണ്. എന്നാൽ അങ്ങനെ പറയുന്ന യാതൊരു ചരിത്രരേഖയുമില്ലെന്ന് ചരിത്രകാരന്മാർ എല്ലാവരും ഒരുപോലെ സമ്മതിക്കുന്നു. മാത്രമല്ല, യേശു പറഞ്ഞതിനു നിരക്കാത്തവിധത്തിൽ പത്രോസ് തന്നെത്താൻ ഒരു സിംഹാസനം ഉണ്ടാക്കി എന്ന് നമുക്ക് ചിന്തിക്കാനേ സാധ്യമല്ല. അതിനാൽ പത്രോസ് റോമിൽ തന്റെ സിംഹാസനം സ്ഥാപിച്ചുവെന്ന പാരമ്പര്യവിശ്വാസം ശരിയായിരിക്കാൻ ഇടയില്ല എന്ന നിഗമനത്തിലാണ് നാം എത്തുന്നത്.

മേൽ ചൂണ്ടിക്കാണിച്ച വേദഭാഗത്ത് പറഞ്ഞിരിക്കുന്നതനുസരിച്ച് പന്ത്രണ്ടു ശിഷ്യന്മാർക്കും ഓരോ സിംഹാസനം ഉണ്ടായിരിക്കും. യേശുക്രിസ്തു തന്റെ മഹത്വത്തിൽ ഭൂമിയിലേക്ക് വീണ്ടും വന്ന് തന്റെ രാജ്യം സ്ഥാപിക്കുന്നതിനുമുമ്പ് ശിഷ്യന്മാർക്ക് ഈ സിംഹാസനങ്ങൾ നൽകപ്പെടേണ്ടതായിരുന്നെങ്കിൽ ഓരോ ശിഷ്യനും ഓരോ സിംഹാസനം അപ്പൊസ്തലികകാലത്തുതന്നെ നൽകപ്പെടേണ്ടിയിരുന്നു; അതായത് അപ്പൊസ്തലികകാലത്ത് പന്ത്രണ്ടു സ്ഥലങ്ങളിൽ പന്ത്രണ്ട് സിംഹാസനങ്ങൾ സ്ഥാപിതമാകേണ്ടിയിരുന്നു; എന്നാൽ ഇങ്ങനെ സംഭവിച്ചതായി ദൈവവചനത്തിലോ, ചരിത്രത്തിലോ പാരമ്പര്യവിശ്വാസത്തിലോ, ഒരിടത്തും തന്നെ കാണുന്നില്ല. ബാക്കി പതിനൊന്ന് ശിഷ്യന്മാരുടെ സിംഹാസനങ്ങൾ അപ്പൊസ്തലികകാലത്ത് സ്ഥാപിതമായി എന്നു ചിന്തിക്കുന്നതു ശരിയല്ലെങ്കിൽ പത്രൊസിന്റെ സിംഹാസനം അന്നു സ്ഥാപിതമായി എന്ന് ചിന്തിക്കുന്നതിനും ന്യായമില്ല.

## പത്രോസിനു കിട്ടിയ കല്പന

ക്രിസ്തീയ സഭയുടെ ഭരണം സംബന്ധിച്ച് യേശുവിൽനിന്നു ശിഷ്യന്മാർക്കു ലഭിച്ച കല്പന "..... വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെ മേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ

പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെയിടയിൽ അങ്ങനെ ആകരുത്" (മത്തായി 20: 25, 26) എന്നായിരുന്നു. ഇതിന്റെ അർത്ഥം ജാതികളുടെയിടയിൽ നിലവിലിരിക്കുന്ന രാജഭരണത്തിന്റെ രീതിയിലുള്ള, സിംഹാസനത്തിലിരുന്നു കൊണ്ടു നടത്തുന്ന ഭരണം യേശുക്രിസ്തുവിന്റെ സഭയിൽ ഉണ്ടായിരിക്കാൻ പാടില്ല എന്നല്ലേ? അപ്പോൾപിന്നെ, ഏതുതരത്തിലുള്ള ഭരണമാണ് തന്റെ സഭയിൽ നടക്കണമെന്ന് യേശുക്രിസ്തു വിഭാവനം ചെയ്തത്? മൂന്നുതവണ പത്രോസ് തന്നെ തള്ളിപ്പറഞ്ഞതിനു പരിഹാരമെന്നോണം, മൂന്നുതവണ തന്നോടുള്ള സ്നേഹം പത്രോസിനെക്കൊണ്ട് യേശു ഏറ്റു പറയിച്ചപ്പോൾ ഇക്കാര്യം വ്യക്തമാക്കി. തന്നെ വാസ്തവമായി സ്നേഹിക്കുന്നു എന്ന് ഏറ്റുപറഞ്ഞ പത്രോസിനോട് യേശു പറഞ്ഞത്, "എന്റെ കുഞ്ഞാടുകളെ മേയിക്കുക" (യോഹ. 21:15-17) എന്നായിരുന്നു. ക്രൈസ്തവ സഭയുടെ ഭരണരീതി ജാതികളുടെയിടയിൽ നിലവിലിരുന്നിട്ടുള്ള സിംഹാസന ഭരണരീതിയല്ല, പിന്നെയോ ഇടയൻ സ്നേഹവാത്സല്യങ്ങളോടുകൂടെ തന്റെ ആടുകളെ മേയ്ക്കുന്നതു പോലെയുള്ള പരിപാലന ഭരണമാണത് എന്ന് യേശുവിന്റെ വാക്കുകളിൽ നിന്ന് വ്യക്തമാണ്. യേശുവിന്റെ കല്പനയനുസരിച്ചു കൊണ്ടുള്ള സഭാപരിപാലനമാണ് പത്രോസ് അപ്പൊസ്തലൻ നടത്തിയത്; അതുകൊണ്ട്, അപ്പൊസ്തലൻ എന്ന നിലയിൽ മറ്റു സ്ഥലങ്ങളിലുള്ള സഭകളിലെ തന്റെ കൂട്ടുമൂപ്പന്മാരെ (സഹശ്രേഷ്ഠന്മാരെ) അദ്ദേഹം ഉദ്ബോധിപ്പിച്ചത്, "നിങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അതു നിർബന്ധം മൂലമായിരിക്കരുത്, ദൈവത്തെ പ്രതി സന്മനസ്സോടെ ആയിരിക്കണം; . . . . അജഗണത്തിന്മേൽ ആധിപത്യം ചുമത്തിക്കൊണ്ടായിരിക്കരുത്,



സൻമാതൃക നൽകിക്കൊണ്ടായിരിക്കണം" (1 പത്രോസ് 5:2, 3) എന്നായിരുന്നു.

ഇപ്രകാരം രാജഭരണത്തിന്റെ മാതൃകയിലുള്ള ഒരു ഭരണം ക്രൈസ്തവസഭയിൽ ഉണ്ടായിരിക്കാൻ പാടില്ല എന്ന്, സഭാരൂപീകരണത്തിനു മുമ്പുതന്നെ ശിഷ്യന്മാർക്ക് യേശു കല്പന കൊടുക്കുകയും തന്റെ ഉയിർത്തെഴുന്നേല്പിനുശേഷം ഇടയൻ ആടിനെ മേയ്ക്കുന്ന തരത്തിലുള്ള ഭരണമാണ് സഭയിൽ നടത്തേണ്ടതെന്ന് പത്രോസിനു ചൂണ്ടിക്കാണിച്ചുകൊടുക്കുകയും ആ വിഷയം പത്രോസ് തന്റെ ലേഖനത്തിൽ പ്രത്യേകം പരാമർശി ക്കുകയും ചെയ്തതിൽനിന്ന് എന്താണ് തെളിയുന്നത്? പത്രോസ് ഒരിക്കലും സിംഹാസനത്തിലിരുന്നുകൊണ്ട് സഭാഭരണം നടത്തുകയോ നടത്താൻ ആഗ്രഹിക്കുകയോ ചെയ്തില്ല എന്നല്ലേ? ആടുകളെ മേയ്ക്കുന്ന തരത്തിലുള്ള സഭാപരിപാലനത്തിനു സിംഹാസനത്തിലിരുന്നു കൊണ്ടുള്ള ഭരണം എന്നു പറയാമെന്നു വാദിച്ചാൽ "ഇടയൻ സിംഹാസനത്തിലിരുന്ന് ആടുകളെ മേയിച്ചു എന്നു പറയുന്നത് തികച്ചും ശരിയാണെന്നു പറയേണ്ടിവരും. അങ്ങനെ വാദിക്കാൻ ആരും ഒരുമ്പെടുകയില്ലല്ലോ; അതിനാൽ പത്രോസ് നടത്തിയ സഭാപരിപാലനത്തെ സിംഹാസനത്തി ലിരുന്നുകൊണ്ടുള്ള ഭരണമെന്നു വിശേഷിപ്പിക്കുന്നത് വചന വിരുദ്ധവും സത്യവിരുദ്ധവുമായ കാര്യമാണെന്നു തീർത്തു പറയേണ്ടി യിരിക്കുന്നു. മാത്രമല്ല, സിംഹാസനം സ്ഥാപിച്ചു എന്നു പറയാൻ കഴിയണമെങ്കിൽ, രാജകൊട്ടാരത്തിൽ രാജാവ് ഇരിക്കാൻ ഉപയോഗിക്കുന്ന തരത്തിലുള്ള ഇരിപ്പിടം ഉണ്ടാക്കുകയും രാജാവിന്റെ പ്രതാപവും പ്രൗഢിയുമൊക്കെ പ്രകടമാക്കിക്കൊണ്ട് അതിലിരുന്നു ഭരണം നടത്തുകയും ചെയ്തിരിക്കണം. പത്രോസ് അങ്ങനെ ചെയ്തുവോ? ചെയ്തെന്ന്

ദൈവവചനത്തിലോ ചരിത്രരേഖകളിലോ നാം കാണുന്നുണ്ടോ? യെഹൂദന്മാരുടെയും പുറജാതികളുടെയും നിന്ദയും പീഡനവും സഹിച്ചുകൊണ്ടു സുവിശേഷഘോഷണം നടത്തുകയും അധികാരികളാൽ പിടിക്കപ്പെട്ട് ഇരുമ്പുചങ്ങലകളാൽ ബന്ധിതനായി തടവറയിൽ കിടക്കുകയും ശരീരത്തിൽ വളരെ കഷ്ടങ്ങൾ സഹിച്ചുകൊണ്ട് ജീവിതാന്ത്യം വരെ പ്രേഷിതവേല നിർവ്വഹിക്കുകയും ചെയ്ത പത്രോസ് അപ്പൊസ്തലൻ റോമാ നഗരത്തിൽ സിംഹാസനത്തിലിരുന്നുകൊണ്ട് രാജാവിനെപ്പോലെ സഭാഭരണം നടത്തുകയായിരുന്നെന്നു പറഞ്ഞാൽ അത് സത്യത്തിനു നിരക്കുമോ?

ചുരുക്കത്തിൽ, അപ്പൊസ്തലിക ദൗത്യം നിർവ്വഹിക്കുന്ന കാലത്ത് ശിഷ്യന്മാർക്ക് സിംഹാസനങ്ങൾ ഉണ്ടായിരിക്കാൻ പാടില്ലെന്നും, യേശുവിന്റെ മഹത്വപ്രത്യക്ഷതയ്ക്കുശേഷം മാത്രമേ അവ അവർക്കു നൽകപ്പെടുകയുള്ളുവെന്നും ദൈവവചനത്തിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും സിംഹാസനഭരണം ക്രൈസ്തവ സഭയിൽ കാണപ്പെടാനേ പാടില്ലെന്ന് യേശുക്രിസ്തു ശിഷ്യന്മാർക്ക് കല്പന നൽകിയിരുന്നതിനാലും, ശിഷ്യന്മാരിലാരെങ്കിലും എവിടെയെങ്കിലും ഏതെങ്കിലും സിംഹാസനം സ്ഥാപിച്ചതായി യാതൊരു ചരിത്രരേഖയും ഒരിടത്തും ഇല്ലാതിരിക്കുന്നതിനാലും, പത്രോസ് റോമിൽ തന്റെ സിംഹാസനം സ്ഥാപിച്ചുവെന്ന പാരമ്പര്യവിശ്വാസം തികച്ചും അടിസ്ഥാനരഹിതമാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു.



# അദ്ധ്യായം 4
# പത്രോസും റോമാനഗരവും

പാരമ്പര്യവിശ്വാസമനുസരിച്ച് പത്രോസ് അപ്പൊസ്തലൻ എ. ഡി. 67-ൽ റോമിൽവച്ച് രക്തസാക്ഷിയായി മരണം വരിക്കുന്നതിനു മുമ്പ് ഇരുപത്തഞ്ച് വർഷം അവിടെയുണ്ടായിരുന്ന സഭയുടെ ഭരണം നടത്തി.[1] ഇതിനർത്ഥം എ. ഡി. 42നോടടുത്ത് അദ്ദേഹം റോമാനഗരത്തിൽ എത്തിയിരിക്കണം എന്നാണ്. പത്രോസിന്റെ റോമിലെ സാന്നിദ്ധ്യം വ്യക്തമാക്കുന്ന യാതൊരു ചരിത്രരേഖയും നമുക്ക് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, ലഭ്യമായിട്ടുള്ള തെളിവുകളിൽനിന്ന് എത്രത്തോളം ഈ വിഷയം സംബന്ധിച്ച് മനസ്സിലാക്കാൻ സാധിക്കും എന്നതാണ് നാം പരിശോധിക്കേണ്ടത്.

## റോമാലേഖനവും പത്രോസും

പൗലോസ് അപ്പൊസ്തലൻ റോമിൽ ഉണ്ടായിരുന്ന സഭയ്ക്ക് ലേഖനമെഴുതിയത് ചരിത്രകാരന്മാരുടെ അഭിപ്രായമനുസരിച്ച് എ. ഡി. 58ൽ ആയിരുന്നു. ഈ ലേഖനത്തിൽ, അന്ന് റോമിൽ ഉണ്ടായിരുന്ന സഭയിലെ പ്രമുഖരായ 26 വ്യക്തികളുടെ പേരുകൾ അപ്പൊസ്തലൻ തന്റെ ലേഖനത്തിന്റെ ഒടുവിലത്തെ അദ്ധ്യായത്തിൽ പ്രത്യേകം എടുത്തുപറഞ്ഞ് വന്ദനം പറയുന്നുണ്ട്. ആ സമയത്ത് പത്രോസ് അപ്പൊസ്തലൻ റോമയിൽ സഭാഭരണം നടത്തുകയായിരുന്നു എങ്കിൽ അദ്ദേഹത്തിന്റെ പേര് പൗലോസ് അപ്പൊസ്തലൻ തീർച്ചയായും എടുത്തുപറഞ്ഞ് വന്ദനം പറഞ്ഞേനേ എന്നതിനു സംശയമില്ല. അങ്ങനെ അദ്ദേഹം ചെയ്തു കാണുന്നില്ല. (റോമാ ലേഖനം 16-ാം അദ്ധ്യായം നോക്കുക). അതിനാൽ എ. ഡി. 58-ൽ പത്രോസ് അപ്പൊസ്തലൻ റോമയിൽ ഉണ്ടായിരുന്നില്ല എന്നാണ് നാം

1. J. P. Thottil, 264 മാർപ്പാപ്പാമാർ. പേജ് 10-12.

മനസ്സിലാക്കേണ്ടത്. എ.ഡി. 42 മുതൽ എ.ഡി. 67 വരെ 25 വർഷം അവിടെ സിംഹാസനം സ്ഥാപിച്ച് അവിടെ അദ്ദേഹം ഭരണം നടത്തി എങ്കിൽ എ.ഡി. 58ൽ അദ്ദേഹം തീർച്ചയായും അവിടെ ഉണ്ടായിരിക്കേണ്ടതായിരുന്നു. മാത്രമല്ല എ.ഡി. 42 മുതൽ 58 വരെയുള്ള കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഫലമായി സഭയിലേക്ക് ചേർക്കപ്പെട്ട ആളുകളെക്കുറിച്ചും ആ സുദീർഘമായ കാലയളവു മുഴുവൻ അദ്ദേഹം അവിടെ നടത്തിയ പ്രവർത്തനത്തെക്കുറിച്ചും ചുരുക്കം ചില പരാമർശങ്ങളെങ്കിലും ലേഖനത്തിൽ കാണേണ്ടതായിരുന്നു. എന്നാൽ റോമാ ലേഖനത്തിൽ പത്രോസിനെക്കുറിച്ച് യാതൊരു പരാമർശവും കാണുന്നില്ല. അദ്ദേഹവും റോമയും തമ്മിൽ ഏതെങ്കിലും ബന്ധമുണ്ടായിരുന്നതായി യാതൊരു സൂചനയും ലേഖനത്തിലില്ല. എന്നാൽ കൊരിന്തോസിലെ വിശ്വാസികൾക്ക് പൗലോസ് ലേഖനമെഴുതിയപ്പോൾ, അവിടെ നേരത്തെ പ്രവർത്തനം നടത്തിയ അപ്പൊളോസിനെക്കുറിച്ച് നിരവധി വാക്യങ്ങളിൽ പരാമർശിച്ചിട്ടുള്ളതായി നാം കാണുന്നു. ഇതിൽനിന്നെന്താണ് മനസ്സിലാക്കേണ്ടത്? പത്രോസ് റോമാ നഗരത്തിൽചെന്ന് അവിടത്തെ സഭയുമായി എ.ഡി. 58നുള്ളിൽ എന്തെങ്കിലും ബന്ധം സ്ഥാപിച്ചിരുന്നു എങ്കിൽ അദ്ദേഹത്തെക്കുറിച്ച് അല്പമെങ്കിലും പരാമർശം പൗലോസിന്റെ റോമാ ലേഖനത്തിൽ കാണുമായിരുന്നു. അതു കാണാത്തതിനാൽ എ.ഡി. 58 വരെ പത്രോസും റോമിലെ സഭയും തമ്മിൽ കാര്യമായ ബന്ധമൊന്നുമുണ്ടായിട്ടില്ല എന്നു പറയേണ്ടിയിരിക്കുന്നു. ഏതായാലും അദ്ദേഹം അവിടെ ചെന്നു താമസിച്ച് ആ സഭയുമായി ഇടപെട്ടില്ല എന്നു നിസ്സംശയം പറയാം. അപ്പോൾ അദ്ദേഹം റോമിൽചെന്ന് അവിടെ താമസിച്ച് സഭാപ്രവർത്തനം നടത്തി എങ്കിൽ അത് എ.ഡി.58നു ശേഷമായിരിക്കാനേ വഴിയുള്ളു. എ.ഡി. 67നോടടുത്ത് അദ്ദേഹം രക്തസാക്ഷിയായി മരിച്ചു എന്നത് എല്ലാവരും അംഗീകരിച്ചിരിക്കുന്ന ഒരു



വസ്തുതയാണ്. ചില ചരിത്രകാരന്മാരുടെ അഭിപ്രായമനുസരിച്ച് പത്രോസ് മരിച്ചത് എ.ഡി. 64-ലോ, 65-ലോ ആയിരുന്നു. അതിനാൽ റോമിലെ സഭയുടെ ഭരണം അദ്ദേഹം നടത്തി എങ്കിൽ അതിന്റെ കാലാവധി എ.ഡി. 58നും 67നും ഇടയ്ക്കുള്ള 9 വർഷത്തിൽ അധികമായിരിക്കുക സാധ്യമല്ല. ഇതിന്റെ അർത്ഥമെന്താണ്? 25 വർഷം അദ്ദേഹം റോമിലെ സഭയുടെ ഭരണം നടത്തി എന്ന പാരമ്പര്യവിശ്വാസം തികച്ചും തെറ്റാണെന്നല്ലേ?

## പത്രോസിന്റെ ഭരണം

എ.ഡി. 58നും 67നും ഇടയ്ക്കുള്ള ഏതെങ്കിലും സമയത്ത് പത്രോസ് റോമിൽ എത്തിയതായി പ്രസ്താവിക്കുന്ന യാതൊരു ചരിത്രരേഖയും ഇല്ല എന്നതാണ് സത്യം. റോമൻ കത്തോലിക്കാ ചരിത്രകാരനായ ഡോ. സേവ്യർ കൂടപ്പുഴ എഡിറ്റുചെയ്തു പ്രസിദ്ധീകരിച്ച തിരുസ്സഭാചരിത്രത്തിൽ, ''പത്രോസ് തന്റെ അവസാനനാളുകൾ റോമിലാണ് ചിലവഴിച്ചത്. അദ്ദേഹത്തിന്റേതായി പുതിയ നിയമത്തിലുള്ള ലേഖനങ്ങൾ രണ്ടും ബാബിലോണിൽ വച്ചാണെഴുതിയത്. എത്രകാലം പത്രോസ് റോമിലുണ്ടായിരുന്നുവെന്ന് തീർച്ചയില്ല. അദ്ദേഹം റോമിലേക്കു പോയെന്നും അവിടെ രക്തസാക്ഷിയായി മരിച്ചെന്നുമാണ് പാരമ്പര്യം;"[2] എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പത്രോസ് റോമിൽ ചെന്ന് സിംഹാസനം സ്ഥാപിച്ച് അതിലിരുന്നു ഭരണം നടത്തിയെങ്കിൽ അദ്ദേഹത്തെ പിടിച്ചു കുരിശിൽ തറച്ചുകൊന്നത് ഒരു മഹസംഭവമായിത്തന്നെ പരിഗണിക്കപ്പെട്ടേനെ; അതു സംബന്ധമായി ഏതെങ്കിലും ചരിത്രരേഖ ഉണ്ടാകാനിടവരികയും ചെയ്തേനെ. എന്നാൽ അങ്ങനെ യാതൊരു

2. Edited by Dr. Xavier, Koodappuzha (തിരുസ്സഭാചരിത്രം, പേജ് 95). Second Edition 1984. Published by Oriental Institute of Religious Studies, Vadavathoor, Kottayam - 686 010.

രേഖയും ഉണ്ടായിട്ടില്ല. ഒരിടത്തും ഒരു സിംഹാസനം സ്ഥാപിച്ചുവെന്ന് ആരാലും വിശേഷിക്കപ്പെട്ടിട്ടില്ലാത്ത പൗലോസ് അപ്പൊസ്തലൻ റോമിൽവച്ച് നീറോ ചക്രവർത്തിയുടെ മതപീഡനകാലത്ത് വധിക്കപ്പെട്ടുവെന്നതിന് വിശ്വസനീയമായ ചരിത്രത്തെളിവുകളുണ്ട്. അതിനാൽ അദ്ദേഹത്തിന്റെ രക്തസാക്ഷിമരണത്തെപ്പറ്റി മേൽ പ്രസ്താവിച്ച ഗ്രന്ഥത്തിൽ, "റോമാ ചക്രവർത്തി നീറോ (ക്രി. വ. 54-68)യുടെ മതപീഡനകാലത്ത് അദ്ദേഹം വധിക്കപ്പെട്ടു"[3] എന്നുതന്നെ എഴുതിയിരിക്കുന്നു. റോമിൽ സിംഹാസനം സ്ഥാപിച്ചു സഭാഭരണം നടത്തിയെന്നു പാരമ്പര്യമായി വിശ്വസിക്കപ്പെടുന്ന പത്രോസിന്റെ രക്തസാക്ഷിമരണത്തിന് വിശ്വസനീയമായ ചരിത്രത്തെളിവില്ലാത്തതിനാലാണ്, അതിനെ പാരമ്പര്യവിശ്വാസമെന്നു തന്നെ മേൽപറഞ്ഞ ഗ്രന്ഥത്തിൽ (പേജ് 95) വിശേഷിപ്പിച്ചിരിക്കുന്നത്. പത്രോസിനെക്കുറിച്ചുള്ള പാരമ്പര്യ വിശ്വാസത്തിന്റെ ഒന്നാം ഭാഗം അദ്ദേഹം റോമിൽ സിംഹാസനം സ്ഥാപിച്ചുവെന്നും 25 വർഷം അവിടെ ഭരണം നടത്തിയെന്നും മറ്റുമുള്ളത് - തെറ്റാണെന്നു നാം കണ്ടുകഴിഞ്ഞു. അതിന്റെ രണ്ടാം ഭാഗം അദ്ദേഹത്തിന്റെ അന്ത്യം റോമിൽവച്ചാണുണ്ടായത് എന്നു കൃത്യമായി നിർണ്ണയിക്കുവാൻ മതിയായ തെളിവുകൾ ഉണ്ടോ എന്ന് ഇനിയും പരിശോധിക്കേണ്ടിയിരിക്കുന്നു.

## പത്രോസും ബാബിലോണും

പത്രോസ് അപ്പൊസ്തലൻ എഴുതിയ രണ്ടു ലേഖനങ്ങളാണ് പുതിയ നിയമത്തിലുള്ളത്. ഒന്നാമത്തേത് എ.ഡി. 63ലും രണ്ടാമത്തേത് എ.ഡി. 65ലോ, 66ലുമോ എഴുതപ്പെട്ടു എന്നാണ് വേദപണ്ഡിതന്മാരുടെ കാലഗണനപ്രകാരം നാം മനസ്സിലാക്കേണ്ടത്. ഒന്നാമത്തെ ലേഖനത്തിന്റെ ഒടുവിൽ, "ബാബിലോണിലെ സഭയും എന്റെ

3. തിരുസ്സഭാ ചരിത്രം പേജ് 98.



പുത്രനായ മാർക്കോസും നിങ്ങൾക്കു വന്ദനം പറയുന്നു" എന്ന് എഴുതിയിരിക്കുന്നു. ഇതിന്റെ അർത്ഥം എ. ഡി. 63-ൽ പത്രോസ് ബാബിലോണിൽ ആയിരുന്നുവെന്നാണ്. പണ്ടത്തെ ബാബിലോൺ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന ബാബിലോൺ വിഗ്രഹാരാധനയുടെയും മ്ലേച്ഛമായ പല പുറജാതിമതാചാരങ്ങളുടെയും കേന്ദ്രമായിരുന്നു. അതുപോലെതന്നെ ധാർമ്മികമായി എല്ലാവിധത്തിലും അധഃപതിച്ച അവസ്ഥയായിരുന്നു ഒന്നാം നൂറ്റാണ്ടിലെ റോമാ നഗരത്തിനുണ്ടായിരുന്നത്. അതിനാൽ റോമിൽനിന്ന് ഈ ലേഖനമെഴുതിയപ്പോൾ, അലങ്കാരഭാഷയിൽ ആ നഗരത്തെ ബാബിലോൺ എന്ന് പത്രോസ് വിശേഷിപ്പിച്ചതാകാമെന്ന് ചില ചരിത്രകാരന്മാർ പറയുന്നു. ഇതു ശരിയാണോ അല്ലയോ എന്നു കൃത്യമായി നിർണ്ണയിക്കുവാൻ മതിയായ യാതൊരു തെളിവുകളും നമുക്ക് ലഭിച്ചിട്ടില്ല. അതിനാൽ പത്രോസിന്റെ ജീവിതാന്ത്യം റോമിൽ വച്ചായിരുന്നുവോ അല്ലയോ എന്ന് തീർത്തുപറയുവാൻ നിവൃത്തിയില്ല. എന്നാൽ, നീറോ ചക്രവർത്തിയുടെ കാലത്ത് റോമിൽവച്ച് അദ്ദേഹം വധിക്കപ്പെടുകയാണുണ്ടായത് എന്നു നാം വിശ്വസിക്കുന്ന പക്ഷം അത്, റോമിൽ അദ്ദേഹം യാതൊരു സിംഹാസനവും സ്ഥാപിച്ച് സഭാഭരണം നടത്തിയിട്ടില്ല എന്ന സത്യം കുറച്ചുകൂടി ഉറപ്പിക്കുകയാണ് ചെയ്യുക; കാരണം ഒരു സിംഹാസനത്തിലിരുന്ന് ഭരണം നടത്തിയ മഹാനായ ഒരാളിന്റെ പീഡനമരണത്തിന് ചരിത്രരേഖ ഉണ്ടാകാതെ പോവുകയും സിംഹാസനമില്ലാതിരുന്ന പൗലോസിന്റെ മരണത്തിനു ചരിത്രത്തെളിവുണ്ടായിരിക്കുകയും ചെയ്യുന്നത് അസ്വാഭാവികമാണ്.

# അദ്ധ്യായം 5
# പാരമ്പര്യവിശ്വാസങ്ങൾ

ബൈബിളിലെ അപ്പൊ. പ്രവൃത്തികൾ 19-ാം അദ്ധ്യായത്തിൽ എഫെസോസ് നഗരത്തിലെ ആളുകളുടെ ഇടയിൽ പ്രചരിച്ചിരുന്ന ഒരു പാരമ്പര്യവിശ്വാസത്തെക്കുറിച്ച് പരാമർശമുണ്ട്. ആ നഗരത്തിൽ പൗലോസ് ചെന്ന് സുവിശേഷം പ്രസംഗിക്കുകയും വിഗ്രഹാരാധന ഭോഷത്വവും ദൈവമുമ്പാകെ കഠിനപാപവും ആണെന്ന് ആളുകൾക്ക് ബോധ്യം വരുത്തുകയും ചെയ്തു. ഇതിനെത്തുടർന്ന് അവിടത്തെ പ്രസിദ്ധമായ അർത്തേമിസ്ദേവിയുടെ ക്ഷേത്രത്തിന്റെ വെള്ളിമാതൃകകൾ വിറ്റു പണമുണ്ടാക്കിക്കൊണ്ടിരുന്ന ശില്പികളുടെ നേതാവ് ദമേത്രിയോസ് പൗലോസിനും ക്രിസ്തുമാർഗ്ഗത്തിനും എതിരെ വലിയ പ്രചരണം നടത്തുകയും നഗരനിവാസികളെ ഇളക്കി പൊതുമണ്ഡപത്തിനടുത്ത് അവരെ ഒന്നിച്ചുകൂട്ടി വലിയ ബഹളം ഉണ്ടാക്കുകയും ചെയ്തു. രണ്ട് മണിക്കൂർ ആ വലിയ ജനക്കൂട്ടം ഒരേ ശബ്ദത്തിൽ എഫെസോസ്കാരുടെ അർത്തേമിസ് മഹോന്നതയാണ് എന്ന് ആർത്തുവിളിച്ചു (അപ്പൊ. പ്രവൃത്തികൾ 19:34). ഈ സമയം ജനത്തെ ശാന്തമാക്കിക്കൊണ്ട് നഗരാധികാരി അവരോട് ഉറക്കെ ഇപ്രകാരം പറഞ്ഞു. "എഫെസോസ്കാരേ, എഫെസോസ് നഗരി മഹാദേവതയായ അർത്തേമിസിന്റെയും അവളുടെ ആകാശത്തുനിന്ന് വീണ പ്രതിമയുടെയും ക്ഷേത്രത്തിന്റെ പാലക ആണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? ഈ വസ്തുതകൾ അനിഷേധ്യങ്ങൾ ആകയാൽ നിങ്ങൾ ശാന്തരായിരിക്കേണം" (അപ്പൊ. പ്രവർത്തനങ്ങൾ 19:35, 36). തുടർന്ന് അദ്ദേഹം സംസാരിച്ച വാക്കുകൾ മൂലം ജനക്കൂട്ടം ശാന്തമാവുകയും താമസിയാതെ അവർ ബഹളം നിറുത്തി പിരിഞ്ഞുപോകയും ചെയ്തു.



നഗരാധിപന്റെ വാക്കുകളിൽ പരാമർശിക്കപ്പെട്ട എഫെസ്യരുടെ പാരമ്പര്യ വിശ്വാസം നമ്മുടെ പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. അർത്തേമിസിന്റെ ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ആ ദേവിയുടെ പ്രതിമ ആരും കൈകൊണ്ട് ഉണ്ടാക്കിയതല്ല, അത് ആകാശത്തുനിന്ന് (സ്വർഗ്ഗത്തിൽനിന്ന്) ഭൂമിയിലേക്ക് വീണതാണെന്നും അതിനെത്തുടർന്ന് അത് പ്രതിഷ്ഠിക്കുവാൻ വേണ്ടി ക്ഷേത്രം പണിതതാണെന്നുമായിരുന്നു ജനങ്ങൾ വിശ്വസിച്ചിരുന്നത്. ഈ പാരമ്പര്യ വിശ്വാസങ്ങൾ അനിഷേധ്യമായ വസ്തുതകളാണെന്ന് നഗരാധിപനും നഗരത്തിലെ ആളുകളും ദൃഢമായി വിശ്വസിച്ചു. അവരെ സംബന്ധിച്ചിടത്തോളം സംശയത്തിനതീതമായ സത്യങ്ങളായിരുന്നു അവ. എന്നാൽ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന നാം അവരുടെ ആ പാരമ്പര്യത്തെപ്പറ്റി, അർത്തേമിസ് ദേവിയുടെ ബിംബം ആകാശത്തിൽനിന്ന് ഭൂമിയിലേക്ക് വീണതാണ് എന്ന അവരുടെ വിശ്വാസത്തെപ്പറ്റി, എന്താണ് ചിന്തിക്കുന്നത്? തികച്ചും തെറ്റായ അന്ധവിശ്വാസം എന്നല്ലേ അതിനെ നാം വിശേഷിപ്പിക്കുക? പാരമ്പര്യവിശ്വാസങ്ങൾ മിക്കവയും ഇത്തരത്തിലുള്ളവയാണ്. ചിലതിൽ സത്യം കണ്ടെന്നു വരും; എന്നാൽ ഒട്ടുമിക്കവയും മനുഷ്യഭാവനയുടെ സൃഷ്ടികൾതന്നെ ആയിരിക്കും. എന്നാൽ അവ കൊണ്ടുനടക്കുന്നവർ അവയെ അനിഷേധ്യ സത്യങ്ങളായിത്തന്നെ പരിഗണിക്കും. സത്യമായ പാരമ്പര്യ വിശ്വാസങ്ങളെയും അസത്യമായ പാരമ്പര്യ വിശ്വാസങ്ങളെയും വ്യക്തമായി മനസ്സിലാക്കണമെങ്കിൽ അവയെ നന്നായി വിശകലനം ചെയ്ത് സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കണം.

## പത്രോസിന്റെ ക്രൂശുമരണം

പത്രോസിന്റെ രക്തസാക്ഷിമരണത്തെക്കുറിച്ച് നിലവിലിരിക്കുന്ന പാരമ്പര്യവിശ്വാസമനുസരിച്ച് തന്റെ നാഥൻ ക്രൂശിക്കപ്പെട്ട വിധത്തിൽ ക്രൂശിക്കപ്പെടുവാനുള്ള യോഗ്യത തനിക്കില്ലാത്തതിനാൽ തലകീഴായി തന്നെ ക്രൂശിക്കണമെന്ന് അദ്ദേഹം അധികാരികളോട് അഭ്യർത്ഥിക്കുകയും അതിൻപ്രകാരം തലകീഴായി അദ്ദേഹം ക്രൂശിക്കപ്പെടുകയും ചെയ്തു.

ഈ പാരമ്പര്യ വിശ്വാസം ശരിയായിരിക്കണമെങ്കിൽ യേശു ചെയ്യുന്ന ഒരു കാര്യം അതേവിധത്തിൽ ചെയ്യുന്നത് യേശുവിന്റെ നിലവാരത്തിലേക്ക് തന്നെത്തന്നെ ഉയർത്തുന്ന പ്രവൃത്തിയാണെന്നും അതു പാടില്ലാത്ത കാര്യമാണെന്നുമുള്ള ചിന്താഗതി പത്രോസിൽ കാണപ്പെടണം. യേശു ഒരു പ്രവൃത്തി ചെയ്യുന്നതിൽനിന്ന് അല്പമെങ്കിലും വ്യത്യസ്തമായി ചെയ്യുന്നതിന് പത്രോസ് ശ്രമിക്കുക പതിവായിരുന്നു എങ്കിൽ ഈ ചിന്താഗതി അദ്ദേഹത്തിനുണ്ടായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. എന്നാൽ പത്രോസിന്റെ ആഗ്രഹവും അദ്ദേഹത്തിന്റെ ചിന്താഗതിയും എന്തായിരുന്നുവെന്ന്, യേശുവിനെ അനുകരിച്ച് അദ്ദേഹവും കടലിന്മീതെ നടന്ന സംഭവത്തിൽ (മത്തായി 14:22, 23) നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. തിരമാലകളിൽ പെട്ട് ശിഷ്യന്മാരുടെ വഞ്ചി വല്ലാതെ ഉലഞ്ഞുകൊണ്ടിരുന്നപ്പോൾ, രാത്രിയുടെ നാലാം യാമത്തിൽ യേശു കടലിന്മീതെ നടന്നുകൊണ്ട് ആ വഞ്ചിയുടെ അടുത്തേക്ക് ചെന്നു. ആദ്യം ശിഷ്യന്മാർ പരിഭ്രമിച്ചു ഭയപ്പെട്ട് ഭൂതം എന്ന് പറഞ്ഞ് നിലവിളിച്ചെങ്കിലും യേശുവിന്റെ ശബ്ദം തിരിച്ചറിഞ്ഞപ്പോൾ അവരുടെ ഭയം മാറി. അപ്പോൾ പത്രോസ്, “കർത്താവേ, അങ്ങാണെങ്കിൽ ഞാൻ ജലത്തിന്മീതെകൂടി അങ്ങയുടെ അടുത്തേക്ക് വരാൻ കല്പിക്കുക” എന്ന് അപേക്ഷിച്ചു (മത്തായി



14:28). അപ്പോൾ “വരൂ” എന്ന് യേശു പറഞ്ഞു. “പത്രോസ് വഞ്ചിയിൽ നിന്നിറങ്ങി വെള്ളത്തിന് മുകളിലൂടെ യേശുവിന്റെ അടുത്തേക്ക് നടന്നുചെന്നു”. (മത്തായി 14:28,29)

ഇവിടെ നാം കാണുന്നത് യേശു എന്ത് ചെയ്തുവോ, അത് അതുപോലെ തന്നെ ചെയ്യുവാൻ പത്രോസ് ആഗ്രഹിച്ചു എന്നാണ്. അങ്ങനെ ചെയ്യാൻ താല്പര്യപ്പെടുന്ന സ്വഭാവമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. യേശു ചെയ്യുന്നത് അതുപോലെ ചെയ്യുവാൻ കഴിയണമെന്ന ആഗ്രഹം മറ്റു ശിഷ്യന്മാർക്കുണ്ടായിരുന്നതിനേക്കാൾ കൂടുതൽ പത്രോസിനുണ്ടായിരുന്നു എന്നും ഈ സംഭവം തെളിയിക്കുന്നു. കാരണം പത്രോസ് യേശുവിനെ അനുകരിക്കാൻ ശ്രമിച്ചതുപോലെ മറ്റുള്ളവരാരും ശ്രമിച്ചതായി കാണുന്നില്ല. പത്രോസ് ക്രൂശ്മരണത്തിന്റെ കാര്യത്തിലും കൃത്യമായി യേശുവിനെ അനുകരിക്കാൻ-യേശു ക്രൂശിക്കപ്പെട്ടതുപോലെ തന്നെ ക്രൂശിക്കപ്പെടണം എന്ന് ആഗ്രഹിച്ചിരിക്കാൻ - ആണ് സാധ്യതയുള്ളത്. നേരെ മറിച്ച് ആഗ്രഹിക്കാൻ സാധ്യത ഇല്ല. എന്നാൽ, വെള്ളത്തിനു മീതെ നടക്കുന്ന കാര്യത്തിൽ പത്രോസ് യേശുവിനോട് “നാഥാ, എനിക്കും വെള്ളത്തിന്മീതെ നടക്കണം, എന്നാൽ അങ്ങ് തിരമാലയിന്മീതെ നടക്കുന്ന അതേ വിധത്തിൽ നടക്കാൻ എനിക്ക് യോഗ്യതയില്ലല്ലോ; അതുകൊണ്ട് ഈ തിരമാലയുടെ മീതെ മുട്ടിന്മേൽ അല്പം നടക്കുവാനോ നിൽക്കുവാനോ എന്നെ പ്രാപ്തിപ്പെടുത്തേണമേ എന്ന് അപേക്ഷിച്ചിരുന്നെങ്കിൽ, ക്രൂശീകരണത്തിന്റെ കാര്യത്തിലും വ്യത്യസ്തമായ ഒരു രീതി അദ്ദേഹം ആഗ്രഹിച്ചുകാണും എന്നു വിചാരിക്കാൻ നമുക്ക് ന്യായം കിട്ടുമായിരുന്നു. എന്നാൽ, കഴിയുന്നിടത്തോളം യേശുവിനോടുകൂടെ എപ്പോഴും നടക്കാനും യേശുവിനെ

കൃത്യമായും പൂർണ്ണമായും അനുകരിക്കാനും ആഗ്രഹിച്ച പത്രോസിനെയാണ് സുവിശേഷങ്ങളിൽ കാണുന്നത്. അങ്ങനെ ആഗ്രഹിക്കുന്നത് യേശുവിനോടുള്ള ഒരു അനാദരവ് ആണെന്ന് അദ്ദേഹം ചിന്തിച്ചതായി യാതൊരുഭാഗത്തും കാണുന്നില്ല. അതിനാൽ യേശു ക്രൂശിക്കപ്പെട്ടതിന്റെ വിപരീതമായ വിധത്തിൽ തലകീഴായി ക്രൂശിക്കപ്പെടണം എന്ന് അദ്ദേഹം അപേക്ഷിച്ചെന്നും ആ അപേക്ഷ സ്വീകരിക്കപ്പെട്ടെന്നും ഉള്ള പാരമ്പര്യവിശ്വാസം തികച്ചും യുക്തിവിരുദ്ധവും അവിശ്വസനീയവുമാണെന്ന് പറയേണ്ടിയിരിക്കുന്നു.

## യോസേഫിനെക്കുറിച്ചുള്ള വിശ്വാസം

യേശുവിന്റെ അമ്മയായ കന്യകമറിയത്തെ ദൈവകല്പനപ്രകാരം വിവാഹം ചെയ്ത യോസേഫ് നിത്യ ബ്രഹ്മചാരിയായി ജീവിച്ചു എന്നും മറിയമിൽനിന്ന് യോസേഫിന് മക്കൾ ജനിച്ചില്ല എന്നുമാണ് റോമൻ കത്തോലിക്കാ സഭയുടെ പാരമ്പര്യ വിശ്വാസം. യോസേഫും മറിയമും എപ്രകാരമുള്ള കുടുംബജീവിതമാണ് നയിച്ചതെന്ന് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ആ വേദഭാഗങ്ങളാണ് അവരെക്കുറിച്ചുള്ള വസ്തുതകൾ മനസ്സിലാക്കുന്നതിനാധാരമായി നാം പരിഗണിക്കേണ്ടത്. അവിടെ പറഞ്ഞിരിക്കുന്നതിനു വിരുദ്ധമായി യാതൊന്നും വിശ്വസിക്കാനിടവരാതെ നാം സൂക്ഷിക്കുകയും ചെയ്യണം.

ഗർഭിണിയായ മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ മടിച്ച് അവളെ രഹസ്യത്തിൽ ഉപേക്ഷിക്കാൻ ആഗ്രഹിച്ച യോസേഫിനോട് കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞത്, "... ദാവീദിന്റെ പുത്രനായ യോസേഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ



ശങ്കിക്കേണ്ട, അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്.... ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന് കർത്താവിന്റെ ദൂതൻ കൽപ്പിച്ചതുപോലെ പ്രവർത്തിച്ചു. അവൻ തന്റെ ഭാര്യയെ, സ്വീകരിച്ചു; പുത്രനെ പ്രസവിക്കുന്നതുവരെ അവൻ അവളെ അറിഞ്ഞില്ല..." (മത്തായി 1 : 20–25) എന്നായിരുന്നു. 'അവൻ അവളെ അറിഞ്ഞില്ല' എന്നു പറഞ്ഞിരിക്കുന്നതിനർത്ഥം 'ഭാര്യ എന്ന നിലയിൽ അവളുമായി ശരീരബന്ധം പുലർത്തിയില്ല' എന്നാണെന്ന് സന്ദർഭത്തിൽ നിന്ന് മനസ്സിലാക്കാം. ഈ വേദഭാഗത്തു നിന്ന് മനസ്സിലാക്കേണ്ടത്, കർത്താവിന്റെ കല്പനപ്രകാരം ജോസഫ് മറിയത്തെ ഭാര്യയായി സ്വീകരിച്ചു; എന്നാൽ യേശുവിന്റെ ജനനത്തിനുശേഷം മാത്രമേ അവൻ അവളുമായി ഭാര്യ എന്ന നിലയിൽ ശരീരബന്ധം പുലർത്തിയുള്ളു എന്നാണ്. "പുത്രനെ പ്രസവിക്കുന്നതുവരെ അവൻ അവളെ അറിഞ്ഞില്ല എന്നു പറഞ്ഞാൽ പുത്രനെ പ്രസവിച്ചശേഷം അവൻ അവളെ അറിഞ്ഞു" എന്ന് അർത്ഥം വരികയില്ല എന്ന് ചില പണ്ഡിതന്മാർ ചിന്തിക്കുന്നുണ്ട്. അവരുടെ ഈ ചിന്താഗതി ശരിയാണെങ്കിൽ "അവനു പനി പിടിച്ചു, പനി മാറുന്നതുവരെ അവൻ കുളിച്ചില്ല" എന്ന് പറഞ്ഞാൽ പനി മാറിക്കഴിഞ്ഞ് അവൻ കുളിച്ചു എന്ന് ചിന്തിക്കുവാൻ പാടില്ല. "ക്ലാസ്സിന്റെ ആരംഭം മുതൽ അവസാനം വരെ ആ കുട്ടി ആരോടും ഒന്നും സംസാരിക്കാതെ അദ്ധ്യാപകൻ പറഞ്ഞതെല്ലാം ശ്രദ്ധിച്ചുകേട്ടു" എന്നു പറഞ്ഞാൽ ക്ലാസ് അവസാനിച്ചിട്ടും ആ കുട്ടി ആരോടും സംസാരിച്ചില്ല എന്നർത്ഥമെടുക്കണം. ഈ വിധത്തിൽ ചിന്തിക്കുന്നത് തികച്ചും യുക്തിവിരുദ്ധമല്ലേ? സാധാരണയായി സംഭവിക്കുന്ന ഒരു കാര്യം ഒരു പ്രത്യേക സമയം വരെ സംഭവിച്ചില്ല എന്നു പറഞ്ഞാൽ, ആ സമയം കഴിഞ്ഞശേഷം അതു സംഭവിക്കാൻ തുടങ്ങി

എന്നു തന്നെയാണർത്ഥം. "ആ ശിശുവിന് എട്ടുമാസം പ്രായമാകുന്നതുവരെ പല്ലു മുളച്ചില്ല" എന്നു പറഞ്ഞാൽ എട്ടുമാസം പ്രായമായിക്കഴിഞ്ഞപ്പോൾ പല്ലുമുളച്ചു എന്നാണർത്ഥം. "നോമ്പുകാലം കഴിയുന്നതുവരെ അയാൾ മാംസവും മത്സ്യവും ഭക്ഷിച്ചില്ല" എന്നു പറഞ്ഞാൽ നോമ്പുകാലം കഴിഞ്ഞപ്പോൾ അയാൾ മാംസവും മത്സ്യവും ഭക്ഷിച്ചുതുടങ്ങി എന്നാണർത്ഥം. അതുപോലെതന്നെ യേശുവിന്റെ ജനനം കഴിയുന്നതുവരെ യോസേഫ് തന്റെ ഭാര്യ മറിയയുമായി ശരീരബന്ധം പുലർത്തിയില്ല എന്നുപറഞ്ഞാൽ അതു കഴിഞ്ഞ് അവൻ ശരീരബന്ധം പുലർത്തിക്കൊണ്ടു ജീവിച്ചു എന്നാണ് അർത്ഥം. കൂടാതെ, ജോസഫിനോട് കർത്താവിന്റെ ദൂതൻ പറഞ്ഞ "മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട" എന്ന വാക്കുകൾ തെളിയിക്കുന്നത്, മറിയം ജോസഫിനോടൊപ്പം താമസിച്ചത് കന്യകയായിട്ടല്ല, ജോസഫിന്റെ ഭാര്യയായിത്തന്നെ ആയിരുന്നു എന്നാണ്. അതായത് ഭാര്യാഭർത്തൃബന്ധത്തെക്കുറിച്ച് വചനത്തിൽ നൽകപ്പെട്ടിരിക്കുന്ന പ്രമാണ[1]മനുസരിച്ച് പരസ്പരം ശരീരബന്ധം പുലർത്തി 'ഏകശരീരമായി'ത്തീർന്നു തന്നെയാണ് അവർ ദാമ്പത്യജീവിതം നയിച്ചതെന്നതിനു സംശയമില്ല; കാരണം, അങ്ങനെ ചെയ്യാനായിരുന്നു കർത്താവിന്റെ ദൂതൻ ജോസഫിനോടു കൽപ്പിച്ചത്. അതിനാൽ, ജോസഫ് ബ്രഹ്മചാരിയായിട്ടാണ് കുടുംബജീവിതം നയിച്ചതെന്നുള്ള ചില സഭകളിലെ പഠിപ്പിക്കൽ തികച്ചും അടിസ്ഥാനരഹിതവും വചനവിരുദ്ധവുമായ ഒരു പാരമ്പര്യവിശ്വാസമാണ്.

1. "സ്രഷ്ടാവ് ആദിമുതലേ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു എന്നും, ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ടു ഭാര്യയോടു ചേർന്നിരിക്കും, അവർ ഇരുവരും ഏകശരീരമായിത്തീരും എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടെന്നും നിങ്ങൾ വായിച്ചിട്ടില്ലേ? തന്മൂലം, പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും" മത്തായി 19:5.



## "ഇതാ നിന്റെ മകൻ"

യേശു ക്രൂശിൽ തറയ്ക്കപ്പെട്ടതിനുശേഷം തനിക്കു പ്രിയങ്കരനായിരുന്ന ശിഷ്യൻ യോഹന്നാനെ[2]പ്പറ്റി അമ്മയായ മറിയത്തോട്, "സ്ത്രീയേ, ഇതാ നിന്റെ മകൻ" എന്നും മറിയത്തെപ്പറ്റി യോഹന്നാനോട്, "ഇതാ നിന്റെ അമ്മ" എന്നും പറഞ്ഞതായി വചനത്തിൽ (യോഹ. 19:25-27) നാം കാണുന്നു. അതിനെത്തുടർന്ന്, യോഹന്നാൻ മറിയത്തെ തന്റെ അമ്മയെപ്പോലെ തന്നെ കരുതി തന്റെ ഭവനത്തിലേക്കു സ്വാഗതം ചെയ്തു എന്നു നാം വായിക്കുന്നു. ഇപ്രകാരം മറിയത്തോടും യോഹന്നാനോടും യേശു സംസാരിച്ചത് മറിയത്തിനു സ്വന്തം മക്കൾ വേറെ ഇല്ലാത്തതിനാലായിരുന്നുവെന്ന് ചിലർ വാദിക്കുന്നുണ്ട്. ഇതു സത്യമായിരിക്കുന്നതിനുള്ള സാധ്യത നാം കാണുന്നെങ്കിൽ അക്കാര്യം നാം അംഗീകരിക്കേണ്ടതാണ്. അതിനാൽ ഈ വേദാഗവും അതിനോടു ബന്ധപ്പെട്ട മറ്റു ഭാഗങ്ങളും സൂക്ഷ്മമായി നാം പരിശോധിക്കേണ്ടിയിരിക്കുന്നു.

ആദ്യമായി, മറിയാമിന് യേശു ഒഴികെ വേറെ മക്കളാരുമുണ്ടായിരുന്നില്ല എന്നും അതുകൊണ്ട് യേശുവിന്റെ മരണവും ഉയിർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും കഴിഞ്ഞാൽ പിന്നെ തന്റെ മാതാവിനെ സംരക്ഷിക്കുന്ന ചുമതല തനിക്കു നിർവ്വഹിക്കാൻ കഴിയാതെ വരുമെന്നതിനാൽ ആ ചുമതല കുരിശിൽ വെച്ച് തന്റെ ഒരു വിശ്വസ്ത ശിഷ്യനെ ഏല്പിക്കുകയാണ് ചെയ്തത് എന്നും നമുക്ക് സങ്കല്പിക്കാം. ഇപ്രകാരം ചിന്തിക്കുമ്പോൾ, മറിയയെ സംരക്ഷിക്കുന്ന

2. "യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ" എന്ന് വചനത്തിൽ കാണുന്നതു മിക്കവാറും യോഹന്നാനെ ഉദ്ദേശിച്ചാണ് എന്ന് ബന്ധപ്പെട്ട വേദഭാഗങ്ങൾ (മത്തായി 17:1-2; യോഹ. 21:7; 21:20) എടുത്തു പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയും.

തിനു മനസ്സും ചുമതലയുമുള്ള സ്വന്തം കുടുംബാംഗങ്ങൾ ആരുമു ണ്ടായിരുന്നില്ല, അതിനാലാണ് ബന്ധമില്ലാത്ത അന്യനായ ഒരാളെ ആ ചുമതല ഏൽപ്പിച്ചത് എന്ന് ചിന്തിക്കേണ്ടി വരുന്നു. അങ്ങനെ ചിന്തി ക്കുന്നത് മറിയയുടെ കുടുംബത്തെക്കുറിച്ചും ബന്ധുക്കളെക്കുറിച്ചും യേശുവിന്റെ സഹാദരന്മാരെക്കുറിച്ചും വചനത്തിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾക്കനുസൃതമാണോ? സ്നാപകയോഹന്നാന്റെ അമ്മ എലീസബത്ത് മറിയയുടെ ചാർച്ചക്കാരി ആയിരുന്നെന്നും മറിയം യേശുവിനെ ഗർഭം ധരിച്ചതിനെത്തുടർന്ന് അവളുടെ വീട്ടിൽചെന്ന് മൂന്നുമാസം അവളോടൊപ്പം താമസിച്ച ശേഷമാണ് സ്വന്തഭവനത്തി ലേക്ക് പോയത് എന്നും ലൂക്കാ 1 : 36; 1 : 55–56 എന്നീ വാക്യങ്ങളിൽ നാം വായിക്കുന്നു. ജനക്കൂട്ടത്തോട് യേശു സംസാരിച്ചുകൊണ്ടുനിന്ന ഒരു സന്ദർഭത്തിൽ അവന്റെ "അമ്മയും സഹോദരരും അവനോടു സംസാരിക്കാൻ ആഗ്രഹിച്ച് പുറത്തു നിന്നു" എന്ന് മത്തായി 12 : 46–ൽ നാം കാണുന്നു. കാനായിലെ ബന്ധുവീട്ടിൽ വിവാഹവിരു ന്നിനു ചെന്നപ്പോൾ ആ വീട്ടുകാർ അവിടത്തെ കലവറയും അവി ടത്തെ ജോലിക്കാരെയും മറിയയുടെ നിയന്ത്രണത്തിന് ഏല്പിച്ചു കൊ ടുത്തു എന്ന് യോഹന്നാൻ 2 : 1–11 വരെ വാക്യങ്ങളിൽ വ്യക്തമാക്ക പ്പെട്ടിരിക്കുന്നു. മർക്കോസ് 6 : 3–ൽ പേരെടുത്തു പറയപ്പെട്ടിരിക്കുന്ന യേശുവിന്റെ സഹോദരന്മാർ യേശുവിന്റെ ക്രൂശീകരണത്തിനും സ്വർഗ്ഗാരോഹണത്തിനും ശേഷം മറിയയോടൊപ്പം മറ്റു ശിഷ്യന്മാരോ ടുകൂടെ പ്രാർത്ഥന കഴിച്ചുപോന്നു എന്ന് അപ്പ. പ്രവ: 1:14ൽ കാണു ന്നു. ഇതെല്ലാം തെളിയിക്കുന്നത്, മറിയത്തെ വളരെയധികം സ്നേഹി ച്ചിരുന്ന നിരവധി ബന്ധുമിത്രാദികൾ അവൾക്കുണ്ടായിരുന്നു എന്നും യേശു അവളെ വിട്ടുപിരിഞ്ഞാൽ പിന്നെ അവളെ നോക്കാൻ ആരു മില്ലാത്ത ഗതികെട്ട അവസ്ഥ അവൾക്കുണ്ടാകുന്ന സാഹചര്യം ഒട്ടുമേ



ഇല്ലായിരുന്നു എന്നുമാണ്. ഇനി എന്തെങ്കിലുംകാരണവശാൽ അവ ളുടെ സംരക്ഷണച്ചുമതല ആരെയെങ്കിലും പ്രത്യേകമായി ഏൽപ്പി ക്കേണ്ട ആവശ്യമുണ്ടെന്ന് യേശുവിനു തോന്നിയെന്നു വിചാരിക്കുക; എങ്കിൽതന്നെ, അത് ഏല്പിക്കേണ്ടത് സ്വന്തകുടുംബത്തിൽ പെട്ട ആരെയെങ്കിലും ആയിരുന്നില്ലേ? മറിയയോടുകൂടെ നടക്കുന്ന, അവ ളോടൊപ്പം തന്നെ കാണാൻ വന്ന സഹോദരന്മാർ (അവർ സ്വന്ത സഹോദരന്മാരല്ലായിരുന്നു എന്നുതന്നെ സങ്കല്പിക്കുക) യേശുവിനു ണ്ടായിരുന്ന സാഹചര്യത്തിൽ അവളെ സംരക്ഷിക്കുന്ന ചുമതല അവ രിൽ നിന്നെടുത്ത് അവൾക്കു ബന്ധമില്ലാത്ത ഒരു അന്യവ്യക്തിയെ ഏല്പിക്കേണ്ട ആവശ്യം ഇല്ലായിരുന്നല്ലോ. അപ്പോൾ പിന്നെ എന്തു കൊണ്ട് മറിയയുടെ സംരക്ഷണചുമതല സ്വന്തക്കാരിൽ നിന്നെടുത്ത് സ്വന്തക്കാരനല്ലാതിരുന്ന ഒരു അന്യനു കൊടുത്തു എന്ന ചോദ്യത്തിനു തൃപ്തികരമായ വല്ല മറുപടിയുമുണ്ടോ? ഇല്ലെന്നതാണ് സത്യം. ഇതി നർത്ഥം മറിയമിനെ സംരക്ഷിക്കുന്നതിന് ആരുമില്ലാത്ത അവസ്ഥയു ണ്ടായി എന്നും അപ്പോൾ ആ ചുമതല യേശു തന്റെ ശിഷ്യനെ ഏല്പി ച്ചതാണ് എന്നും നാം സങ്കല്പിച്ചതു ശരിയല്ല എന്നാണ്.

## ശരിയായ അർത്ഥം

ജോസഫും മറിയമും ശിശുവായിരുന്ന യേശുവിനെ യെരു ശലേം ദേവാലയത്തിലേക്കു കൊണ്ടുചെന്നപ്പോൾ ശിമയോൻ യേശു വിനെ കയ്യിലെടുത്ത് ദൈവത്തെ സ്തുതിക്കുകയും അവരെ അനുഗ്ര ഹിക്കുകയും ചെയ്തുവെന്ന് ലൂക്കാ 2 : 25–35 വരെ വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു. സകല ജനത്തിന്റെയും രക്ഷ യേശുവിന്റെ ക്രൂശുമരണം മുഖേനയാണ് സാധിക്കാൻ പോകുന്നതെന്നും ഹൃദയ ഭേദകമായ ആ സംഭവത്തിന് മറിയം ദൃക്സാക്ഷിയായിരിക്കുമെന്നും

സൂചന നൽകിക്കൊണ്ട് പരിശുദ്ധാത്മാവ് ആ സന്ദർഭത്തിൽ ശിമെയോനെക്കൊണ്ട് അവളോടു പറയിച്ചത്, "ഇവൻ ഇസ്രായേലിൽ പലരുടേയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. . . . . നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും" എന്നായിരുന്നു. ഈ പ്രവചനം ക്രൂശിൽ കൃത്യമായി നിറവേറി. യേശു ക്രൂശിക്കപ്പെടുമ്പോൾ അവന്റെ "കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേന മറിയവും നിൽക്കുന്നുണ്ടായിരുന്നു" എന്ന് യോഹന്നാൻ 19 : 25-ൽ പറഞ്ഞിരിക്കുന്നു. തന്റെ ആദ്യജാതന്റെ കൈകാലുകൾ കുരിശോടു ചേർത്തു തറെക്കപ്പെട്ടിരിക്കുന്ന കാഴ്ച കണ്ടു ഹൃദയം പിളർക്കപ്പെട്ട മറിയത്തെ ആണ് ക്രൂശിനരികെ നാം കാണുന്നത്. അവളുടെ ഹൃദയത്തിന് അല്പമെങ്കിലും ആശ്വാസം നൽകുവാൻ പര്യാപ്തമായ വാക്കുകൾ അവളോടു പറയുവാൻ യേശു ആഗ്രഹിച്ചു. താൻ ശിഷ്യന്മാരോട്, മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേൽക്കുമെന്നു പറഞ്ഞിരുന്നെങ്കിലും ആ വാക്കുകൾ മറിയമിനോടു പറഞ്ഞില്ല; കാരണം ഉയിർത്തെഴുന്നേൽപ്പിനുശേഷം താൻ സ്വർഗ്ഗാരോഹണം ചെയ്യേണ്ടതാണെന്നും അതിനാൽ തന്റെ മാതാവുമായി അതുവരെ തനിക്കുണ്ടായിരുന്ന ബന്ധം അതേ വിധത്തിൽ പിന്നീടൊരിക്കലും ഉണ്ടായിരിക്കയില്ലെന്നും തനിക്കറിയാമായിരുന്നു. അതിനാൽ തന്റെ പുത്രൻ തനിക്കു നഷ്ടപ്പെടുന്നതു മൂലമുണ്ടാകുന്ന ദുഃഖവുമായി പൊരുത്തപ്പെടാൻ മറിയമിനെ സഹായിക്കുന്ന ചില വാക്കുകളാണ് ആ സന്ദർഭത്തിൽ പറയാൻ യേശു ആഗ്രഹിച്ചത്; അവ തന്നെയാണ് പറഞ്ഞതും. സ്വന്തം സഹോദരന്മാരും ശിഷ്യന്മാരും തന്നെ ഉപേക്ഷിച്ച്, ഭയചകിതരായി ഓടിമറഞ്ഞ രംഗമായിരുന്നു അത്. എന്നാൽ ശിഷ്യന്മാരിൽ ഒരുവൻ മാത്രം "പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്ക്കരിക്കുന്നു" (1 യോഹ. 4:18) എന്ന സത്യം തെളിയിച്ചുകൊണ്ടെന്നോണം ആ കുരിശിനു സമീപം നിന്നിരുന്നു. യോഹന്നാൻ എന്ന ആ മനുഷ്യനെക്കുറിച്ചാണ് യേശു മറിയമിനോട്, "സ്ത്രീയേ, ഇതാ നിന്റെ മകൻ" എന്ന് പറഞ്ഞത്. പ്രവൃത്തിയിലൂടെ യോഹന്നാൻ തെളിയിച്ച വസ്തുത യേശുവിനെ തന്റെ സ്വന്തജീവനെപ്പോലെ തന്നെ സ്നേഹിച്ചു എന്നതായിരുന്നു. തന്റെ ഇഷ്ടം എന്താണെങ്കിലും അതു പൂർണ്ണമായി യോഹന്നാൻ അനുസരിക്കും എന്ന് യേശു അറിഞ്ഞിരുന്നു. അതിനാൽ തനിക്കു പകരം നിൽക്കുന്നവൻ എന്ന നിലയിൽ യോഹന്നാനെ തന്റെ അമ്മയ്ക്കു വീക്ഷിക്കുവാൻ കഴിയും, നഷ്ടപ്പെട്ട മകനുപകരം അവനെപ്പോലെ നല്ലവനായ മറ്റൊരു മകനെ ലഭിച്ചിരിക്കുന്നു എന്ന് മറിയമിന് ആശ്വസിക്കാൻ കഴിയും, അങ്ങനെ ചിന്തിച്ച് അവൾ ആശ്വാസം പ്രാപിക്കണം എന്ന അർത്ഥത്തിലാണ്, യോഹന്നാനെക്കുറിച്ച്, "സ്ത്രീയേ ഇതാ നിന്റെ മകൻ" (സ്ത്രീയേ ഇപ്പോൾ നിനക്കു നഷ്ടപ്പെട്ടിരിക്കുന്ന നിന്റെ മകനുപകരം ഇവനെ നിനക്കു മകനായി ഞാൻ നൽകുന്നു) എന്ന് യേശു പറഞ്ഞത്. യോഹന്നാനോട്, "ഇതാ നിന്റെ അമ്മ" എന്നു പറഞ്ഞത്, "യോഹന്നാനേ നീ എന്നെ നിന്റെ ജീവനെപ്പോലെ സ്നേഹിക്കുന്നു എന്നും എന്നെ നീ പൂർണ്ണമായി അനുസരിക്കുമെന്നും ഞാൻ അറിയുന്നു; അതിനാൽ എന്റെ അമ്മയ്ക്കുണ്ടായിരിക്കുന്ന പുത്രനഷ്ടം നീ അവൾക്കു നികത്തിക്കൊടുക്കണം, അവൾ നിനക്ക് അമ്മയായും നീ അവൾക്കു മകനായും ഇരിക്കണം എന്നു ഞാൻ നിന്നോടു കൽപ്പിക്കുന്നു" എന്ന അർത്ഥത്തിലായിരുന്നു. ചുരുക്കത്തിൽ മറിയമിന് പുത്രനഷ്ടം മൂലമുണ്ടായ ദുഃഖത്തിന് ആശ്വാസം ലഭിക്കാൻ വേണ്ടി അവൾക്ക് മറ്റൊരു മകനെ പകരം നൽകുന്ന പ്രവൃത്തിയാണ് യേശുവിന്റെ "സ്ത്രീയേ, ഇതാ നിന്റെ മകൻ" എന്ന വാക്കുകളിൽ നാം കാണുന്നത്. യേശു

ക്രൂശിക്കപ്പെട്ടപ്പോൾ മറിയം അനാഥയായിപ്പോയി, അവളെ സംരക്ഷിക്കാൻ ആരുമില്ലാതെയായി, അതിനാൽ മരിക്കുന്നതിനു മുമ്പ് അവളെ സംരക്ഷിച്ചുകൊള്ളണമെന്ന നിർദ്ദേശം ശിഷ്യന്മാരിലൊരുവന് യേശു നൽകി എന്ന ആശയം മേൽപ്പറഞ്ഞ വാക്യത്തിലുണ്ടെന്നു ചിന്തിക്കുന്നത് മറിയമിനെയും അവളുടെ സകല ബന്ധുജനങ്ങളെയും അധിക്ഷേപിക്കുന്ന പ്രവൃത്തിയാണ്; വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സത്യങ്ങളുമായി പൊരുത്തപ്പെടുന്ന വ്യാഖ്യാനമല്ല അത്. അതിനാൽ ഈ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ മറിയമിന് യേശുവിനെക്കൂടാതെ വേറെ മക്കളുണ്ടായിരുന്നില്ല എന്നു പറയുന്നത് ഒരബദ്ധചിന്തയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്ന മറ്റൊരബദ്ധചിന്ത മാത്രമാണ്.

## മറിയത്തിന്റെ മക്കൾ

യേശുവിനെ കൂടാതെ വേറെ ആറുമക്കളെങ്കിലും മറിയയ്ക്കു ജനിച്ചു എന്ന് വചനത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. യേശുവിന്റെ വാക്കുകേട്ട ആളുകൾ അവന്റെ ജ്ഞാനത്തെക്കുറിച്ച് അതിശയിച്ചുകൊണ്ട് "ഇവനു കിട്ടിയ ഈ ജ്ഞാനം എന്ത്? ഇവൻ മറിയത്തിന്റെ മകനും യാക്കോബ്, യോസെ, യൂദാസ്, ശിമയോൻ എന്നിവരുടെ സഹോദരനുമായ മരപ്പണിക്കാരനല്ലേ? ഇവന്റെ സഹോദരിമാരും നമ്മുടെ കൂടെയില്ലേ? എന്നു ചോദിച്ചു (മാർക്കോസ് 6:2, 3). ഇവിടെ പറയുന്ന സഹോദരന്മാരും സഹോദരിമാരും യേശുവിന്റെ സ്വന്തം സഹോദരന്മാരും സഹോദരിമാരും അല്ലായിരുന്നു എങ്കിൽ അവർക്കില്ലാതിരുന്ന ജ്ഞാനവും ബുദ്ധിയും യേശുവിൽ കാണപ്പെട്ടതിൽ ആ ജനത്തിന് അത്ഭുതം തോന്നുമായിരുന്നില്ല. യേശുവിന് സഹോദരിമാർ ഉണ്ടായിരുന്നുവെന്ന് ഇവിടെ പറയുന്നതിനാൽ കുറഞ്ഞത് രണ്ടു സഹോദരിമാരെങ്കിലും ഉണ്ടായിരുന്നുവെന്ന് വ്യക്തമാണ്. സഹോദരന്മാർ നാലുപേരുടെ പേരുകൾ ഇവിടെ പ്രത്യേകം പറ



ഞ്ഞിരിക്കുന്നു. അതിനാൽ യേശുവിന് ജന്മം നൽകിയശേഷം മറിയം യോസേഫ് മുഖാന്തരം ആറുമക്കൾക്കെങ്കിലും ജന്മം നൽകി എന്നല്ലേ നാം മനസ്സിലാക്കേണ്ടത്? സഹോദരന്മാർ എന്നും സഹോദരിമാർ എന്നും ഈ ഭാഗത്ത് പറഞ്ഞിരിക്കുന്നത് സ്വന്തം സഹോദരന്മാരെയും സഹോദരിമാരെയും കുറിച്ചായിരിക്കില്ല എന്നൊരു ന്യായം പറയാൻ ചിലർ ശ്രമിക്കുന്നുണ്ട്. എന്നാൽ അത് ഒട്ടും ശരിയായ ന്യായമല്ല. കാരണം സ്വന്തം സഹോദരന്മാർക്കും സഹോദരിമാർക്കും ഇല്ലാത്ത ജ്ഞാനവും കഴിവുകളും യേശുവിന് ഉണ്ടാകാൻ കാരണമെന്ത്? എന്ന് ആ ജനം അത്ഭുതപ്പെട്ടു എന്നാണ് വേദഭാഗത്തിന്റെ സന്ദർഭം വ്യക്തമാക്കുന്നത്. അതിനാൽ സ്വന്തം മാതാവിൽ നിന്നു ജനിച്ച സഹോദരന്മാരെയും സഹോദരിമാരെയും കുറിച്ചു തന്നെയാണ് ഇവിടെ പറഞ്ഞിരിക്കുന്നത് എന്നതിനു സംശയമില്ല. കൂടാതെ മശിഹാ സങ്കീർത്തനം എന്ന പേരിൽ അറിയപ്പെടുന്നതും യേശുവിന്റെ ക്രൂശിലെ കഷ്ടാനുഭവങ്ങൾ പ്രവചനരൂപത്തിൽ വിവരിക്കുന്നതുമായ 69-ാം സങ്കീർത്തനത്തിൽ, എല്ലാവരാലും കൈവിടപ്പെട്ട് ക്രൂശിൽ ഘോരമരണം സഹിക്കുന്ന മശിഹായുടെ അനുഭവമായി പറഞ്ഞിരിക്കുന്നത് "എന്റെ സഹോദരർക്കു ഞാൻ അപരിചിതനും എന്റെ അമ്മയുടെ മക്കൾക്ക് ഞാൻ അന്യനുമായിത്തീർന്നു" (8-ാം വാക്യം) എന്നാണ്. തന്റെ സ്വന്തം അമ്മയുടെ മക്കൾ പോലും തന്നെ കൈവിട്ടു എന്നു പറഞ്ഞിരിക്കുന്നതിൽ നിന്ന്, യേശുവിന്റെ അമ്മയ്ക്കു വേറെ മക്കളുണ്ടായിരുന്നു എന്ന വസ്തുത നിസ്സംശയം തെളിഞ്ഞിരിക്കുകയല്ലേ? ദൈവവചനത്തിലെ വസ്തുതകൾ ഇങ്ങനെയായിരിക്കുമ്പോൾ മറിയയും യോസേഫും നിത്യബ്രഹ്മചാരികളായും അതേസമയം ഭാര്യാഭർത്താക്കന്മാരായും ജീവിച്ചു എന്ന ദൈവവചനവിരുദ്ധവും യുക്തിവിരുദ്ധവുമായ കെട്ടുകഥ ചില സഭകൾ ഒരു പാരമ്പര്യവിശ്വാ

സമായി പഠിപ്പിച്ചുവരികയാണ്!

## മറിയയുടെ അമലോത്ഭവം

"മറിയത്തിന്റെ പരിപൂർണ്ണമായ പാപരാഹിത്യത്തിന്റെ മകുടമായി നീണ്ട പാരമ്പര്യത്തിൽ അവളുടെ അമലോത്ഭവവിശ്വാസം നിലകൊള്ളുന്നു" എന്ന് കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ 1987ൽ പ്രസിദ്ധീകരിച്ച "ക്രൈസ്തവ വിജ്ഞാനീയം" എന്ന ഗ്രന്ഥത്തിൽ (പേജ് 253) പറഞ്ഞിട്ടുണ്ട്. "ദൈവകൃപ നിറഞ്ഞവൾ" (ലൂക്കോസ് 1:28) എന്ന് ഗബ്രിയേൽ ദൂതൻ മറിയത്തെ വിശേഷിപ്പിച്ചതിൽനിന്ന്, അവൾക്ക് ജന്മപാപം ഇല്ലായിരുന്നു എന്ന് പാരമ്പര്യമായി ചില ക്രിസ്തീയ സമൂഹങ്ങൾ മനസ്സിലാക്കിയിരിക്കുകയാണ്. ഒരാൾക്ക് ദൈവത്തിന്റെ കൃപ (പ്രത്യേക സ്നേഹം) ലഭിച്ചു എന്നു പറഞ്ഞാൽ അയാൾക്കു ജന്മപാപം ഇല്ലെന്ന് വരുമോ? വരുമെങ്കിൽ അതിന് ന്യായമെന്താണ്? ആദാമിൽനിന്ന് ജനിക്കുന്ന സകല മനുഷ്യരും ജന്മപാപമുള്ളവരായിരിക്കുമ്പോൾ ഒരാൾ മാത്രം എങ്ങനെ ജന്മപാപം ഇല്ലാത്തവൾ ആയി? കന്യകമറിയാമും ആദാമിൽനിന്ന് ജനിച്ചവൾ തന്നെ ആണല്ലോ. ദൈവകൃപ ലഭിച്ച കന്യകമറിയം ജന്മപാപം ഇല്ലാത്തവൾ ആയിരുന്നെങ്കിൽ ദൈവകൃപ ലഭിച്ച നോഹയും (ഉല്പത്തി 6:8 നോക്കുക) ജന്മപാപം ഇല്ലാത്തയാൾ ആയിരുന്നില്ലേ? മറിയം ദൈവത്തെ തന്റെ "രക്ഷകൻ" (ലൂക്കാ 1:47) എന്നു വിളിച്ചതിന്റെ അർത്ഥം താൻ പാപത്തിനു വിധേയയായിരുന്നെന്നും, ദൈവം പാപത്തിന്റെ ശിക്ഷാവിധിയിൽ നിന്നു തന്നെ രക്ഷിക്കുന്നവൻ ആണെന്നുമല്ലേ? മനുഷ്യാവതാരം ചെയ്ത യേശുവിന് ജന്മപാപം ഇല്ലാതിരുന്നതിന്റെ കാരണം യേശു ആദാമിൽനിന്നല്ല, പിന്നെയോ പരിശുദ്ധാത്മാവിനാലാണ് ജനിച്ചത് എന്നുള്ളതായിരുന്നു (മത്തായി 1:18).



മറിയ ആ വിധത്തിൽ അല്ലല്ലോ ജനിച്ചത്. യേശുവിനെപ്പോലെ തന്നെയായിരുന്നു മറിയയും ജനിച്ചിരുന്നത് എങ്കിൽ അവൾക്ക് ജന്മപാപം (ആദാമ്യ പാപം) ഇല്ലായിരുന്നു എന്ന് പറയുവാൻ കഴിയുമായിരുന്നു. അവൾ ജനിച്ചത് ജന്മപാപം ഉണ്ടായിരുന്ന അവളുടെ മനുഷ്യപിതാവിൽ നിന്നു തന്നെ ആയിരുന്നതിനാൽ അവൾ അമലോത്ഭവ ആയിരുന്നില്ല, സാധാരണ ഏതൊരു മനുഷ്യസ്ത്രീയെയും പോലെ തന്നെ ജന്മപാപമുള്ളവൾ (പാപത്തിന്റെ ആധിപത്യത്തിൻ കീഴിൽ ജനിച്ചവൾ) ആയിരുന്നു. ഇതാണ് ദൈവവചനം വ്യക്തമാക്കുന്ന സത്യം. എന്നാൽ ചില സഭകൾ പഠിപ്പിക്കുന്ന (പാരമ്പര്യ) വിശ്വാസം ഈ ദൈവവചന സത്യത്തിന് കടകവിരുദ്ധമാണ്.

മറിയം ജന്മപാപരഹിതയായിരുന്നു എന്നു വിശ്വസിക്കുന്ന ചിലർ ഉന്നയിക്കുന്ന ഒരു വാദം ഇപ്രകാരമാണ്: മറിയയ്ക്കു ജന്മപാപം ഉണ്ടായിരുന്നെങ്കിൽ അവളിൽനിന്നു ജനിക്കുന്ന സന്തതിക്കും ജന്മപാപമുണ്ടായിരിക്കും, മറിയമിൽ നിന്നു ജനിച്ച യേശുവിനു ജന്മപാപമില്ലാത്തതിനാൽ യേശുവിന്റെ അമ്മയായിരുന്ന അവൾക്കും ജന്മപാപം ഉണ്ടായിരുന്നില്ല എന്ന് അനുമാനിക്കണം. ഈ ചിന്താഗതി ശരിയാണെങ്കിൽ, മറിയമിനു ജന്മപാപം ഇല്ലാതിരുന്നത് അവളുടെ അപ്പനും അമ്മയ്ക്കും ജന്മപാപമില്ലാഞ്ഞതുകൊണ്ടായിരുന്നു എന്നും പറയണം. ഇപ്രകാരം ജന്മപാപമില്ലാത്തവർ എന്നു പരിഗണിക്കേണ്ട ആളുകളെ ഓരോ തലമുറയിലും കണ്ടെത്തി തലമുറകളുടെ പിന്നിലേക്കു നാം പോകുമ്പോൾ ഏറ്റവും ഒടുവിൽ, ആദിമനുഷ്യനായിരുന്ന ആദാമിന്റെ മക്കൾക്കു ജന്മപാപമുണ്ടായിരുന്നില്ലെന്നും ആദാം പാപം ചെയ്തില്ല എന്നും പറയേണ്ടിവരും. അങ്ങനെ പറയുന്നതു ദൈവവചനത്തിനു നിരക്കുന്ന കാര്യമല്ലാത്തതിനാൽ അതിന്റെ അടിസ്ഥാനമായ, "യേശുവിനു ജന്മപാപമില്ലാത്തതിനാൽ യേശുവിന്റെ

അമ്മയ്ക്കും ജന്മപാപമില്ലായിരുന്നു" എന്ന വാദം യുക്തിഹീനമാണെന്ന് തീർത്തു പറയാം. മറിയം ആദാമ്യസന്തതിയായിരുന്നു; അവൾ മനുഷ്യനിൽ നിന്നു ജനിച്ച മനുഷ്യസ്ത്രീ ആയിരുന്നു; അതിനാൽ മനുഷ്യന്റെ ജന്മപാപം അവൾക്കുണ്ടായിരുന്നു; എന്നാൽ യേശു പാപിയായ മനുഷ്യനിൽ നിന്നല്ല ജനിച്ചത്, മനുഷ്യസ്ത്രീയിലൂടെ മനുഷ്യനായി അവതരിച്ച ദൈവമായിരുന്നു യേശു. മറിയത്തെ ജനിപ്പിച്ചതു മനുഷ്യനായിരുന്നു; യേശുവിനെ മനുഷ്യനല്ല ജനിപ്പിച്ചത്. അതിനാൽ ജന്മപാപം സംബന്ധിച്ചിടത്തോളം മറിയവും യേശുവും ഒരുപോലെയല്ല. മറിയം മനുഷ്യവർഗ്ഗത്തിൽനിന്ന് ഉളവായവൾ ആയിരുന്നപ്പോൾ യേശു മനുഷ്യവർഗ്ഗത്തിലേക്ക് വന്നവൻ ആയിരുന്നു. ഇക്കാരണങ്ങളാൽ യേശു ജന്മപാപമില്ലാതിരുന്ന മനുഷ്യനും മറിയം ജന്മപാപമുള്ള സ്ത്രീയും ആയിരുന്നുവെന്നാണ് നാം മനസ്സിലാക്കേണ്ടത്.

## 'മറിയയുടെ സ്വർഗ്ഗാരോഹണം'

"മറിയത്തിന്റെ ഈ ലോകജീവിതം അവസാനിച്ചപ്പോൾ, അവൾ വീണ്ടും തന്റെ തിരുസ്സുതനുമായി ഒന്നിച്ചു ചേർന്നു. മറിയം ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടു. മറിയത്തിന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ച് വേദപുസ്തകം പ്രകടമായി ഒന്നും പ്രസ്താവിക്കുന്നില്ല[3] എന്നാണ് റോമൻ കത്തോലിക്കാ സഭ പഠിപ്പിക്കുന്നത്. മറിയയും യോസേഫും ഭാര്യാഭർത്തൃജീവിതം നയിച്ചുവെന്നും അവർക്ക് യേശുവിനെ കൂടാതെ നാല് ആൺമക്കളും കുറഞ്ഞത് രണ്ട് പെൺമക്കളും ഉണ്ടായിരുന്നുവെന്നും വേദപുസ്തകം പഠിപ്പിക്കുന്നത് സഭ പഠിപ്പിക്കുന്നില്ല. എന്നാൽ വേദപുസ്തകത്തിലില്ലാത്ത, മറിയം സ്വർഗ്ഗാരോഹണം ചെയ്തു എന്ന കാര്യം സഭ വലിയ പ്രാധാന്യം നൽകി പഠിപ്പിക്കുന്നു! വേദപുസ്തകത്തിലുള്ളത് പഠിപ്പിക്കാതെ, അതിൽ ഇല്ലാത്തത് പഠിപ്പിക്കുന്നു! സഭ ഇപ്രകാരം ചെയ്യുന്നതിൽ

3. ക്രൈസ്തവ വിജ്ഞാനീയം. പേജ് 268.



നമുക്ക് അതിശയം തോന്നിപ്പോവുക സ്വാഭാവികമാണ്. എന്നാൽ മോശെ മുഖാന്തരം ദൈവം നൽകിയ പത്തു കല്പനകളുടെ കാര്യത്തിൽ സഭാധികാരികൾ ചെയ്തിരിക്കുന്നതു കാണുമ്പോൾ ഈ അതിശയം അസ്ഥാനത്താണെന്നു നാം സമ്മതിച്ചുപോകും. "സീറോ മലബാർ സഭയുടെ കുർബാന: ജനങ്ങളുടെ ഉപയോഗത്തിന്" എന്ന പേരിൽ സഭ പ്രസിദ്ധീകരിച്ചു വിതരണം ചെയ്തിട്ടുള്ള ചെറുപുസ്തകത്തിലെ പത്തു കല്പനകളും സഭ തന്നെ പ്രസിദ്ധീകരിച്ചിട്ടുള്ള പി.ഒ.സി. ബൈബിളിലെ പത്തു കല്പനകളും തമ്മിൽ വ്യത്യാസമുണ്ട്. ബൈബിളിലെ പുറപ്പാടു പുസ്തകം 20-ാം അദ്ധ്യായത്തിൽ കാണുന്ന പത്തു കല്പനകളിലെ രണ്ടാം കല്പന യാതൊരു വിഗ്രഹവും ഉണ്ടാക്കുകയോ യാതൊരു വിഗ്രഹത്തിന്റെയും മുമ്പിൽ പ്രണമിക്കുകയോ ചെയ്യരുത് എന്നത് സീറോ മലബാർ സഭയുടെ കുർബാന പുസ്തകത്തിൽ കാണുന്നില്ല. അതേസമയം അതിൽ കല്പനകളുടെ എണ്ണം പത്തുതന്നെയുണ്ട്. എന്താണിതിന്റെ രഹസ്യം? കുർബാന പുസ്തകത്തിൽ നിന്നു രണ്ടാം കല്പന മാറ്റിയിരിക്കുന്നു! വാസ്തവത്തിൽ അതിൽ ബൈബിളിലെ ഒമ്പതു കല്പനകൾ മാത്രമേയുള്ളു; പത്തുണ്ടെന്നു വരുത്താനായി ബൈബിളിലെ പത്താം കല്പന രണ്ടായി വിഭജിച്ചു രണ്ടു കല്പനകളാക്കി അതിൽ ചേർത്ത് എണ്ണം പത്തു തികച്ചിരിക്കുകയാണ്! ഇപ്രകാരം ചെയ്തിരിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്? വിഗ്രഹത്തിനു മുമ്പിൽ യാതൊരുവിധ ഭക്തിയും കാണിക്കരുതെന്നുള്ള ബൈബിളിലെ കല്പന വാസ്തവത്തിൽ ബൈബിളിൽ ഇല്ലെന്നു തോന്നിപ്പിക്കുക എന്നതല്ലേ?[4] മറിയമും യോസേഫും ദൈവകല്പന പ്രകാരം യേശുവിന്റെ ജനനശേഷം ഭാര്യാഭർത്താക്കന്മാരായി ജീവിച്ച് മക്കൾക്കു ജന്മം നൽകുകയും അവരെ വളർത്തുകയും ചെയ്തു എന്ന ബൈബിളിലെ സത്യം ബൈബിളിൽ ഇല്ലെന്നു വരുത്താൻ സഭ ശ്രമിക്കുന്നതിൽ ഇനി അതിശയിക്കേണ്ട കാര്യമുണ്ടോ?

4. അനുബന്ധം I കാണുക.

എന്നാൽ സത്യത്തെ സ്നേഹിക്കുന്ന ഏതൊരാളിനെ സംബന്ധിച്ചിടത്തോളവും സഭയുടെ ഈ നിലപാട് വളരെ ദുഃഖമുളവാക്കുന്ന ഒന്നാണ് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

മറിയ സ്വർഗ്ഗാരോഹണം ചെയ്തെന്ന സംഗതി വേദപുസ്തകത്തിലില്ലാത്ത വെറും പാരമ്പര്യ വിശ്വാസമാണെന്ന് എല്ലാവരും സമ്മതിക്കുന്നു. ഒരു പാരമ്പര്യവിശ്വാസം ശരിയാണെന്നു കരുതാൻ മതിയായ തെളിവില്ലാതെ അതിനെ സത്യമാണെന്നു പരിഗണിക്കുന്നത് പലപ്പോഴും അബദ്ധമായിരിക്കുമെന്ന് നാം കണ്ടുകഴിഞ്ഞതാണ്. എഫെസോസിലെ ജാതികളുടെ പാരമ്പര്യവിശ്വാസം അർത്തേമിസ് ദേവിയുടെ വിഗ്രഹം സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്ക് വീണു എന്നായിരുന്നു. ക്രിസ്തീയ ലോകത്തിലെ വലിയൊരു വിഭാഗത്തിന്റെ പാരമ്പര്യവിശ്വാസം ഭൂമിയിൽനിന്ന് ഒരാൾ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തുവെന്നും. രണ്ടും ദൈവത്തിന്റെ സത്യവചനത്തിനു മുമ്പിൽ ഒരേ തരത്തിലുള്ള അടിസ്ഥാനരഹിതമായ കെട്ടുകഥകൾ തന്നെയാണ്. മനുഷ്യഭാവനയ്ക്ക് ദൈവവചനത്തിന്റെ പദവി നൽകുക, ദൈവവചനസത്യം തിരസ്കരിക്കുക എന്നീ തെറ്റുകൾ ഇതിൽ അന്തർഭവിച്ചിരിക്കുന്നു. ഒട്ടുമിക്ക പാരമ്പര്യ വിശ്വാസങ്ങളുടെയും കാര്യത്തിൽ ഈ തെറ്റുകൾ നമുക്ക് കാണാൻ കഴിയും.



# അദ്ധ്യായം 6
## പത്രോസിന്റെ പിൻഗാമികൾ

യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ തെരഞ്ഞെടുക്കുകയാണുണ്ടായത്, അവരെ മനുഷ്യരിൽ ആരും തെരഞ്ഞെടുത്ത് ആ സ്ഥാനത്ത് ആക്കിവയ്ക്കുകയല്ല ചെയ്തതെന്ന് യോഹന്നാൻ 15 : 16-ൽ നാം വായിക്കുന്നു. അവർക്ക് ദൈവസന്നിധിയിൽ വളരെ പ്രത്യേകമായ സ്ഥാനങ്ങളാണുള്ളത്. പുതിയ ആകാശവും പുതിയ ഭൂമിയും സ്ഥാപിക്കപ്പെട്ടശേഷം സ്വർഗ്ഗത്തിൽ നിന്ന് പുതിയ യേരൂശലേം എന്ന അതിമനോഹരനഗരം ഭൂമിയിലേക്ക് കൊണ്ടുവരപ്പെടുമെന്നും ആ നഗരത്തിന്റെ മതിലിന്റെ പന്ത്രണ്ട് അടിസ്ഥാനങ്ങളിന്മേൽ യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേരുകൾ ഉണ്ടായിരിക്കുമെന്നും വെളിപ്പാട് പുസ്തകത്തിന്റെ 21-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. ഈ പന്ത്രണ്ട് അപ്പൊസ്തലന്മാർക്ക് ദൈവവചനത്തിലും സഭയിലും അതുല്യമായ സ്ഥാനമാണുള്ളത്. സഭയെ ഒരു കെട്ടിടമായി ചിത്രീകരിച്ചുകൊണ്ട് പൗലോസ് അപ്പൊസ്തലൻ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: “അപ്പൊസ്തലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്” (എഫസോസ് 2:20). 1 പത്രോസ് 2 : 4-ൽ “സജീവശില’, “അമൂല്യശില” എന്നും 2 : 6-ൽ അമൂല്യമായ മൂലക്കല്ല് എന്നും 2 : 8-ൽ “പാറ” എന്നും 1 കോറിന്തോസ് 10 : 4-ൽ “ആത്മീയ ശില” (ആത്മികപാറ) എന്നും യേശുക്രിസ്തുവിനെ വിശേഷിപ്പിച്ചിരിക്കുന്നതായി നാം വായിക്കുന്നു. ആത്മികപാറയാകുന്ന

യേശുക്രിസ്തുവിന്മേൽ പണിയപ്പെട്ടിരിക്കുന്ന കെട്ടിടമാണ്[1] സഭ എന്നും ഈ സഭയുടെ അടിത്തറ അപ്പൊസ്തലന്മാരും പ്രവാചകന്മാരും ആണെന്നും വചനത്തിൽ പറഞ്ഞിരിക്കുന്നതിനാൽ അപ്പൊസ്തലന്മാർക്ക് സഭയിൽ അതുല്യമായ സ്ഥാനമാണുള്ളതെന്ന് നിസ്സംശയം പറയാം.

## പിൻഗാമികൾ

അടിത്തറയിൽനിന്ന് ഒരു കെട്ടിടം മുകളിലേക്ക് പണിയുമ്പോൾ, ആ അടിത്തറയുടെ പണിതന്നെ മുകളിൽ വീണ്ടും ആവർത്തിക്കുന്നില്ല. അതിനാൽ സഭയുടെ അടിത്തറയായിരുന്ന അപ്പൊസ്തലന്മാരും പ്രവാചകന്മാരും പിൻഗാമികൾ വഴി സഭയിൽ തുടർന്ന് ഉണ്ടായിരിക്കുക സാധ്യമല്ലെന്നാണ് മനസ്സിലാക്കേണ്ടത്. എന്നാൽ, അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും പിൻഗാമികൾ ഉണ്ടായിരിക്കണമെന്നും അവരെ സഭ തെരഞ്ഞെടുത്ത് ആ സ്ഥാനങ്ങളിൽ ആക്കി വയ്ക്കണമെന്നും ദൈവവചനത്തിൽ കല്പന[2] ഉണ്ടെങ്കിൽ ആ കല്പന നാം അനുസരിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് വചനത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത് എന്ന് നമുക്ക് നോക്കാം.

## വചനസത്യം

യേശുക്രിസ്തു തന്റെ രാജ്യം ഭൂമിയിൽ സ്ഥാപിക്കുമ്പോൾ തന്റെ അപ്പൊസ്തലന്മാർക്ക് സിംഹാസനങ്ങൾ നൽകപ്പെടുമെന്ന് നാം കണ്ടുകഴിഞ്ഞു. ഈ അപ്പൊസ്തലന്മാർക്ക് പിൻഗാമികൾ ഉണ്ടെങ്കിൽ

1. “പത്രോസേ, നീ പാറയാകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും” എന്ന് യേശുക്രിസ്തു പറഞ്ഞുവെന്ന് നാം കേൾക്കാറുണ്ട്. എന്നാൽ യേശുക്രിസ്തു പറഞ്ഞത് വാസ്തവത്തിൽ ഇപ്രകാരമായിരുന്നു: “നീ പത്രോസ് ആണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരക കവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല.” മത്തായി 16:18. പത്രോസ് (Petros) എന്ന പേരിന് ഗ്രീക്കുഭാഷയിൽ പാറക്കല്ല് എന്നാണർത്ഥം. ക്രിസ്തുവാകുന്ന പാറ (Petra) മേൽ വയ്ക്കപ്പെട്ട പാറക്കല്ലുകൾ (Petros കൾ) ആയിരുന്നു പത്രോസും മറ്റ് അപ്പൊസ്തലന്മാരും. യേശുവിൽ വിശ്വാസമർപ്പിച്ച് രക്ഷിക്കപ്പെട്ട് സഭയുടെ അംഗങ്ങളായിത്തീരുന്ന എല്ലാവരും സജീവശിലയാകുന്ന ക്രിസ്തു മുഖാന്തരം സജീവശിലകളായി രൂപാന്തരപ്പെടുന്നുവെന്ന് 1 പത്രോസ് 2:4–5 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതിൽനിന്നു വ്യക്തമാകുന്നത്, പാറ എന്ന പദം കൊണ്ട് യേശു തന്നെത്തന്നെ അർത്ഥമാക്കി എന്നാണ്. “ഈ ദേവാലയം നശിപ്പിക്കുക; മൂന്ന് ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും” എന്ന് യെരൂശലേം ദൈവാലയത്തിൽ നിന്നുകൊണ്ട് യേശു യെഹൂദന്മാരോട് പറഞ്ഞപ്പോൾ (യോഹ: 2:19–12) ദേവാലയം എന്ന പദംകൊണ്ട് അർത്ഥമാക്കിയത് ക്രൂശിൽ തകർക്കപ്പെടാൻ പോകുന്ന തന്റെ ശരീരമായിരുന്നു. അതുപോലെതന്നെ “ഈ പാറമേൽ” എന്നു പറഞ്ഞപ്പോൾ I കൊറിന്ത്യോസ് 10:4-ൽ കാണുന്നതുപോലെ, ആത്മിക പാറയാകുന്ന തന്നെത്തന്നെയാണ് യേശു അർത്ഥമാക്കിയത്.



2. പുതുതായി സ്ഥാപിക്കപ്പെട്ട സഭകളിൽ മൂപ്പന്മാരെ (അദ്ധ്യക്ഷന്മാരെ) ആക്കിവയ്ക്കുവാൻ തിമോഥെയോസിനോടും തീത്തോസിനോടും പൗലോസ് അപ്പൊസ്തലൻ നിർദ്ദേശിച്ചിരിക്കുന്നതായി വചനത്തിൽ നാം കാണുന്നുണ്ട്. അപ്പോൾ സഭകളിൽ ഇടയന്മാരെ നിയമിക്കുവാൻ ഇക്കാലത്തും അപ്പൊസ്തലന്മാരും അവരുടെ സഹപ്രവർത്തകരും വേണ്ടേ എന്ന ചോദ്യം ഉയർന്നു വരാം. ഒരു സ്ഥലത്തെ സഭയിൽ അദ്ധ്യക്ഷനെ നിയമിക്കുന്നത് വാസ്തവത്തിൽ മനുഷ്യരാരുമല്ല, ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് എന്ന് അപ്പ. പ്രവ: 20:28-ൽ കാണുന്നു. അദ്ധ്യക്ഷന് ഉണ്ടായിരിക്കേണ്ടതായി 1 തിമോ: 3:1–7; തീത്തോസ് 1:5–9 എന്നീ വേദഭാഗങ്ങളിൽ പറയുന്ന യോഗ്യതകളിൽ നിന്ന്, ആ നിയമനം ആർക്കൊക്കെ ദൈവം നൽകിയിരിക്കുന്നുവെന്ന് നാം അവരുടെ യോഗ്യതകളിൽ നിന്ന് മനസ്സിലാക്കണം; അവരെ ആ സ്ഥാനത്ത് ആക്കിവയ്ക്കുകയും വേണം. അപ്പൊസ്തലൻ എന്ന നിലയിലുള്ള എന്തെങ്കിലും പ്രത്യേക അധികാരമുപയോഗിച്ച് പൗലോസ് തന്റെ സഹപ്രവർത്തകർ തെരഞ്ഞെടുക്കുന്ന ചിലരെ സഭകളിൽ ഇടയന്മാരായി നിയമിക്കുവാൻ കല്പന കൊടുക്കുകയല്ല ചെയ്തത്; പിന്നെയോ, പല സ്ഥലങ്ങളിൽ സഭകൾ സ്ഥാപിച്ച ആൾ എന്ന നിലയിൽ ആ സഭകളുടെ വളർച്ചയ്ക്കും നിലനിൽപിനുമായി ദൈവാത്മാവിനാൽ നിയമിക്കപ്പെട്ട ഇടയന്മാരെ അവരുടെ സ്ഥാനങ്ങളിൽ ആക്കിവയ്ക്കുവാൻ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തത്. ഇക്കാലത്തും മിഷണറി പ്രവർത്തനം നടത്തി സഭകൾ സ്ഥാപിക്കുന്നവർക്ക് ആ സഭകളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ മൂപ്പന്മാരായി (ശ്രേഷ്ഠന്മാരായി) നിയമനം ലഭിച്ച ആളുകളെ കണ്ടെത്തുവാനും അവരെ അവരുടെ സ്ഥാനങ്ങളിൽ ആക്കിവയ്ക്കുവാനും ഉള്ള ഉത്തരവാദിത്തമുണ്ട് എന്നാണ് ഇതിനർത്ഥം. സഭകളിൽ ഇടയന്മാരെ നിയമിക്കുന്നതിനും അവരുടെ പ്രവർത്തനങ്ങളെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതിനുമുള്ള ഒരു കേന്ദ്രീകൃത ഭരണസംവിധാനം വചനത്തിൽ കാണുന്നില്ലെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

അവർക്കും ഇതുപോലെ എന്തെങ്കിലും പ്രത്യേകസ്ഥാനം ക്രിസ്തുവിന്റെ രാജ്യത്തിൽ നൽകപ്പെടേണ്ടതാണല്ലോ; എന്നാൽ അപ്പൊസ്തലന്മാർക്ക് പിൻഗാമികൾ ഉണ്ടായിരിക്കണമെന്നോ, ആ പിൻഗാമികൾക്ക് ക്രിസ്തുവിന്റെ രാജ്യത്തിൽ പ്രത്യേകമായ എന്തെങ്കിലും സ്ഥാനമുണ്ടായിരിക്കുമെന്നോ വചനത്തിൽ പറയുന്നില്ല. അതിനാൽ അപ്പൊസ്തലന്മാർക്ക് പിൻഗാമികൾ ഉണ്ടായിരിക്കുക സാദ്ധ്യമല്ലെന്നാണ് ദൈവവചനത്തിൽനിന്നു മനസ്സിലാക്കേണ്ടത്. അപ്പൊസ്തലന്മാർക്ക് പിൻഗാമികൾ ഉണ്ടായിരിക്കണമെന്നും അവരെ സഭ തിരഞ്ഞെടുക്കണമെന്നും ദൈവത്തിനു ഹിതമുണ്ടായിരുന്നെങ്കിൽ അവരെ എങ്ങനെ തെരെഞ്ഞെടുക്കണമെന്നു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വചനത്തിൽ കാണപ്പെട്ടേനെ. പ്രാദേശിക സഭകളിൽ ഭരണം നടത്തേണ്ട അദ്ധ്യക്ഷന്മാരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വചനത്തിൽ (1 തിമോഥെയോസാ 3-ാം അദ്ധ്യായവും, തീത്തോസ് 1-ാം അദ്ധ്യായവും) നാം കാണുന്നു; എന്നാൽ അപ്പൊസ്തലന്മാർക്ക് പിൻഗാമികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വചനത്തിൽ ഒരിടത്തും കാണുന്നില്ല; കാണാത്തതിനാൽ അപ്പൊസ്തലന്മാർക്കു പിൻഗാമികൾ ഉണ്ടായിരിക്കുക എന്ന ആശയം ദൈവവചനത്തിനു വിരുദ്ധമാണെന്നു തന്നെ ചിന്തിക്കേണ്ടിയിരിക്കുന്നു.

## യാക്കോബും മത്ഥിയാസും

അപ്പൊസ്തലന്മാർ പന്ത്രണ്ടുപേർ ഉണ്ടായിരിക്കണമെന്ന് ദൈവത്തിനു ഹിതമുണ്ടായിരുന്നുവെന്ന് വചനത്തിൽ വ്യക്തമാക്കുമ്പോൾ (വെളിപ്പാട് 21:14) ഈ പന്ത്രണ്ട് പേർക്ക് പിൻഗാമികൾ ഉണ്ടായിരിക്കാൻ പാടില്ല എന്നതിന്റെ സൂചനയും നൽകിയിട്ടുണ്ട്. യേശുവിനെ ഒറ്റിക്കൊടുത്ത കള്ളയപ്പോസ്തലനായിരുന്ന യൂദായുടെ സ്ഥാനം അപ്പൊസ്തലിക സംഘത്തിൽ ഒഴിഞ്ഞുകിടന്നപ്പോൾ ആ സ്ഥാനത്ത് മറ്റൊരാളെ ആക്കിവയ്ക്കേണ്ടതാവശ്യമാണെന്ന് പതിനൊന്ന് അപ്പൊസ്തലന്മാർ ചിന്തിച്ചു; അതിൻപ്രകാരം അവർ മത്ഥിയാസിനെ ആ സ്ഥാനത്തു നിയോഗിച്ചു (അപ്പ: പ്രവർത്തനങ്ങൾ 1:15-26). എന്നാൽ അപ്പൊസ്തലനായിരുന്ന യാക്കോബിനെ ഹെറോദേസ് രാജാവ് വാൾകൊണ്ടു കൊന്നപ്പോൾ (അപ്പ: പ്രവർത്തനങ്ങൾ 12:1-2) അദ്ദേഹത്തിന് ഒരു പിൻഗാമിയെ കണ്ടെത്താനോ നിയമിക്കാനോ ശേഷം അപ്പൊസ്തലന്മാർ തുനിഞ്ഞില്ല; അങ്ങനെ ചെയ്യാൻ അവരോ മറ്റാരെങ്കിലുമോ ശ്രമിച്ചതായി വചനത്തിൽ യാതൊരു സൂചനയുമില്ല. ഇതിനർത്ഥം അപ്പൊസ്തലന്മാർക്ക് സഭയുടെ പണിയിൽ ഉണ്ടായിരുന്ന അതുല്യമായ സ്ഥാനം മറ്റാർക്കും ഇല്ലെന്നും അവർക്ക് പിൻഗാമികൾ ഉണ്ടായിരിക്കുക എന്ന ആശയം ബൈബിളിൽ ഇല്ല എന്നുമാണ്.

## പത്രോസിന്റെ അഭിപ്രായം

പത്രോസ് അപ്പൊസ്തലന്റെ രണ്ടാമത്തെ ലേഖനം അദ്ദേഹം എഴുതിയത് തന്റെ ജീവിതാന്ത്യത്തോട് അടുത്ത സമയത്തായിരുന്നു. അതുകൊണ്ടാണ് ആ ലേഖനത്തിൽ, “നമ്മുടെ കർത്താവായ യേശുക്രിസ്തു എനിക്കു വെളിപ്പെടുത്തിത്തന്നിട്ടുള്ളതുപോലെ, കൂടാരത്തിൽ നിന്നുള്ള എന്റെ വേർപാടിന്റെ സമയം അടുത്തിരിക്കുന്നു” (II പത്രോസ് 1 : 14) എന്നു നാം വായിക്കുന്നത്. ജീവിതാന്ത്യത്തോട് വളരെ അടുത്തിരിക്കുന്നു എന്നു വ്യക്തമായി അറിഞ്ഞിരിക്കുമ്പോൾ എഴുതിയ ഈ ലേഖനത്തിൽ, തന്റെ സഹവിശ്വാസികൾ ചെയ്യേണ്ട നിരവധി കാര്യങ്ങളെപ്പറ്റി പറയുന്നുണ്ട്; എന്നാൽ തന്റെ മരണശേഷം തനിക്കൊരു പിൻഗാമിയെ തെരഞ്ഞെടുക്കണമെന്നു മാത്രം അവരോട്

അദ്ദേഹം ആവശ്യപ്പെട്ടില്ല; എന്താണ് ഇതിനർത്ഥം? തനിക്കൊരു പിൻഗാമി ഉണ്ടായിരിക്കുക എന്നതു ദൈവഹിതം ആയിരുന്നെങ്കിൽ, അങ്ങനെ ഒരാളെ തെരഞ്ഞെടുക്കുന്ന കാര്യം മുമ്പെങ്ങും പറഞ്ഞിട്ടില്ലാതിരുന്ന പശ്ചാത്തലത്തിൽ ഈ അന്ത്യസമയത്തെങ്കിലും പറഞ്ഞേനെ; എന്നാൽ അദ്ദേഹം അങ്ങനെ ചെയ്തില്ല. ചുരുക്കത്തിൽ അപ്പൊസ്തലന്മാരുടെ പിൻഗാമികൾ എന്ന വിഷയത്തെപ്പറ്റി ഒറ്റ അക്ഷരംപോലും ബൈബിളിൽ ഒരിടത്തും നാം കാണുന്നില്ല. അങ്ങനെ ഒരുകൂട്ടം ആളുകൾ ലോകത്തിൽ ഉണ്ടാകണമെന്ന് ദൈവം ആഗ്രഹിച്ചില്ല; അതുകൊണ്ടാണ് അവരെ തെരഞ്ഞെടുക്കുന്നതിനെപ്പറ്റി ബൈബിളിൽ യാതൊന്നും പറഞ്ഞിരിക്കുന്നതായി കാണാത്തത്.

## പത്രോസിനു മാത്രം പിൻഗാമിയോ?

പത്രോസിനു പിൻഗാമികൾ ഉണ്ടായിരിക്കണമെന്നു വാദിക്കുന്നവർ ശേഷം അപ്പൊസ്തലന്മാരിൽ പലരുടെയും കാര്യം വിട്ടുകളയുന്നതായി കാണുന്നു. പത്രോസിനു പിൻഗാമിയുണ്ടെങ്കിൽ ശേഷം പതിനൊന്ന് അപ്പൊസ്തലന്മാർക്കും പിൻഗാമികൾ ഉണ്ടായിരുന്നേ മതിയാവൂ; കാരണം സഭയുടെ അടിത്തറയുടെ ഭാഗങ്ങൾ എന്ന നിലയിൽ പന്ത്രണ്ട് അപ്പൊസ്തലന്മാർക്കും തുല്യസ്ഥാനങ്ങളാണുള്ളത്.[3] പത്രോസിനോടൊപ്പമുണ്ടായിരുന്ന മറ്റ് അപ്പൊസ്തലന്മാർക്കും പിൻഗാമികൾ

3. അപ്പൊസ്തലന്മാർക്ക് എല്ലാവർക്കും തുല്യസ്ഥാനമില്ലായിരുന്നുവെന്നും അവരിൽ ഒരാൾ അവരുടെ തലവൻ ആയിരുന്നേ മതിയാവൂ എന്നും ചിന്തിച്ചാൽ, ആ തലവൻ പത്രോസല്ലായിരുന്നു, യാക്കോബ് ആയിരുന്നു എന്നാണ് പറയേണ്ടത്; കാരണം ജാതികളെ സഭയിലേക്കു സ്വീകരിക്കുന്നതു സംബന്ധിച്ചു തർക്കമുണ്ടായപ്പോൾ അതു പരിഹരിക്കാനായി യെരൂശലേമിൽ കൂടിയ അപ്പൊസ്തലന്മാരുടയും മൂപ്പന്മാരുടെയും കൗൺസിലിൽ (സമ്മേളനത്തിൽ) അദ്ധ്യക്ഷത വഹിക്കുകയും ഒടുവിൽ തീരുമാനം പ്രഖ്യാപിക്കുകയും ചെയ്തത് യാക്കോബ് ആയിരുന്നു. (അപ്പ. പ്രവർത്തനങ്ങൾ 15 -ാം അദ്ധ്യായം നോക്കുക).



ഉണ്ടെന്ന് ഉറപ്പുവരുത്താതെ പത്രോസിനു മാത്രമോ വേറെ ചുരുക്കം ചിലർക്കുകൂടി മാത്രമോ പിൻഗാമികളുണ്ടെന്നു വാദിക്കുന്നത് യുക്തിവിരുദ്ധമാണ്. തന്നെയുമല്ല, ക്രിസ്തുവാകുന്ന പാറമേൽ പണിയപ്പെട്ടിരിക്കുന്ന സഭയുടെ അടിത്തറയാകുന്ന അപ്പൊസ്തലന്മാർക്ക് പിൻഗാമികളുണ്ടെങ്കിൽ ആ അടിത്തറയുടെ അടിസ്ഥാനമായി നിൽക്കുന്ന ക്രിസ്തുവിനും പിൻഗാമികൾ ഉണ്ടായിരിക്കേണ്ടേ? ഉണ്ടായിരിക്കണമെന്ന് സമ്മതിക്കേണ്ടിവരും. ചുരുക്കത്തിൽ, പത്രോസിനു പിൻഗാമികൾ ഉണ്ടെന്ന് പറഞ്ഞാൽ, എല്ലാ അപ്പൊസ്തലന്മാർക്കും ക്രിസ്തുവിനും പിൻഗാമികളുണ്ടെന്നു വരണം. ക്രിസ്തുവിനും എല്ലാ അപ്പൊസ്തലന്മാർക്കും പിൻഗാമികൾ ഉണ്ടെന്ന് ആരും വാദിക്കാത്തതിനാൽ, പത്രോസിനോ അദ്ദേഹത്തോടൊപ്പം വേറെ ചിലർക്കും കൂടിയോ മാത്രം പിൻഗാമികൾ ഉണ്ടെന്ന വാദത്തിന് യുക്തിപരമായ യാതൊരു ന്യായീകരണവുമില്ല. ചുരുക്കത്തിൽ പത്രോസിന്റെ പിൻഗാമി എന്ന ആശയത്തിന് ദൈവവചനത്തിൽ യാതൊരു അടിസ്ഥാനവും നാം കാണുന്നില്ല. മറിച്ച് അപ്പൊസ്തലന്മാർക്കാർക്കും പിൻഗാമികളുണ്ടായിരിക്കുവാൻ സാദ്ധ്യമല്ല എന്നതിന് വചനത്തിൽ തെളിവു നാം കാണുകയും ചെയ്യുന്നു.

# അദ്ധ്യായം 7

# മാർപ്പാപ്പായുടെ സിംഹാസനം

റോമൻ കത്തോലിക്കാ സഭയുടെ ആസ്ഥാനം റോമിൽ ആണെന്നും അവിടെ വത്തിക്കാൻ കൊട്ടാരത്തിൽ മാർപ്പാപ്പായുടെ സിംഹാസനം ഇരിക്കുന്നുവെന്നും നമുക്കറിയാം. ഈ സിംഹാസനം എന്ന് അവിടെ സ്ഥാപിതമായി എന്നും റോമൻ കത്തോലിക്കാ സഭ എങ്ങനെയാണ് ഇന്നത്തെ നിലയിൽ രൂപം പ്രാപിച്ചതെന്നും നാം മന സ്സിലാക്കേണ്ടതാവശ്യമാണ്.

ക്രൈസ്തവസഭയുടെ ഒന്നാം നൂറ്റാണ്ടിലെ ചരിത്രം സംക്ഷി പ്തമായി ബൈബിളിലെ അപ്പ. പ്രവർത്തനങ്ങളുടെ പുസ്തകത്തിൽ നാം വായിക്കുന്നു. കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പിനുശേഷം പന്തക്കുസ്താ ദിനത്തിൽ പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽനിന്ന് ഭൂമി യിലേക്ക് അവരോഹണം ചെയ്യുകയും പത്രോസിന്റെ പ്രസംഗം കേട്ട മൂവായിരത്തോളം ആളുകൾ യേശുവിൽ വിശ്വസിക്കുകയും സ്നാന മേൽക്കുകയും സഭയോട് ചേരുകയും ചെയ്തു. അതിനെത്തുടർന്ന് സഭയിലെ അംഗങ്ങളുടെ എണ്ണം ദൈനംദിനം വർദ്ധിച്ചുകൊണ്ടിരു ന്നു. അതേസമയം സഭയ്ക്കെതിരെ യെഹൂദന്മാരുടെയും റോമാ ഗവൺമെന്റിന്റെയും പീഡനങ്ങളും വർദ്ധിച്ചുകൊണ്ടിരുന്നു. കർത്താ വിന്റെ അപ്പൊസ്തലന്മാർ ഭീഷണികളും ദേഹോപദ്രവങ്ങളും ജയിൽവാസവും എല്ലാം സഹിച്ചുകൊണ്ടാണ് പ്രേഷിതപ്രവർത്തന ങ്ങൾ നടത്തിയത്. പൗലോസ് അപ്പൊസ്തലൻ തന്റെ ജീവിതാന്ത്യ ത്തോട് അടുത്തസമയം തനിക്കുണ്ടായ അനുഭവങ്ങൾ ഇപ്രകാരമാണ് സംഗ്രഹിച്ചു പ്രസ്താവിച്ചത്: "…. വളരെയേറെ ഞാൻ അദ്ധ്വാനിച്ചു;



വളരെ കൂടുതൽ കാരാഗൃഹവാസമനുഭവിച്ചു; എണ്ണമറ്റവിധം പ്രഹര മേറ്റു; പലതവണ മരണവക്ത്രത്തിലകപ്പെട്ടു. അഞ്ചുപ്രാവശ്യം യെഹൂ ദന്മാരുടെ കൈകളിൽനിന്ന് ഒന്നു കുറയെ നാല്പതു അടി വീതം ഞാൻ കൊണ്ടു. മൂന്നു പ്രാവശ്യം വടികൊണ്ട് അടിക്കപ്പെട്ടു. ഒരി ക്കൽ കല്ലേറിയപ്പെട്ടു. മൂന്നുപ്രാവശ്യം കപ്പലപകടത്തിൽപ്പെട്ടു. ഒരു രാത്രിയും ഒരു പകലും കടലിൽ ഒഴുകി നടന്നു. തുടരെത്തുടരെ യുള്ള യാത്രകൾക്കിടയിൽ, നദികളിൽവെച്ചും, കൊള്ളക്കാരിൽനിന്നും സ്വന്തക്കാരിൽനിന്നും വിജാതീയരിൽനിന്നും എനിക്ക് അപകടങ്ങളു ണ്ടായി. നഗരത്തിൽവച്ചും വിജനപ്രദേശത്തുവച്ചും കടലിൽവച്ചും അപകടങ്ങളിൽ അകപ്പെട്ടു. വ്യാജസഹോദരന്മാരിൽനിന്നുള്ള അപ കടങ്ങൾക്കും ഞാൻ അധീനനായി. കഠിനാദ്ധ്വാനത്തിലും വിഷമസ ന്ധികളിലും നിരവധി രാത്രികളിലെ ജാഗരണത്തിലും വിശപ്പിലും ദാഹ ത്തിലും പലപ്പോഴും ഉപവാസത്തിലും തണുപ്പിലും നഗ്നതയിലും ഞാൻ ജീവിച്ചു" (II കോറിന്തോസ് 11 : 23–27). മറ്റ് അപ്പൊസ്തല ന്മാർക്കും ഇതേവിധത്തിലുള്ള പീഡാനുഭവങ്ങൾ, അല്പം കുറഞ്ഞ അളവിൽ ഉണ്ടായി എന്നും മിക്കവരും രക്തസാക്ഷി മരണം വരിക്കേ ണ്ടിവന്നു എന്നുമാണ് ദൈവവചനവും ചരിത്രരേഖകളും വ്യക്തമാ ക്കുന്നത്. പത്രോസ് സുവിശേഷഘോഷണം ആരംഭിച്ചയുടൻതന്നെ ഭരണാധികാരികളുടെ ഭീഷണിക്കും തടവുശിക്ഷയ്ക്കും വധോദ്യമ ത്തിനും വിധേയനായതായി അപ്പ: പ്രവർത്തനങ്ങൾ 4, 12 എന്നീ അദ്ധ്യായങ്ങളിൽ നാം കാണുന്നു. ക്രിസ്തു നിമിത്തം കഷ്ടതയനു ഭവിക്കാൻ ഇടയാകുന്നത് ഭാഗ്യമാണെന്ന് തന്റെ ലേഖനത്തിലൂടെ (1 പത്രോസ് 3:16–17) അദ്ദേഹം ഉദ്ബോധിപ്പിച്ചിരിക്കുന്നതിന്റെ പശ്ചാ ത്തലം തന്റെ ജീവിതത്തിൽ താൻ അനുഭവിച്ചുകൊണ്ടിരുന്ന കഷ്ടത കളും പീഡനങ്ങളുമായിരുന്നു.

## സഭയിലെ സ്ഥാനം

യേശുക്രിസ്തുവിന്റെ അപ്പൊസ്തലൻ എന്നതിനു പുറമെ സഭയിൽ പത്രോസിനുണ്ടായിരുന്ന സ്ഥാനം എന്തായിരുന്നുവെന്ന് 1 പത്രൊസ് 5 : 1–ൽ നാം വായിക്കുന്നു. ഓരോ സ്ഥലത്തും രൂപംകൊള്ളുന്ന സഭയുടെ ഭരണം അവിടെയുള്ള ശ്രേഷ്ഠന്മാരാൽ[1] ആണ് നടത്തപ്പെട്ടുകൊണ്ടിരുന്നത്. അങ്ങനെ ഒന്നാം നൂറ്റാണ്ടിൽ രൂപംകൊണ്ട നിരവധി പ്രാദേശിക സഭകളിൽ ഒന്നിന്റെ അദ്ധ്യക്ഷസ്ഥാനം പത്രോസപ്പോസ്തലൻ വഹിച്ചിരുന്നതിനാൽ മേല്പറഞ്ഞ വാക്യത്തിൽ അദ്ദേഹം തന്നെത്തന്നെ ഒരു സഹശ്രേഷ്ഠൻ അഥവാ മറ്റ് സഭകളിലെ ഇടയന്മാരോടൊപ്പം ഒരു പ്രദേശത്തെ സഭയുടെ ഭരണം നിർവ്വഹിക്കുന്ന സഹഇടയൻ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.[2] മറ്റു സ്ഥലങ്ങളിലെ സഭകളുടെ മേൽ നിയന്ത്രണം ചെലുത്തുന്ന ശ്രേഷ്ഠ ഇടയൻ ആയിരുന്നില്ല അദ്ദേഹം. ഇടയന്മാരുടെ മേൽ അധികാരമുള്ള ഇടയന്മാരുടെ തലവൻ യേശുക്രിസ്തുവാണെന്ന് അദ്ദേഹം ഈ

1. P.O.C. ബൈബിളിൽ കാണുന്ന മെത്രാൻ, ശ്രേഷ്ഠൻ എന്നീ പദങ്ങൾക്കുപകരം മറ്റു പരിഭാഷകളിൽ മൂപ്പൻ, ഇടയൻ, അദ്ധ്യക്ഷൻ എന്നീ പദങ്ങളാണുപയോഗിച്ചിരിക്കുന്നത്. Elder, Pastor, Bishop എന്നീ പദങ്ങൾകൊണ്ട് ഉദ്ദേശിക്കുന്ന, സഭയിലെ അദ്ധ്യക്ഷസ്ഥാനമാണ് ഈ മലയാള പദങ്ങൾകൊണ്ട് അർത്ഥമാക്കുന്നത്.
2. ''ഒരു സഹശ്രേഷ്ഠനും ക്രിസ്തുവിന്റെ സഹനങ്ങളുടെ ദൃക്സാക്ഷിയും വെളിപ്പെടാനിരിക്കുന്ന മഹത്വത്തിന്റെ പങ്കുകാരനും എന്ന നിലയിൽ ഞാൻ നിങ്ങളുടെയിടയിലെ ശ്രേഷ്ഠന്മാരെ ഉപദേശിക്കുന്നു.'' 1 പത്രോസ് 5:1.



അദ്ധ്യായത്തിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുമുണ്ട്.[3] ജീവിതാന്ത്യത്തോടടുത്ത സമയത്ത് താൻ പ്രേഷിതവേല നിർവ്വഹിച്ചുകൊണ്ടിരുന്ന സ്ഥലത്തുണ്ടായിരുന്ന സഭയുടെ അദ്ധ്യക്ഷൻ (Bishop)[4] എന്ന സ്ഥാനം മാത്രമേ അപ്പൊസ്തല സ്ഥാനത്തിനു പുറമെ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ.

## സഭാ ഭരണം

സഭാഭരണത്തിന് അപ്പൊസ്തലന്മാരായ പത്രോസും പൗലോസും പഠിപ്പിച്ചു തന്ന ക്രമീകരണം ഓരോ സ്ഥലത്തും രൂപംകൊള്ളുന്ന ക്രിസ്തീയ വിശ്വാസികളുടെ കൂട്ടം I തിമൊത്തെയോസ് 3:1–13, തീത്തോസ് 1:5–9, I പത്രോസ് 5:1–4 എന്നീ വേദഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന യോഗ്യതകളുള്ള അദ്ധ്യക്ഷന്മാരാലും ശുശ്രൂഷകന്മാരാലും ഭരിക്കപ്പെടുക എന്നതാണ്. ഇപ്രകാരമുള്ള വിവിധ പ്രാദേശിക സഭകൾ ഏതെങ്കിലും ഒരു പ്രത്യേക മേലധികാരത്തിൻ കീഴിൽ ആയിരിക്കുന്ന ഭരണസംവിധാനം ഒന്നാം നൂറ്റാണ്ടിലെ സഭാചരിത്രം ഉൾക്കൊള്ളുന്ന അപ്പ: പ്രവർത്തനങ്ങളുടെ പുസ്തകത്തിലോ ലേഖനങ്ങളിലോ നാം കാണുന്നില്ല. ഇന്ന് എപ്പിസ്ക്കോപ്പൽ സഭകളിൽ കാണുന്ന ഭരണസംവിധാനം എങ്ങനെ രൂപംകൊണ്ടു എന്നു താഴെ വിശദീകരിക്കുന്നു.

3. "ഇടയന്മാരുടെ തലവൻ (യേശുക്രിസ്തു) പ്രത്യക്ഷപ്പെടുമ്പോൾ മഹത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം നിങ്ങൾക്കു ലഭിക്കും." 1 പത്രോസ് 5:4.
4. ആദ്യകാലങ്ങളിൽ Bishop എന്ന പദത്തിന് അദ്ധ്യക്ഷത വഹിക്കുന്ന ആൾ എന്നുമാത്രമേ അർത്ഥമുണ്ടായിരുന്നുള്ളൂ. കാലക്രമത്തിൽ ബിഷപ്പന്മാർ വലിയ അധികാരമുള്ളവർ ആയിത്തീർന്നതിന്റെ ഫലമായി ഇന്ന് ആ പദത്തിന് രാജാവിനെപ്പോലുള്ള അധികാരി എന്ന അർത്ഥം ലഭിച്ചിരിക്കുന്നു. അതുകൊണ്ടാണ് ബിഷപ്പിനെ 'തിരുമേനി' എന്നു നാം വിശേഷിപ്പിക്കുന്നത്.

## വിജാതീയ സ്വാധീനം

ആദ്യത്തെ മൂന്നു നൂറ്റാണ്ടുകൾ അതികഠിനമായ പീഡനങ്ങളിലൂടെയാണ് ക്രൈസ്തവ സഭ കടന്നുപോയത്; എങ്കിലും യേശുക്രിസ്തുവിന്റെ വീണ്ടുംവരവ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യമായ സ്വർഗ്ഗവാഴ്ച തുടങ്ങിയ കാര്യങ്ങളിൽ ഉണ്ടായിരുന്ന വിശ്വാസം പീഡനങ്ങളെ അതിജീവിക്കുവാൻ ആവശ്യമായ ധൈര്യം സഭാംഗങ്ങൾക്കു നൽകി. അതിനാൽ സഭ റോമാ സാമ്രാജ്യത്തിൽ ശക്തി പ്രാപിച്ചുകൊണ്ടുതന്നെയിരുന്നു. എ. ഡി. 313-ൽ റോമാ ചക്രവർത്തിയായിരുന്ന കുസ്തന്തീനോസ് (കോൺസ്റ്റൻടൈൻ) ക്രിസ്തുമതം സ്വീകരിച്ചതിനെത്തുടർന്ന് പീഡനങ്ങൾ അവസാനിക്കുകയും ക്രൈസ്തവ സഭയ്ക്ക് ചക്രവർത്തിയുടെ മതമെന്ന പദവി ലഭിക്കുകയും ചെയ്തു. രാജാക്കന്മാരെ ദൈവങ്ങളെക്കാളും വലിയവരായി പരിഗണിക്കുന്ന പതിവാണ് അക്കാലത്ത് റോമാസാമ്രാജ്യത്തിലുണ്ടായിരുന്നത്.[5] അതുനിമിത്തം കുസ്തന്തീനോസ് ചക്രവർത്തി ക്രിസ്ത്യാനിയായി എന്നു കേട്ട റോമാ സാമ്രാജ്യത്തിലെ പ്രജകൾ കൂട്ടംകൂട്ടമായി ക്രിസ്തുമതം സ്വീകരിച്ചു. ഇപ്രകാരം പുതുതായി ക്രിസ്ത്യാനികളായിത്തീർന്ന റോമാ സാമ്രാജ്യത്തിലെ ജനങ്ങളിൽ ഭൂരിപക്ഷവും ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമായ മാനസ്സാന്തരം കൂടാതെയാണ് ക്രിസ്ത്യാനികൾ ആയിത്തീർന്നത്. അവരുടെ ദൃഷ്ടിയിൽ മതപരിവർത്തനം

5. “ജൂലിയസ് സീസർ മരണശേഷം ദൈവികസീസർ എന്നറിയപ്പെട്ടു. അഗസ്റ്റസ് റോമയൊഴിച്ചുള്ള പ്രവിശ്യകളിൽ ദേവനായി ആരാധിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിനു ശേഷമുള്ള ചക്രവർത്തിമാരെയെല്ലാം സെനറ്റ് ദേവന്മാരായി പ്രഖ്യാപിച്ചു. റോമാ സാമ്രാജ്യത്തിൽ പലേടത്തും ജനങ്ങൾ രാജാവിനു ബലിയർപ്പിക്കുകയും രാജനാമത്തിൽ സത്യം ചെയ്യുകയും ചെയ്തിരുന്നു” (തിരുസ്സഭാ ചരിത്രം Second Edition 1984. P. 56)



എന്നത് പഴയ ദേവന്മാരെ മാറ്റി അവരുടെ സ്ഥാനത്ത് കൂടുതൽ ശക്തിയുള്ള പുതിയ ദേവന്മാരെയും ദേവിമാരെയും പ്രതിഷ്ഠിക്കുന്ന പ്രക്രിയ ആയിരുന്നു. അവരെ ദൈവവചനം ശരിയായി പഠിപ്പിക്കുക അസാദ്ധ്യമായിരുന്നു; പഠിപ്പിക്കാൻ വേണ്ടത്ര ഉപദേഷ്ടാക്കന്മാർ ഉണ്ടായിരുന്നുമില്ല. അതിനാൽ പുറജാതി മതവിശ്വാസങ്ങളും ക്രിസ്തീയ വിശ്വാസങ്ങളും തമ്മിൽ കൂടിക്കലർന്ന് ഒരു സങ്കരവിശ്വാസം രൂപംകൊള്ളുന്ന സാഹചര്യം ക്രൈസ്തവസഭയിൽ ഉണ്ടായി; അങ്ങനെ സംഭവിക്കുകയും ചെയ്തു.

ക്രൈസ്തവ സഭയിലേക്ക് കൂട്ടമായ മതപരിവർത്തനം നടന്നതിനെത്തുടർന്ന്, പുതിയ വിശ്വാസികൾ പണ്ടു പരിചയിച്ചിരുന്ന അവരുടെ ബഹുദൈവവിശ്വാസം മറ്റൊരു രൂപത്തിൽ ക്രൈസ്തവ സഭയിലേക്ക് പകർത്താൻ ശ്രമം തുടങ്ങി. ദേവന്മാരെ ആരാധിക്കുന്നതിനുപകരം അപ്പൊസ്തലന്മാരെയും ആദിമ സഭാപിതാക്കന്മാരെയുമൊക്കെ ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്കു നിൽക്കുന്ന മദ്ധ്യസ്ഥന്മാരായി ചിത്രീകരിച്ചുകൊണ്ട് അവരോടു പ്രാർത്ഥന ആരംഭിച്ചു. പഴയ പുറജാതി ദേവന്മാരുടെ പ്രതിമകൾക്കു മുമ്പിൽ നമസ്കരിക്കുന്നതിനു പകരം ക്രിസ്തീയ വിശുദ്ധന്മാരുടെ പ്രതിമകൾ ഉണ്ടാക്കിവച്ച് അവയുടെ മുമ്പിൽ വണങ്ങുവാൻ തുടങ്ങി. പ്രഭാത സൂര്യനെ നമസ്കരിക്കുന്നതിനുപകരം ദൈവത്തോടുള്ള പ്രാർത്ഥന കിഴക്കോട്ടു തിരിഞ്ഞുനിന്ന് നടത്താം എന്നു നിശ്ചയിച്ചു. ആകാശ രാജ്ഞി[6] എന്ന

6. യേശുവിന്റെ അമ്മ മറിയത്തിനു നൽകപ്പെട്ട സ്വർഗ്ഗരാഞ്ജി (Queen of Heaven) എന്ന പദവിയുടെ അർത്ഥമായി Webster’s Encyclopedic Unabridged Dictionary of the English Language (New Revised Edition 1994)ൽ കാണുന്നത് 1. a designation of the virgin mary 2. an ancient semitic goddess, variously identified with other ancient goddessess, as Isis and Ashtoreth 3. an epithet of Ishtar എന്നിപ്രകാരമാണ്. അതായത് പുരാതനകാലത്ത് സുമേരിയായിലും കനാൻ നാട്ടിലും ഫിനീഷ്യയിലും മറ്റും

പേരിൽ ആരാധിച്ചു വന്നിരുന്ന പുറജാതി ദേവിയോടു പ്രാർത്ഥിക്കുന്നതിനുപകരം യേശുവിന്റെ അമ്മയായ മറിയത്തിന് സ്വർഗ്ഗരാജ്ഞി (ആകാശത്തിലെ രാജ്ഞി) എന്ന പേരു കൊടുക്കുകയും മറിയത്തോട് പ്രാർത്ഥന ആരംഭിക്കുകയും ചെയ്തു. ഇപ്രകാരം ഒട്ടുവളരെ പുറജാതി മതാചാരങ്ങളെയും വിശ്വാസങ്ങളെയും ക്രിസ്തീയ വേഷം അണിയിച്ചുകൊണ്ട് ക്രൈസ്തവസഭയിലേക്കു കൊണ്ടുവരുന്നതിൽ അവർ വിജയിച്ചു. ഈ വസ്തുത കർദ്ദിനാൾ ന്യൂമാൻ 'An Essay on the Development of Christian Doctrine' എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇപ്രകാരമാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്: "We are told in various ways of Eusebius that Constantine, in order to recommend the new religion to the heathen, transferred into it the outward ornaments to which they had been accustomed in their own. It is not necessary to go into a subject which the deligence of protestant writers has made familiar to most of us. The use of temples, and these dedicated to particular saitns, and ornamented on occasions with branches of trees; incense, lamps and candles; votive offerings on recovery from illness; holy water; asylums; holy days and seasons, use of calendars, processions, blessings on the fields; sacredotal vestments, the tonsure, the ring in marriage, turning to the east, images at a later date, perhaps the ecclesiastical chant, and the kyric Eleison, are all of pagan origin, and sanctified by their adoption into the church".

---

വസിച്ചിരുന്ന പുറജാതികൾ ഐസിസ്, അസ്തൊരത്ത്, ഇഷ്താർ എന്നീ പേരുകളിൽ പ്രേമത്തിന്റെയും യുദ്ധത്തിന്റെയും ദേവതയായി ആരാധിച്ചുവന്നിരുന്ന ദേവിക്ക് അവർ സ്വർഗ്ഗരാഞ്ജി (ആകാശത്തിന്റെ രാജ്ഞി) എന്ന സ്ഥാനപ്പേരാണ് പൊതുവെ നൽകിയിരുന്നത്. അതേ സ്ഥാനപ്പേര് റോമൻ ജാതികളുടെ മതപരിവർത്തനത്തിനു ശേഷം യേശുവിന്റെ അമ്മ മറിയത്തിനു നൽകപ്പെടുകയാണുണ്ടായത്.



ഇതിന്റെ തർജ്ജമ താഴെ കൊടുക്കുന്നു:

"പുതിയ മതം (ക്രിസ്തുമതം) പുറജാതികൾക്ക് ഇഷ്ടകരവും സ്വീകാര്യവുമാക്കിത്തീർക്കുന്നതിനായി, അവർ പരിചയിച്ചു വന്നിരുന്ന (പഴയ) മതത്തിന്റെ പുറമേയുള്ള ആകർഷകമായ ധാടിമോടികൾ അതിലേക്ക് (ക്രിസ്തുമതത്തിലേക്ക്) കോൺസ്റ്റൻടൈൻ ചക്രവർത്തി മാറ്റി പ്രതിഷ്ഠിച്ചുവെന്ന് (നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചരിത്രകാരനും കൈസര്യയിലെ ബിഷപ്പുമായിരുന്ന യൂസീബിയസ്) പല വിധത്തിൽ നമ്മോടു പറഞ്ഞിരിക്കുന്നു. പ്രോട്ടസ്റ്റന്റ് എഴുത്തുകാരുടെ ശ്രദ്ധാപൂർവ്വമായ പരിശ്രമം മൂലം നമുക്കു പരിചിതമായിത്തീർന്നിരിക്കുന്ന ഈ വിഷയത്തിന്റെ വിശദാംശങ്ങളിലേക്ക് കടക്കേണ്ട അത്യാവശ്യം ഇല്ല. ദേവാലയങ്ങളുടെ ഉപയോഗം, അവ വിശുദ്ധന്മാരുടെ പേരുകളിൽ പ്രതിഷ്ഠിക്കുന്ന പതിവ്, വിശേഷാവസരങ്ങളിൽ മരക്കൊമ്പുകൾക്കൊണ്ട് അവ അലങ്കരിക്കുന്ന പതിവ്, (പള്ളിയിൽ) കുന്തിരിക്കം പുകയ്ക്കുക, വിളക്കുകളും മെഴുകുതിരികളും (കത്തിക്കുക), രോഗസൗഖ്യത്തിനു നേർച്ച നേർന്ന് അതു പാലിക്കുക, വിശുദ്ധ ജലം, അഭയകേന്ദ്രങ്ങൾ, വിശുദ്ധമെന്ന് (കടമുള്ളതെന്ന്) കരുതപ്പെടുന്ന ദിവസങ്ങളും കാലങ്ങളും ആചരിക്കുന്ന പതിവ് (നോമ്പ്), പുണ്യദിനങ്ങൾ രേഖപ്പെടുത്തിയ കലണ്ടറുകളുടെ ഉപയോഗം, പ്രദക്ഷിണങ്ങൾ, കൃഷിസ്ഥലങ്ങളെ അനുഗ്രഹിക്കുന്ന പതിവ്, പുരോഹിതന്മാരുടെ പ്രത്യേക വസ്ത്രങ്ങൾ, (പുരോഹിത പട്ടം നൽകപ്പെടുന്നതിന്റെ അടയാളമായി) തലയിൽനിന്നു മുടി കത്രിക്കുന്ന രീതി, വിവാഹമോതിരം, (പ്രാർത്ഥിക്കുമ്പോൾ) കിഴക്കോട്ടു തിരിയുന്ന പതിവ്, പില്ക്കാലത്ത് പള്ളിയിൽ വിഗ്രഹങ്ങൾ സ്ഥാപിച്ചത്, (ആരാധനാ സമയത്ത് ഉപയോഗിക്കുന്ന) ചൊല്ലുകൾ, "കർത്താവേ, ഞങ്ങളുടെ മേൽ കരുണയുണ്ടാകേണമേ" എന്ന (ആവർത്തിച്ചുള്ള) പ്രാർത്ഥന ഇവ

യെല്ലാറ്റിന്റെയും ഉത്ഭവം പുറജാതിമതത്തിലെ രീതികളാണ്; സഭ ഇവയെ സ്വീകരിച്ച് വിശുദ്ധീകരിച്ചിട്ടുള്ളതാകുന്നു.[7]"

നാലാം നൂറ്റാണ്ടിലെ വേദപണ്ഡിതനും ചരിത്രകാരനുമായിരുന്ന യുസീബിയസിന്റെ എഴുത്തുകളെയും മറ്റ് ആധികാരിക രേഖകളെയും അടിസ്ഥാനപ്പെടുത്തിക്കൊണ്ട് കർദ്ദിനാൾ ന്യൂമാൻ പ്രകടിപ്പിച്ചിരിക്കുന്ന ഈ അഭിപ്രായം ചരിത്രം പഠിക്കുന്ന ഏതൊരാളും മിക്കവാറും പൂർണ്ണമായിത്തന്നെ ശരിവയ്ക്കുമെന്നതിനു സംശയമില്ല. എന്നാൽ പുറജാതി മതത്തിന്റെ പുറമെയുള്ള ധാടിമോടികൾ മാത്രമേ സഭ സ്വീകരിച്ചുള്ളൂ, ക്രിസ്തീയ വിശ്വാസങ്ങളുടെ അടിസ്ഥാന തത്ത്വങ്ങൾക്കു കോട്ടം തട്ടിയില്ല എന്ന അദ്ദേഹത്തിന്റെ ചിന്താഗതി വസ്തുനിഷ്ഠമായിത്തന്നെ നാം വിലയിരുത്തേണ്ടിയിരിക്കുന്നു. അതിന്റെ പ്രാരംഭപടി എന്ന നിലയിൽ മാർപ്പാപ്പയുടെ സ്ഥാനവും പദവിയും അധികാരവുമൊക്കെ എങ്ങനെ സഭയിൽ രൂപം പ്രാപിച്ചു എന്നു നമുക്കു പരിശോധിക്കാം.

## മാർപ്പാപ്പാ

റോമാ ചക്രവർത്തി ക്രിസ്ത്യാനിയായതിനെത്തുടർന്ന് സാമ്രാജ്യത്തിലെ ക്രിസ്തീയ സമൂഹത്തിന് സമ്പൂർണ്ണ സ്വാതന്ത്ര്യവും ഗവൺമെന്റിൽ നിന്ന് പല ആനുകൂല്യങ്ങളും ലഭിച്ചു. റോമിലെ ബിഷപ്പ് ചക്രവർത്തിയുടെ പിന്തുണയും സഹായവും സഭാഭരണത്തിൽ പ്രയോജനപ്പെടുത്താനും തുടങ്ങി. ഇതിന്റെ ഫലമായി

7. John Henry Cardinal Newman. "An Essay on the Development of Christian Doctrine" (P. 373). Longmans, Green & Co. London fifteenth impression 1914. തർജ്ജമയിൽ കാണുന്ന ബ്രാക്കറ്റുകൾക്കുള്ളിലെ പദങ്ങൾ വിശദീകരണത്തിനായി മാത്രം ചേർത്തിട്ടുള്ളതാണ്; അവ തർജ്ജമയുടെ ഭാഗമല്ല.



അദ്ദേഹം മറ്റു സ്ഥലങ്ങളിലെ ബിഷപ്പന്മാരേക്കാൾ ശക്തിയും പ്രാമുഖ്യവും ഉള്ള ആളായി കാണപ്പെട്ടു. ക്രമേണ ചക്രവർത്തിയുടെ സഹായത്തോടെ മറ്റു സ്ഥലങ്ങളിലുള്ള ക്രിസ്തീയ സമൂഹങ്ങളുടെ മേൽ അദ്ദേഹം നിയന്ത്രണം ചെലുത്താനും അധികാരം പ്രയോഗിക്കാനും തുടങ്ങി. റോമാ നഗരത്തിലെ ക്രിസ്തീയ സമൂഹത്തെ മാത്രം നയിക്കാൻ അധികാരമുണ്ടായിരുന്ന ബിഷപ്പ് റോമാ സാമ്രാജ്യത്തിലെ സകല ക്രൈസ്തവ സമൂഹങ്ങളെയും ഭരിക്കുന്ന ആളായി വളർച്ച പ്രാപിച്ചു. അങ്ങനെ പിതാവ് എന്നർത്ഥം വരുന്ന Pope (പാപ്പാ) എന്ന പദം തന്റെ ഔദ്യോഗിക നാമമായി റോമിലെ ബിഷപ്പ് സ്വീകരിച്ചു. അദ്ദേഹത്തിന്റെ കസേര സിംഹാസനമായി രൂപാന്തരപ്പെട്ടു; അങ്ങനെ മാർപ്പാപ്പായും അദ്ദേഹത്തിന്റെ സിംഹാസനവും റോമാനഗരത്തിൽ സ്ഥാപിതമായി. ലോകചരിത്രത്തിൽ അന്ധകാരയുഗങ്ങൾ (Dark Ages) എന്നറിയപ്പെടുന്ന കാലഘട്ടത്തിലാണ് ക്രൈസ്തവസഭയിൽ ഈ പരിവർത്തനങ്ങൾ ഉണ്ടായത്. മാർപ്പാപ്പാമാർ രാജാക്കന്മാരെക്കാളും വലിയ അധികാരവും പ്രതാപവുമാണ് ഈ കാലഘട്ടത്തിൽ പ്രകടിപ്പിച്ചിരുന്നത്. 11-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ രാജാവായിരുന്ന വില്യം ഒന്നാമന് ഗ്രിഗറി ഏഴാമൻ പാപ്പാ എഴുതിയ ഒരെഴുത്തിൽ പാപ്പാ സൂര്യനോടും രാജാവ് ചന്ദ്രനോടും തുല്യരാണ് എന്നായിരുന്നു എഴുതിയത്[8]. മാർപ്പാപ്പായുടെ സിംഹാസനത്തിന്റെ അധികാരവും പ്രതാപവും എത്ര വലുതായിത്തീർന്നു എന്ന് ഇതിൽനിന്ന് ഊഹിക്കാമല്ലോ! ഇത്രയധികം പ്രതാപവും അധികാരവുമുള്ള സിംഹാസനം ആർ സ്ഥാപിച്ചു എന്ന ചോദ്യത്തിന്റെ ഉത്തരമെന്താണ്? മുക്കുവനായി ജനിച്ച്

8. സഭാചരിത്രസംഗ്രഹം. P.P. 142-143 by Rev. Dr. C. E. Abraham. M.A.D.D. Third Revised Edition, 1954, published by the United Society for Christian Literature.

യേശുവിനെ കണ്ടെത്തിയശേഷം ക്രൂശിന്റെ സന്ദേശം പ്രസംഗിച്ചു കൊണ്ട് വിവിധ രാജ്യങ്ങളിലേക്കു പോകയും ജയിൽവാസവും പിഡനങ്ങളും പട്ടിണിയും എല്ലാം അനുഭവിക്കുകയും ഒടുവിൽ തന്റെ നാഥനെപ്പോലെ തന്നെ ക്രൂശിൽ തല ചായ്ച്ച് ഈ ലോകത്തോടു വിട പറകയും ചെയ്ത പത്രോസ് അപ്പോസ്തലനിൽ നിന്നാണ് അതു കിട്ടിയതെന്നു പറഞ്ഞാൽ അത് യുക്തിക്കോ ബുദ്ധിക്കോ ചരിത്രവസ്തുതകൾക്കോ നിരക്കുകയില്ല. നാലാം നൂറ്റാണ്ടിനുശേഷം റോമിലെ സഭയെ ഭരിച്ച ബിഷപ്പന്മാരുടെ അധികാരക്കൊതിയും അവർക്ക് റോമാ സാമ്രാജ്യത്തിന്റെ ചക്രവർത്തിയിൽ നിന്നു ലഭിച്ച സഹായസഹകരണങ്ങളുമായിരുന്നു ഈ സിംഹാസനരൂപീകരണത്തിനു പിന്നിലുണ്ടായിരുന്നത് എന്ന കാര്യം മേൽ ചൂണ്ടിക്കാണിച്ച ചരിത്ര വസ്തുതകളും ദൈവവചനവും നിസ്സംശയം വ്യക്തമാക്കുന്നുണ്ടല്ലോ.



## അദ്ധ്യായം 8

# സഭ പരിണാമത്തിലൂടെ

ഏതെങ്കിലും ഒരു പ്രത്യേക മതത്തിൽ പെട്ടവർ അതുവിട്ട് മറ്റൊരു മതം സ്വീകരിച്ചാൽ അവർ നേരത്തെ പരിചയിച്ചിരുന്ന മതത്തിന്റെ സ്വാധീനം പുതുതായി അവർ സ്വീകരിക്കുന്ന വിശ്വാസങ്ങളിൽ സ്വാധീനം ചെലുത്തുക സ്വാഭാവികമാണ്. ഇങ്ങനെ സംഭവിച്ചിട്ടുള്ളതിന് ചരിത്രത്തിൽ നിരവധി ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയും. ആധുനിക കാലത്തു സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളും ഈ വസ്തുത തെളിയിക്കുന്നുണ്ട്. 1996 സെപ്റ്റംബർ 8-ാം തീയതി കണ്ട ഒരു പത്രവാർത്തയനുസരിച്ച്[1] അരുണാചൽ പ്രദേശിൽ ഒരു പെൺകുട്ടിയെ തീയിൽ ദഹിപ്പിച്ചു കൊന്നു; മറ്റൊരു കുട്ടിയെ കൊല്ലാൻ ശ്രമിച്ചു. ഈ പ്രവൃത്തി ചെയ്തത് ക്രിസ്ത്യാനികളായിത്തീർന്ന അവിടത്തെ ചില ആളുകളാണ്. ക്രിസ്തീയ ഗീതങ്ങളും മറ്റും പാടിക്കൊണ്ടാണ് ഈ ആളുകൾ കൊല്ലപ്പെട്ട പെൺകുട്ടിയെ തൂണിൽ കെട്ടിനിറുത്തി പീഡിപ്പിക്കുകയും അതിനുശേഷം തീയിൽ ദഹിപ്പിച്ചു ചാമ്പലാക്കുകയും ചെയ്തത്. ക്രിസ്ത്യാനികൾ ചെയ്ത ക്രൂരകൃത്യം എന്നാണ് ഈ സംഭവം പത്രത്തിൽ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ ഭ്രാന്തൻ പ്രവൃത്തിയും ക്രിസ്തീയ വിശ്വാസവും തമ്മിൽ വല്ല ബന്ധവുമുണ്ടോ? പക്ഷേ, ക്രിസ്ത്യാനികൾ ചെയ്ത അവരുടെ ഒരു മതകർമ്മം എന്ന നിലയിൽ ഈ ക്രൂരകൃത്യം കാണപ്പെടുന്നു; എന്തുകൊണ്ട്?

---

1. Indian Express. Cochin Edition dt. 8th Sept. ’96. (ഈ പത്രവാർത്തയിൽ എന്തെങ്കിലും അതിശയോക്തിയോ പിശകോ ഉണ്ടെന്നു വന്നാൽപോലും ഇതിൽ അന്തർഭവിച്ചിരിക്കുന്ന തത്ത്വം തെറ്റെന്നു വരികയില്ല; കാരണം മതങ്ങളും സംസ്കാരങ്ങളും തമ്മിൽ പരസ്പരം ബന്ധപ്പെടുന്നതിന്റെ ഫലമായി അവ അന്യോന്യം സ്വാധീനിക്കുകയും അവയുടെ തത്ത്വങ്ങളും ആചാരാനുഷ്ഠാനങ്ങളും ഇടകലരുകയും ചെയ്യുന്നതു സ്വാഭാവികമാണെന്ന് മതങ്ങളുടെ ചരിത്രം തെളിയിക്കുന്നുണ്ട്.)

ഭൂതപ്രേതാദികളിൽ വിശ്വസിച്ചും അവയെ ആരാധിച്ചും കൊണ്ടിരുന്ന ആളുകൾ അവരുടെ മതത്തിൽ നിന്ന് പരിവർത്തനം ചെയ്തു ക്രിസ്ത്യാനികൾ ആയപ്പോൾ അവരുടെ പണ്ടത്തെ വിശ്വാസങ്ങളെയും ആചാരങ്ങളെയും പൂർണ്ണമായി ഉപേക്ഷിച്ചിരിക്കയില്ല; അവർ പരിചയിച്ചിരുന്ന ആരാധനാരീതികളും ആചാരങ്ങളും അവരുടെ ക്രിസ്തീയ വിശ്വാസങ്ങളെയും ആചാരങ്ങളെയും സ്വാധീനിച്ചു. അതിനാൽ അവരുടെ ക്രിസ്തീയത്വം അവരുടെ പണ്ടത്തെ മതവിശ്വാസങ്ങളുടെയും അവർ പുതുതായി സ്വീകരിച്ച ക്രിസ്തീയ വിശ്വാസങ്ങളുടെയും ഒരു സങ്കരമായിത്തീർന്നു. ഭൂതം ആവേശിച്ച ആളിനെ പീഡിപ്പിക്കാൻ ശ്രമിച്ചാൽ ഭൂതം അയാളെ വിട്ടുപോകുമെന്ന പ്രാകൃത മതസങ്കല്പത്തിന് ക്രിസ്തീയവേഷം നൽകിയതിന്റെ ഫലമായിട്ടാണ് മേല്പറഞ്ഞ ഭീകരസംഭവം ഉണ്ടാകാനിടയായത്. പ്രാകൃത മതവിശ്വാസമനുസരിച്ച് വെളിച്ചപ്പാട് തുള്ളിപ്പറയുന്ന കാര്യങ്ങൾ എല്ലായ്പ്പോഴും സത്യമാണ്. അരുണാചൽ പ്രദേശിലെ ആളുകൾ ക്രിസ്തീയ വിശ്വാസം സ്വീകരിച്ചപ്പോൾ അവരുടെ വെളിച്ചപ്പാടന്മാർക്ക് ക്രിസ്തീയ ഉപദേഷ്ടാക്കന്മാരുടെ വേഷം നൽകി. പണ്ടുകാലത്ത് ഭൂതബാധ ഒഴിപ്പിക്കാൻ ആ നാട്ടിലെ ആളുകൾ ചെയ്തിരുന്ന ക്രൂരകൃത്യങ്ങൾ ഇപ്പോൾ ക്രിസ്തുവിന്റെ പേരിൽ ക്രിസ്തീയ പാട്ടുകൾ ആലപിച്ചുകൊണ്ട് ചെയ്യാൻ അവർ മുതിർന്നു. അതിന്റെ ഫലമായി രണ്ടു പാവപ്പെട്ട പെൺകുട്ടികൾ അതികഠിനമായ പീഡനങ്ങൾക്കിരയായി; അവരിലൊരാൾ തീപ്പൊള്ളലോടുകൂടി രക്ഷപ്പെട്ടതിനെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടപ്പോൾ മറ്റെയാൾ തീയിൽ വെന്ത് വെണ്ണീറായിത്തീർന്നു! പ്രാകൃത മതവിശ്വാസം വച്ചുപുലർത്തിയിരുന്നവർ 'ക്രിസ്ത്യാനി'കളായിത്തീർന്നപ്പോൾ സംഭവിച്ച കാര്യം നോക്കുക! ഇതേ തരത്തിലുള്ള ഒരു മതപരിവർത്തനമാണ് റോമാ സാമ്രാജ്യത്തിൽ നാലാം നൂറ്റാണ്ടിൽ നടന്നത്.



ചക്രവർത്തി ക്രിസ്ത്യാനിയായതിനെത്തുടർന്ന് ആയിരക്കണക്കിനാളുകൽ ടൈബർ നദിയിൽ ഇറങ്ങി സ്നാനമേറ്റ് ക്രിസ്ത്യാനികളായിത്തീർന്നു! അതിനുശേഷം അവരുടെ പുറജാതി മതവിശ്വാസങ്ങളെ ക്രിസ്തീയവേഷങ്ങൾ അണിയിക്കാൻ തുടങ്ങി. തത്ഫലമായി നൂറുകണക്കിനുണ്ടായിരുന്ന പുറജാതി ദേവന്മാർ ദൈവത്തിനും മനുഷ്യർക്കുമിടയ്ക്ക് മദ്ധ്യസ്ഥത വഹിക്കുന്ന 'വിശുദ്ധന്മാർ' – ആയി രൂപാന്തരപ്പെട്ടു. ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന വിഗ്രഹങ്ങൾ ക്രിസ്തീയ പേരുകളോടും രൂപഭാവങ്ങളോടും കൂടെ ക്രിസ്ത്യാനികളുടെ ആരാധനാലയങ്ങളിൽ കയറി ഇരുപ്പുറപ്പിച്ചു.[2] ഇതിനെല്ലാം പുറമെ, ആത്മരക്ഷയെക്കുറിച്ചും പാപമോചനത്തെക്കുറിച്ചുമുള്ള ദൈവവചനത്തിലെ അടിസ്ഥാനതത്ത്വം നിരാകരിക്കപ്പെടുകയും അതിന്റെ സ്ഥാനത്ത് പുറജാതി മതോപദേശം സ്വീകരിക്കപ്പെടുകയും ചെയ്തു.

## രക്ഷയുടെ ഉപദേശം

മനുഷ്യർ ചിന്തിച്ചു കണ്ടുപിടിച്ചു നടപ്പിൽ വരുത്തിയിട്ടുള്ള സകല മതങ്ങളിലും കാണപ്പെടുന്ന അടിസ്ഥാനതത്ത്വം ആത്മരക്ഷയ്ക്കുവേണ്ടി ഓരോരോ കർമ്മങ്ങൾ അഥവാ പ്രവൃത്തികൾ ചെയ്യണമെന്നും അവ ചെയ്യുന്നതിന്റെ ഫലമായി ജീവിതാന്ത്യത്തിൽ–മര

2. രൂപങ്ങളുണ്ടാക്കി പള്ളിയിൽ വയ്ക്കുകയും അവയെ വണങ്ങുകയും ചെയ്യുന്ന പതിവ് നാലാം നൂറ്റാണ്ടിനു ശേഷമാണ് ക്രൈസ്തവ സഭയിലുണ്ടായത് എന്ന കാര്യം എല്ലാ ചരിത്രകാരന്മാരും ഒരുപോലെ ശരിവയ്ക്കുന്ന വസ്തുതതയാണ്. പഴയ നിയമകാലത്ത് യിസ്രായേൽ ജനം കെരൂബുകളുടെ രൂപങ്ങൾ ഉണ്ടാക്കി, ഓട്ടുസർപ്പത്തെ ഉണ്ടാക്കി എന്നൊക്കെ പറഞ്ഞ് സ്വരൂപവണക്കം ന്യായീകരിക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്. എന്നാൽ ഓട്ടുസർപ്പത്തെ ജനം ആരാധിക്കാൻ തുടങ്ങിയപ്പോൾ ദൈവത്തിന്റെ ദാസനായിരുന്ന ഹെസക്കിയാ രാജാവ് അതിനെ ഉടച്ചു പൊടിയാക്കിക്കളഞ്ഞുവെന്ന് വചനത്തിൽ (II രാജാക്കന്മാർ 18:4) നാം വായിക്കുന്നു. കെരൂബുകളെ ആരെങ്കിലും എന്നെങ്കിലും വണങ്ങിയതായി വചനത്തിൽ ഒരിടത്തും കാണുന്നുമില്ല.

ണത്തിനുശേഷം—ആത്മരക്ഷ ലഭിക്കുമെന്നുമാണ്. എന്നാൽ ക്രിസ്തീയ സന്ദേശത്തിന്റെ അടിസ്ഥാനതത്ത്വം ആത്മരക്ഷയും സമ്പൂർണ്ണമായ പാപമോചനവും യേശുക്രിസ്തുവിന്റെ ക്രൂശിലെ പാപ പരിഹാരയാഗവും ഉയിർത്തെഴുന്നേല്പ്പും മുഖാന്തരം — അത് തങ്ങൾക്കുവേണ്ടിയായിരുന്നെന്ന് വിശ്വസിക്കുകയും അംഗീകരിക്കു കയും ചെയ്യുന്നവർക്ക് — അപ്രകാരം വിശ്വസിക്കുന്ന നിമിഷത്തിൽ തന്നെ സൗജന്യമായി ലഭിക്കുന്നു എന്നതാണ്.

അതിനാൽ ക്രിസ്തീയ ജീവിതം എന്നു പറയുന്നതിന്റെ അർത്ഥം, ആത്മരക്ഷ ലഭിച്ചു കഴിഞ്ഞതിനുശേഷം ദൈവരാജ്യത്തിന്റെ പൗരന്മാരും ദൈവമക്കളും എന്ന നിലയിൽ ദൈവേഷ്ടം ചെയ്തു കൊണ്ട് ഈ ലോകത്തിൽ ജീവിക്കുന്ന ജീവിതം എന്നാണ്. ജനനം മുതൽ മരണം വരെ ആത്മരക്ഷയ്ക്കുവേണ്ടി ത്യാഗം സഹിച്ചും സത്കർമ്മങ്ങൾ ചെയ്തും തീർത്ഥാടനങ്ങൾ നടത്തിയും ജീവിക്കു ന്നതാണ് ദൈവേഷ്ട പ്രകാരമുള്ള ജീവിതം എന്നത് വിജാതീയ മത തത്ത്വമാണ്. അതനുസരിച്ചു ജീവിക്കുന്നവർക്ക് എത്ര ത്യാഗപൂർണ്ണ മായ ജീവിതം നയിച്ചാലും ജീവിതാന്ത്യത്തിൽ ആത്മരക്ഷ ലഭിച്ചു വെന്ന ഉറപ്പോടുകൂടി മരിക്കാൻ കഴിയുന്നുമില്ല. വിജാതീയ മതങ്ങ ളിൽ വിശ്വസിക്കുന്നവരുടെ ഈ ആത്മികാവസ്ഥ തന്നെയാണ്, നാലാം നൂറ്റാണ്ടിൽ റോമൻ വിജാതീയർ ക്രിസ്തുമതത്തിലേക്കു കൂട്ടമായി പരിവർത്തനം ചെയ്ത് ഇരച്ചുകയറിയതിനെത്തുടർന്ന് ക്രൈസ്തവ സഭയിലുമുണ്ടായത്.

യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിച്ച് യേശുവിൽ വിശ്വാസമർപ്പിച്ച് ആത്മരക്ഷ പ്രാപിച്ചു കഴിഞ്ഞ ഒരു ക്രിസ്ത്യാനി മരി



ച്ചതിനുശേഷം അയാൾക്ക് ആത്മശാന്തി നൽകേണമേ എന്ന് ആരും ദൈവത്തോടു പ്രാർത്ഥിക്കേണ്ട ആവശ്യമില്ല;[3] ഒരു ക്രിസ്ത്യാനിയായി — ആത്മരക്ഷ പ്രാപിച്ചവനായി — ദൈവേഷ്ടപ്രകാരം ലോകത്തിൽ ജീവിക്കാൻ ദൈവം അയാൾക്കു ഭാഗ്യം നൽകിയിരുന്നതോർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുക മാത്രമാണു വേണ്ടത്. അതിനാൽ ക്രൈസ്തവ സഭയിൽ മരിച്ചയാളിന്റെ ആത്മശാന്തിക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ പ്രശ്നമേ ഉദിക്കുന്നില്ല. എന്നാൽ പുറജാതി മതത ത്ത്വങ്ങളനുസരിച്ച് ഏതൊരാളും ജീവിതകാലം മുഴുവൻ ആത്മരക്ഷ യ്ക്കുവേണ്ടിയുള്ള കർമ്മങ്ങളനുഷ്ഠിച്ചുകൊണ്ടു ജീവിക്കണം; അയാൾ മരിച്ചുകഴിഞ്ഞാൽ അയാളുടെ ആത്മരക്ഷ ഉറപ്പു വരുത്താ നായി അയാളുടെ ബന്ധുമിത്രാദികൾ പല കർമ്മങ്ങൾ അനുഷ്ഠി ക്കയും നാട്ടുകാർക്കും വീട്ടുകാർക്കും കൂട്ടുകാർക്കുമെല്ലാം സദ്യ നട ത്തുകയും വേണം.[4]

റോമാസാമ്രാജ്യത്തിലെ വിഗ്രഹാരാധികളായിരുന്ന ജാതികൾ ക്രിസ്ത്യാനികളായിത്തീർന്നതിനെത്തുടർന്ന് അവർ പരിചയിച്ചിരുന്ന ഈ വിശ്വാസം ക്രൈസ്തവസഭയിലേക്കു കൊണ്ടുവന്നു. അതിന്റെ ഫലമായി, യേശുക്രിസ്തുവിന്റെ ക്രൂശിലെ പാപപരിഹാരയാഗത്തി ലർപ്പിക്കുന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഒരാൾ ദൈവത്തിൽ നിന്നുള്ള പുതുജനനം പ്രാപിച്ച് ദൈവരാജ്യത്തിന്റെ പൗരനും അവ

3. യേശുവിൽ വിശ്വാസമർപ്പിച്ച് ആത്മരക്ഷ പ്രാപിച്ചിട്ടില്ലാത്ത ഒരാൾ മരിച്ചതിനുശേഷം അയാൾക്കുവേണ്ടി ആർ എന്തു പ്രാർത്ഥിച്ചാലും ഒരു പ്രയോജനവും ഉണ്ടാകയില്ല എന്നത് വചനത്തിലെ സത്യമാണ്. ലൂക്കായുടെ സുവിശേഷം 16-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന ധനവാന്റെ അനുഭവവും 'ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും' എന്ന വേദവാക്യവും (ഹെബ്രായർ 9:27) ഇതിനു തെളിവാണ്.

4. കർക്കിടക മാസത്തിൽ കേരളത്തിൽ പലരും നടത്താറുള്ള വാവുബലി, മരിച്ചവരുടെ ആത്മാക്കളുടെ നന്മയ്ക്കുവേണ്ടി നമ്മുടെ നാട്ടിലെ വിജാതീയമതാചാരപ്രകാരം നട ത്തപ്പെടുന്ന ഒരു കർമ്മമാണ്.

കാശിയുമായിത്തീരുന്നുവെന്ന സത്യം വിസ്മരിക്കപ്പെട്ടു. പുറജാതി മതത്തിലെന്നപോലെ തന്നെ ക്രൈസ്തവസഭയിലും ദൈവേഷ്ടപ്രകാരമുള്ള ജീവിതമെന്നുവച്ചാൽ ആത്മരക്ഷ ലഭിക്കാൻവേണ്ടിയുള്ള കർമ്മാനുഷ്ഠാനങ്ങൾ നിറഞ്ഞ ജീവിതം എന്ന നിലയുണ്ടായി; മാത്രമല്ല, മരിച്ച നിമിഷത്തിൽ തന്നെ കർത്താവിന്റെ സന്നിധിയിലേക്കു കടന്നുചെല്ലുന്ന ക്രിസ്ത്യാനിയുടെ ആത്മാവിനു രക്ഷ നൽകേണമേ എന്നു പ്രാർത്ഥിക്കേണ്ട പ്രശ്നം ഇല്ലാതിരുന്ന ക്രൈസ്തവസഭയിൽ, മരിക്കുന്ന ആളുകളുടെ ആത്മശാന്തിക്കുവേണ്ടി പുറജാതി മതത്തിലെന്നപോലെ കർമ്മങ്ങളും പ്രാർത്ഥനകളും നടത്തണമെന്ന നിലയും ഉണ്ടായി. അങ്ങനെ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന നാലാം നൂറ്റാണ്ടിനുശേഷം[5] ക്രൈസ്തവസഭയുടെ ഒരു ഉപദേശമായി രൂപം പ്രാപിച്ചു.

## ദൈവമാതാവ്

റോമാസാമ്രാജ്യത്തിലെ വിജാതീയർ ക്രിസ്ത്യാനികളായി മതപരിവർത്തനം ചെയ്തതിനെത്തുടർന്ന് ക്രൈസ്തവസഭയുടെ വിശ്വാസാചാരങ്ങളിലുണ്ടായ പരിവർത്തനങ്ങളിൽ സുപ്രധാനമായ ഒന്ന് യേശുവിന്റെ അമ്മ മറിയത്തിനു നൽകപ്പെട്ട 'ദൈവമാതാവ്' എന്ന സ്ഥാനമാണ്. ത്രിയേകദൈവത്തിലെ രണ്ടാമത്തെ ആളത്വമായ ക്രിസ്തു മനുഷ്യനായി ഭൂമിയിൽ അവതരിച്ചപ്പോൾ സ്വീകരിച്ച യേശു എന്ന പേരിന് 'രക്ഷിതാവ്' എന്ന അർത്ഥമാണുള്ളതെന്നും യേശു

5. മരിച്ചവർക്കുവേണ്ടി ഇന്നു നടത്തപ്പെടുന്ന തിരുക്കർമ്മങ്ങൾ രൂപം പ്രാപിച്ചത് നാലാം നൂറ്റാണ്ടിനു ശേഷമായിരുന്നെങ്കിലും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചാൽ പ്രയോജനമുണ്ടാകുമോ എന്ന വിഷയം അതിനു മുമ്പുതന്നെ ക്രിസ്തീയ സഭയിൽ ചർച്ചാവിഷയമായിത്തീർന്നു എന്നാണ് ചരിത്രരേഖകൾ സൂചിപ്പിക്കുന്നത്. യേശുവിൽ വിശ്വാസമർപ്പിച്ച ഒരാൾ സ്നാനമേൽക്കുന്നതിനുമുമ്പു മരിച്ചുപോയാൽ അയാൾക്ക് ആത്മരക്ഷ കിട്ടാതെ പോകുമോ എന്നു ചിലർ ആശങ്ക പ്രകടിപ്പിച്ച പശ്ചാത്തലത്തിലാണ് ഇത് ചിന്താവിഷയമായിത്തീർന്നത്.



സാക്ഷാൽ ദൈവമാണെന്നും ബൈബിൾ പ്രസ്താവിക്കുന്നുണ്ട്. യേശു ദൈവമായതിനാൽ യേശുവിന്റെ അമ്മ ദൈവത്തിന്റെ അമ്മയാണ്, അതിനാൽ മറിയത്തിന് ദൈവമാതാവ് എന്ന സ്ഥാനമുണ്ട് എന്നാണ് ഇതിന് അടിസ്ഥാനമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ന്യായം. എന്നാൽ മറിയം ദൈവത്തിന്റെ മാതാവാണെങ്കിൽ മറിയത്തിന്റെ അപ്പൻ ദൈവത്തിന്റെ അപ്പൂപ്പനും മറിയത്തിന്റെ അമ്മ ദൈവത്തിന്റെ അമ്മൂമ്മയും ആയിരിക്കേണ്ടേ? മാത്രമല്ല, നമ്മുടെ ആദിമാതാപിതാക്കളായ ആദമും ഹവ്വയും ദൈവത്തിന്റെ വലിയ വല്യപ്പൂപ്പനും വലിയ വല്യമ്മൂമ്മയും ആണെന്നും കൂടെ പറയേണ്ടിവരില്ലേ? അതായത്, ആദ്യന്തമില്ലാത്ത, എല്ലാറ്റിന്റെയും ആദികാരണമായ ദൈവം ആദിയുള്ളവനാണെന്നും തന്റെ സൃഷ്ടിയിൽ നിന്നാണ് താൻ ജനിച്ചതെന്നും ഉള്ള യുക്തിവിരുദ്ധവും വചനവിരുദ്ധവുമായ ആശയം ദൈവമാതാവ് എന്ന പദപ്രയോഗത്തിലുണ്ട്. സൃഷ്ടി സ്രഷ്ടാവിനേക്കാൾ നേരത്തെ ഉണ്ടായിരുന്നുവെന്നും, സ്രഷ്ടാവിന്റെ പദവി സൃഷ്ടിയുടേതിനേക്കാൾ കുറഞ്ഞതാണെന്നും ചിന്തിക്കാൻ ഇടവരുത്തുന്ന പദപ്രയോഗമാണിത്. മറിയം ത്രിയേകദൈവത്തിലെ രണ്ടാമത്തെ ആളത്വമായ അനാദ്യന്ത്യനായ ക്രിസ്തുവിന്റെ അമ്മയായിരുന്നില്ല, പിന്നെയോ, മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ അമ്മയായിരുന്നു; അവൾ ദൈവമായ യേശുവിന്റെ സൃഷ്ടിയായിരുന്നു, അമ്മയായിരുന്നില്ല; ദൈവം എന്ന നിലയിൽ യേശു മറിയത്തിന്റെ മകനല്ല, പിന്നെയോ, അവളുടെ സ്രഷ്ടാവുതന്നെ ആയിരുന്നു, എന്നിങ്ങനെ ചിന്തിക്കുവാനാണ് ദൈവവചനത്തിൽ ന്യായം കാണുന്നത്. അതുകൊണ്ട്, 'ദൈവത്തിന്റെ അമ്മ' എന്ന അർത്ഥത്തിൽ 'ദൈവമാതാവ്' എന്ന പദവി മറിയത്തിനു നൽകുന്നത് വചനവിരുദ്ധമാണ്. എന്നാൽ ഈ പദവി അവൾക്കു നൽകപ്പെട്ടതിന്റെ ചരിത്രപശ്ചാത്തലം നാം മനസ്സിലാക്കേണ്ടതാണ്; അതു താഴെ കുറിക്കുന്നു:

പശ്ചിമേഷ്യയിലെ ഫ്രിജിയ എന്ന രാജ്യത്ത് സിബലി (Cybele) എന്ന പേരിൽ പുരാതനകാലത്ത് അറിയപ്പെടുകയും അവിടത്തെ ജന ങ്ങളാൽ ആരാധിക്കപ്പെടുകയും ചെയ്തിരുന്ന ഒരു ദേവിക്ക് 'ദൈവ മാതാവ്' (The Mother of the Gods) എന്ന സ്ഥാനപ്പേര് ഉണ്ടായിരുന്നു. ഈ ദേവിയെ റോമാനഗരത്തിലെ ജാതികൾ ബി.സി. 204ൽ ആരാധി ക്കാൻ തുടങ്ങി. ജനങ്ങൾ ഈ ദേവിയെ ആരാധിക്കാൻ തുടങ്ങി യാൽ വിദേശാക്രമണങ്ങളിൽനിന്നു രാജ്യത്തിനു രക്ഷ കിട്ടുമെന്ന് ഒരു പ്രവചനം ഉണ്ടായി; അതാണ് അവളുടെ ഒരു പ്രതിമ ഫ്രിജിയ രാജ്യ ത്തു നിന്ന് റോമാനഗരത്തിലേക്ക് കൊണ്ടുവരാൻ കാരണമായത്. അങ്ങനെ റോമാനഗരത്തിലെ വിജാതീയർ 'ദൈവമാതാവ്' എന്ന പേരിൽ ഈ ദേവിയെ അന്നുമുതൽ ആരാധിച്ചു വന്നിരുന്നു. സർ ജെയിംസ് ഫ്രേസർ എഴുതിയതും ആദ്യമായി 1890ൽ പ്രസിദ്ധീകരി ക്കപ്പെട്ടതുമായ The Golden Bough : A History of Myth and Religion എന്ന ഗ്രന്ഥത്തിൽ[6] ഈ കാര്യങ്ങൾ വിശദമായി രേഖപ്പെടുത്തിയിട്ടു ണ്ട്. നാലാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യത്തിലെ ജനങ്ങൾ കൂട്ടമായി ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തപ്പോൾ ഫ്രിജിയയിൽ നിന്നു തങ്ങളുടെ പൂർവ്വപിതാക്കന്മാർ കൊണ്ടുവന്ന, ദീർഘകാലം തങ്ങൾ ആരാധിച്ച പ്രിയപ്പെട്ട ദേവിക്ക് അവളുടെ പദവിക്കു കോട്ടം ഒന്നും തട്ടാൻ അനുവദിക്കാതെ, തങ്ങൾ സ്വീകരിച്ച പുതിയ മതത്തിൽ സ്ഥാനം കൊടുത്തു. അതാണ് എ.ഡി. 312ൽ കുസ്തന്തീനോസ് (Constantine the Great) ചക്രവർത്തി ക്രിസ്തുമതം സ്വീകരിക്കുകയും തുടർന്ന് റോമാസാമ്രാജ്യത്തിലെ ജനങ്ങൾ മതപരിവർത്തനം ചെയ്യു കയും ചെയ്തതിന്റെ ശേഷം മാത്രം ക്രൈസ്തവസഭയിൽ 'ദൈവമാ താവവി'നെക്കുറിച്ചുള്ള ഉപദേശം പ്രത്യക്ഷപ്പെട്ടതിന്റെ ചരിത്രപശ്ചാ

6. The Golden Bough : A History of Myth and Religion by Sir James Frazer. Abridged Volume published by Macmillan & Co. Ltd. in 1994. PP 347-348.



ത്തലം. ഇപ്രകാരം വിജാതീയമതത്തിലെ ദേവിക്ക് ക്രൈസ്തവസഭ യിൽ സ്ഥാനം കൊടുത്തതിനു ശേഷം അതിനു ന്യായീകരണം കണ്ടെ ത്താൻ ശ്രമിച്ചതിന്റെ ഫലമായിട്ടാണ് "യേശു ദൈവമാണ്, അതിനാൽ യേശുവിന്റെ മാതാവ് ദൈവമാതാവാണ്" എന്ന് പ്രത്യക്ഷത്തിൽ ശരി യെന്നു തോന്നുന്ന വാദം ഉന്നയിക്കപ്പെട്ടത്. സൂക്ഷ്മമായി പരിശോ ധിക്കുമ്പോൾ ഈ വാദം തികച്ചും യുക്തിഹീനമാണെന്നു തെളിയും. ദൈവമായിരുന്ന ക്രിസ്തു മനുഷ്യത്വം സ്വീകരിക്കുന്നതിനുമുമ്പ് മറി യത്തിന്റെ മകനായിരുന്നുവോ എന്ന ചോദ്യത്തിന്റെ ഉത്തരം എന്താണ്? അല്ല എന്നല്ലേ? അതിൽ നിന്ന് തെളിയുന്നത്, ദൈവം എന്ന നിലയിൽ യേശുക്രിസ്തുവിനു മാതാവില്ലായിരുന്നു എന്നും മനു ഷ്യൻ എന്ന നിലയിൽ മാത്രമാണ് മറിയം തന്റെ മാതാവായിരുന്നത് എന്നുമാണ്. അതിനാൽ 'ദൈവമാതാവ്' എന്ന പദപ്രയോഗം ദൈവ വചന സത്യങ്ങൾക്കു വിരുദ്ധമാണ്. വാസ്തവത്തിൽ പുറജാതിദേവി യുടെ പേരുമാറ്റി അവൾക്ക് യേശുവിന്റെ അമ്മയുടെ പേരു കൊടുത്ത് അവളെ ക്രിസ്തീയോപദേശങ്ങളുടെ ഭാഗമാക്കിത്തീർത്തു എന്ന ചരി ത്രവസ്തുതയാണ് ഈ പദപ്രയോഗത്തിനു പിന്നിലുള്ളത്; അബദ്ധം പറ്റി യുക്തിഹീനമായി വചനം വ്യാഖ്യാനിച്ചുപോയി എന്ന തെറ്റല്ല ഇതിൽ അന്തർഭവിച്ചിരിക്കുന്നത്.

മറ്റൊരു കാര്യം കൂടി ഈ വിഷയം സംബന്ധിച്ചു ശ്രദ്ധാർഹ മാണ്. റോമൻ ജാതികൾ ആരാധിച്ചിരുന്ന, ഫ്രിജിയയിൽ നിന്നുകൊ ണ്ടുവന്ന 'ദൈവമാതാവിന് പൂർവ്വപിതാക്കന്മാരും മാതാക്കളും ഇല്ലാ യിരുന്നു. അതിനാൽ മറിയത്തിന്റെ പേരു അവൾക്കു നൽകിയപ്പോൾ മറിയത്തിന്റെ പൂർവ്വപിതാക്കന്മാരുടെയും മാതാക്കളുടെയും പേരുകൾ ആ ദൈവമാതാവിനോടു ബന്ധിപ്പിക്കാൻ കഴിഞ്ഞില്ല. അതുകൊ ണ്ടാണ് മറിയത്തിന്റെ പൂർവ്വപിതാക്കന്മാരും മാതാക്കളും ദൈവത്തിന്റെ പൂർവ്വപിതാക്കന്മാരും മാതാക്കളുമാണെന്ന ഉപദേശം ക്രൈസ്തവസ

ഭയിൽ കൊണ്ടുവരാനൊക്കാതെ പോയത്. മറിയം ദൈവമാതാവാണെന്നു പറയുന്നെങ്കിലും മറിയയുടെ അപ്പനും അമ്മയും പൂർവ്വികരും ദൈവത്തിന്റെ അപ്പൂപ്പനും അമ്മൂമ്മയും പൂർവ്വികരും ആണെന്നു പറയാത്തതിൽ നിന്നും തെളിയുന്നത്, മറിയത്തെ ദൈവമാതാവ് എന്നു വിളിക്കുമ്പോൾ, മറിയം എന്ന പേരുകൊണ്ടു വാസ്തവത്തിൽ അർത്ഥമാക്കുന്നത്, മാതാപിതാക്കളും പൂർവ്വികരും ഉള്ള ദൈവവചനത്തിലെ മറിയത്തെയല്ല, പിന്നെയോ അവരില്ലാത്ത, വിജാതീയ മത്തിലെ ദേവിയെത്തന്നെയാണ് എന്നുള്ളതാണ്. ദൈവവചനത്തിലെ മറിയം തന്നെയാണ് നമ്മുടെ ചിന്താമണ്ഡലത്തിലുള്ളതെങ്കിൽ, ആ മറിയത്തെ 'ദൈവമാതാവ്' എന്നു വിശേഷിപ്പിക്കുക സാധ്യമല്ല.

## സങ്കരമതം

മേൽചൂണ്ടിക്കാണിച്ച വസ്തുതകൾ വ്യക്തമാക്കുന്നത് നാലാം നൂറ്റാണ്ടിലെ റോമൻ പുറജാതികളുടെ മതപരിവർത്തനം ക്രൈസ്തവസഭയിൽ വമ്പിച്ച പരിവർത്തനങ്ങൾ ഉളവാക്കിയെന്നാണ്. ക്രിസ്തീയോപദേശങ്ങൾക്ക് അടിസ്ഥാനപരമായ വ്യത്യാസം സംഭവിക്കയും അവ ജാതീയവല്ക്കരിക്കപ്പെടുകയും ചെയ്തു. ഇപ്രകാരം സംഭവിച്ചതിൽ അത്ഭുതകരമായി യാതൊന്നുമില്ല. നദിയിലെ ഉപ്പുരസമില്ലാത്ത വെള്ളം ഒഴുകി സമുദ്രത്തിലേക്കു പതിക്കുന്ന സ്ഥലത്തുള്ള നദീജലമെടുത്തു രുചി നോക്കിയാൽ അതിനു നല്ല ഉപ്പുരസം കാണുകയില്ലേ? നദി ഉത്ഭവിച്ച സ്ഥാനത്തെ വെള്ളം ശുദ്ധമായിരുന്നുവല്ലോ, പിന്നെയെന്താണിങ്ങനെ, എന്നു നാം അത്ഭുതപ്പെടുന്നില്ല. ഒരു വിശ്വാസസംഹിത മറ്റൊന്നുമായി ബന്ധപ്പെട്ടാൽ തത്ഫലമായി അവ രണ്ടിന്റെയും കൂടിയുള്ള ഒരു സങ്കരമായിരിക്കും രൂപം കൊള്ളുന്നത്. അതാണ് മദ്ധ്യകാലഘട്ടത്തിൽ-നാലാം നൂറ്റാണ്ടിനുശേഷം ക്രൈസ്തവസഭയ്ക്കു സംഭവിച്ചത്. റോമൻ പുറജാതി മതതത്ത്വങ്ങൾ ക്രൈസ്തവസഭയെ സ്വാധീനിച്ചതിനാൽ, ഉപദേശാചാരങ്ങളിലും സഭാഭരണരീ



തിയിലും എല്ലാം മാറ്റം സംഭവിച്ചു. തത്ഫലമായി വിജാതീയ വിശ്വാസങ്ങളും ക്രിസ്തീയ വിശ്വാസങ്ങളും കൂടിച്ചേർന്നുണ്ടായ ഒരു സങ്കരമതമായി സഭ രൂപാന്തരപ്പെട്ടു. പുറജാതി മതത്തിലുണ്ടായിരുന്ന പുരോഹിതസ്ഥാനങ്ങൾക്കു തുല്യമായ അധികാരസ്ഥാനങ്ങൾ സഭയിലുണ്ടായി. പുരാതന റോമാ നഗരത്തിലെ ഏറ്റവും വലിയ മതപുരോഹിതന്റെ സ്ഥാനപ്പേരായിരുന്നു Pontifix Maximus എന്നത്. റോമിലെ ബിഷപ്പ് ചക്രവർത്തിയുടെ പിന്തുണയോടുകൂടി[7] മറ്റു സ്ഥലങ്ങളിലെ ബിഷപ്പുമാരുടെ മേലധികാരിയായിത്തീർന്നപ്പോൾ അദ്ദേഹം സ്വീകരിച്ച സ്ഥാനപ്പേര് ഇതു തന്നെയായിരുന്നു. ഇപ്പോൾ Pontiff (Pontifix) എന്നത് മാർപ്പാപ്പാ എന്ന പദത്തിന്റെ പര്യായമായി എല്ലാ ആധികാരിക നിഘണ്ഡുകളിലും കാണുന്നതിന്റെ ചരിത്രപശ്ചാത്തലം ഇതാണ്.

## ശുദ്ധീകരണത്തിന്റെ ആവശ്യം

പർവ്വതശിഖരത്തിൽ നിന്നുത്ഭവിച്ചു താഴേക്കൊഴുകിവരുന്ന അരുവിയിലെ ശുദ്ധജലം സമുദ്രത്തിൽ പതിച്ചുകഴിഞ്ഞാലും അതു ശുദ്ധമായിരിക്കും എന്നു നാം പറകയില്ല. അങ്ങനെ ആരെങ്കിലും പറഞ്ഞാൽ അതു തെറ്റായ അവകാശവാദമാണെന്നു നാം പറയും.

7. റോമിലെ ബിഷപ്പിന് മറ്റു സ്ഥലങ്ങളിലെ സഭകളുടെമേൽ അധികാരമുണ്ടെന്ന് എ.ഡി. 444ൽ വിളംബരം പുറപ്പെടുവിച്ച വലന്റിനിയൻ എന്ന റോമാ ചക്രവർത്തിയെക്കുറിച്ച് Encyclopaedia Britannica (1967 Edition Vol. 22. P. 854) ഇപ്രകാരമാണ് പ്രസ്താവിച്ചിരിക്കുന്നത: "In 444 Valentinian, acting in conjunction with Pope Leo the Great, issued his famous Novel 17, assigning to the Bishop of Rome a supremacy over the provincial churches that the Popes had been trying to establish but that many leading churchmen had been unwilling to admit". ("വലന്റിനിയൻ ചക്രവർത്തി മഹാനായ പോപ്പ് ലിയോയുടെ താല്പര്യപ്രകാരം റോമിലെ ബിഷപ്പിന് മറ്റു സ്ഥലങ്ങളിലെ സഭകളുടെമേൽ അധികാരമുണ്ടെന്ന് എ.ഡി. 444-ൽ Novel 17 എന്ന പേരിൽ അറിയപ്പെടുന്ന തന്റെ കല്പന മുഖാന്തരം പ്രഖ്യാപിച്ചു. അങ്ങനെ, പല പാപ്പാമാരും സ്ഥാപിച്ചെടുക്കാൻ ശ്രമിച്ചതും സഭാനേതാക്കന്മാരിൽ പലരും എതിർത്തതുമായ, മറ്റു സ്ഥലങ്ങളിലെ സഭകളുടെ മേലുള്ള അധിശത്വം (നിയന്ത്രണം) റോമിലെ ബിഷപ്പിനു ലഭിച്ചു.")

അതുപോലെതന്നെ, ഒന്നാം നൂറ്റാണ്ടിൽ യേശുക്രിസ്തുവിനാലും തന്റെ അപ്പോസ്തലന്മാരാലും സ്ഥാപിക്കപ്പെട്ട ക്രൈസ്തവ സഭയുടെ വിശ്വാസങ്ങളോടും ഉപദേശങ്ങളോടും പുറജാതി മതതത്ത്വങ്ങളും ആചാരാനുഷ്ഠാനങ്ങളും റോമൻ സാമ്രാജ്യ ഭരണരീതിയും കൂടിക്കലർന്നതിന്റെ ഫലമായി മദ്ധ്യകാലഘട്ടത്തിൽ രൂപംപ്രാപിച്ച പുതിയ മതം അപ്പോസ്തലിക ക്രിസ്തീയ സമൂഹത്തിന്റെ പിന്തുടർച്ചയാണെന്നവകാശപ്പെടുന്നതും തെറ്റായ അവകാശവാദമാണെന്നു നാം പറയേണ്ടിയിരിക്കുന്നു.

എന്തൊക്കെ തത്ത്വങ്ങളും ആശയങ്ങളും ആചാരാനുഷ്ഠാനങ്ങളും മൂന്നാം നൂറ്റാണ്ടിനുശേഷം പുറജാതിമതങ്ങളിൽനിന്നു ക്രൈസ്തവസഭയിലേക്കു കടന്നുവന്നിട്ടുണ്ടോ അവയെല്ലാം പൂർണ്ണമായി ഉപേക്ഷിച്ച് ക്രൈസ്തവ സമൂഹത്തിൽ വലിയ ഒരു ശുദ്ധീകരണം നടത്തേണ്ടത് ഇന്നത്തെ ആവശ്യമാണ്. വ്യക്തിപരമായി ഓരോരുത്തരും ദൈവവചനസത്യങ്ങൾ മനസ്സിലാക്കി അവ സ്വന്തജീവിതത്തിൽ അനുസരിക്കുമ്പോഴാണ് സമൂഹത്തിൽ പരിവർത്തനം ഉണ്ടാകുന്നത്. സമൂഹത്തെ പരിവർത്തന വിധേയമാക്കിക്കഴിഞ്ഞിട്ട് ഞാൻ സത്യം സ്വീകരിക്കാം എന്നു ചിന്തിക്കുന്നത്,[8] കുതിരയെ വണ്ടിക്കു

8. സമൂഹം നന്നാകുമ്പോൾ ഞാനും നന്നാകാം എന്നു ചിലർ പറയുന്നത് വാസ്തവത്തിൽ ഭീരുത്വം നിമിത്തമാണ്, മറ്റുള്ളവർക്കില്ലാത്ത അനുഗ്രഹം തങ്ങൾക്കും വേണ്ട എന്ന മനോഭാവം നിമിത്തമല്ല. ആ മനോഭാവം നിമിത്തമായിരുന്നെങ്കിൽ, സമൂഹത്തിൽ അനേകർക്കും ദാരിദ്ര്യമുള്ളതിനാൽ എനിക്കു സമൃദ്ധി വേണ്ട, അനേകർക്കു നല്ല വീടില്ലാത്തതിനാൽ എനിക്കു നല്ല വീടു വേണ്ട, അനേകർക്കു നല്ല ഭക്ഷണമില്ലാത്തതിനാൽ എനിക്കു നല്ല ഭക്ഷണം വേണ്ട, ബസ്സിൽ യാത്ര ചെയ്യുന്ന പലർക്കും ഇരിക്കാൻ സീറ്റു കിട്ടാത്തതിനാൽ, ബസ്സിൽ കയറുമ്പോൾ എനിക്കു സീറ്റുവേണ്ട, എന്നിപ്രകാരം നാം ചിന്തിച്ചേനേ. ഇപ്രകാരം ആരും ചിന്തിക്കാത്തതിനാൽ ആത്മരക്ഷയുടെയും സത്യവിശ്വാസത്തിന്റെയും കാര്യത്തിൽ മാത്രം, സമൂഹം അങ്ങനെയായതിനാൽ ഞാനും അങ്ങനെ തന്നെ എന്നു ചിന്തിക്കുന്നതിനു ന്യായീകരണമില്ല. അങ്ങനെ പറയുന്നത് സമൂഹത്തിനു മുമ്പിൽ നാം ഭീരുക്കളായതുകൊണ്ടു മാത്രമാണ്. ഭീരുത്വം, നരകത്തിലേക്കു നമ്മെ വലിച്ചിഴയ്ക്കുന്ന പാപമാണെന്നാണ് ബൈബിളിൽ (വെളിപ്പാട് 21:8) പറഞ്ഞിരിക്കുന്നത്.



പിന്നിൽ കെട്ടിയിട്ടു വണ്ടിയോടിക്കാം എന്നു കരുതുന്നതുപോലെ തന്നെ അപ്രായോഗികമാണ്. വ്യക്തികളായും കുടുംബങ്ങളായും അസത്യങ്ങളും തെറ്റുകളും ത്യജിച്ചിട്ട് ദൈവവചനത്തിലെ സത്യങ്ങൾ അപ്പടി സ്വീകരിക്കാൻ നാം തയ്യാറാകണം. സമൂഹത്തിലെ വ്യക്തികൾ ഇതു ചെയ്യാൻ മുന്നോട്ടിറങ്ങുമ്പോൾ തെറ്റായ പാതയിൽനിന്നും അബദ്ധവിശ്വാസങ്ങളിൽനിന്നും സമൂഹം തന്നെ പിന്തിരിഞ്ഞ് ദൈവവചനത്തിന്റെ പാതയിലേക്കു പ്രവേശിക്കും. അതിനാൽ ഈ ശുദ്ധീകരണ പ്രക്രിയ നമ്മുടെ വ്യക്തിപരമായ ജീവിതത്തിലാണ് ആരംഭിക്കേണ്ടത്. അബദ്ധ വിശ്വാസങ്ങൾ ഉപേക്ഷിച്ച് സത്യവിശ്വാസം സ്വീകരിക്കേണ്ടത് വ്യക്തിപരമായി നാമോരോരുത്തരുടെയും ആത്മരക്ഷയ്ക്ക് അത്യന്താപേക്ഷിതമായതിനാൽ അതു ചെയ്യുവാൻ നാം ധൈര്യം കാണിച്ചേ മതിയാകൂ.

# അദ്ധ്യായം 9
# കുമ്പസാരം

പുരോഹിതനോട് അല്മായർ പാപം ഏറ്റുപറയുകയും പുരോഹിതൻ ദൈവത്തിന്റെ സ്ഥാനത്തു നിന്നുകൊണ്ട് അതു ക്ഷമിച്ചു കൊടുക്കുകയും സദുപദേശങ്ങൾ നല്കുകയും ചെയ്യുക എന്നതാണ് കുമ്പസാരം എന്ന പദം കൊണ്ടർത്ഥമാക്കുന്നത്. പത്രോസും മറ്റ് അപ്പോസ്തോലൻമാരും ക്രിസ്തീയവിശ്വാസികളെ പഠിപ്പിച്ച ഉപദേശങ്ങളിൽ ഇത് ഉണ്ടായിരുന്നുവോ എന്നും, ഇല്ലായിരുന്നെങ്കിൽ എങ്ങനെ, എന്ന്, ഇത് ക്രൈസ്തവസഭയുടെ ഒരു ഉപദേശമായിത്തീർന്നു എന്നും നാം മനസ്സിലാക്കേണ്ടതാണ്. ചില തത്ത്വങ്ങളുടെ അടിസ്ഥാനത്തിലാണ് കുമ്പസാരം നടത്തപ്പെടുന്നതെന്ന് കാണാൻ കഴിയും. ആ തത്ത്വങ്ങളും നാലാം നൂറ്റാണ്ടു മുതൽ പതിനൊന്നാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടത്തിൽ ക്രൈസ്തവസഭയ്ക്കുണ്ടായ പരിണാമവും തമ്മിൽ ബന്ധമുണ്ട്. അതിനാൽ കുമ്പസാരത്തെകുറിച്ച് അല്പം ആഴമായ ഒരു പഠനം നടത്തുന്നത് തികച്ചും അഭിലഷണീയമാണ്.

## ബൈബിളിൽ

യേശുക്രിസ്തുവിൽ വിശ്വാസമർപ്പിച്ചു ദൈവമക്കളായിത്തീർന്നവർ പാപത്തിൽ അകപ്പെട്ടുപോയാൽ അതിനെക്കുറിച്ച് അനുതപിക്കുകയും ദൈവസന്നിധിയിൽ അത് ഏറ്റുപറഞ്ഞ് ക്ഷമയ്ക്കായി അപേക്ഷിക്കുകയും ചെയ്യണമെന്ന് വചനത്തിൽ പറഞ്ഞിരിക്കുന്നു. ഈ പ്രമാണമനുസരിച്ച്, പത്രോസ് അപ്പോസ്തോലൻ ശിമയോൻ എന്നയാളിനു കൊടുത്ത നിർദ്ദേശം അപ്പ: പ്രവർത്തനങ്ങൾ 8-ാം അദ്ധ്യായത്തിൽ നാം കാണുന്നു. ദൈവാത്മാവിനാൽ നിറയപ്പെട്ട ആളുകളാൽ നടക്കുന്ന അത്ഭുതങ്ങളും അടയാളങ്ങളും കണ്ടു ഭ്രമിച്ച ശിമയോൻ യേശുവിൽ വിശ്വസിച്ചതായി ഏറ്റുപറഞ്ഞു സ്നാനമേറ്റു; അതിനു ശേഷം അവൻ അപ്പോസ്തലൻമാർക്ക് പണം നല്കികൊണ്ട് " ഞാൻ ആരുടെമേൽ കൈകൾ വച്ചാലും അവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കത്തക്കവിധം ഈ ശക്തി എനിക്കും തരുക" (അപ്പൊ: 8:19) എന്ന് ആവശ്യപ്പെട്ടു. പരിശുദ്ധാത്മവരങ്ങൾ വിറ്റു കാശാക്കാനുള്ള അവന്റെ ദുരാഗ്രഹം മനസ്സിലാക്കിയ പത്രോസ് ഇതിനു മറുപടിയായി "നിന്റെ വെള്ളിത്തുട്ടുകൾ നിന്നോട്കൂടെ നശിക്കട്ടെ, എന്തെന്നാൽ ദൈവത്തിന്റെ ദാനം പണം കൊടുത്തു വാങ്ങാമെന്നു നീ വ്യാമോഹിച്ചു. നിനക്ക് ഈ കാര്യത്തിൽ ഭാഗഭാഗിത്വമോ അവകാശമോ ഉണ്ടായിരിക്കുകയില്ല. കാരണം, നിന്റെ ഹൃദയം ദൈവസന്നിധിയിൽ ശുദ്ധമല്ല. അതിനാൽ നിന്റെ ഈ ദുഷ്ടതയെക്കുറിച്ചു നീ അനുതപിക്കുകയും കർത്താവിനോടു പ്രാർത്ഥിക്കുകയും ചെയ്യുക. ഒരുപക്ഷെ നിന്റെ ഈ ദുഷ്ടവിചാരത്തിനു മാപ്പു ലഭിക്കും. നീ കടുത്ത വിദ്വേഷത്തിലും അനീതിയുടെ ബന്ധനത്തിലുമാണെന്ന് ഞാൻ മനസ്സിലാക്കുന്നു" (അപ്പ. പ്രവ: 8:20-23) എന്നു പറഞ്ഞു. ശിമയോൻ ചെയ്ത പാപത്തിനു പരിഹാരം ഉണ്ടാകുന്നതിന് അവൻ അനുതപിച്ച് കർത്താവിനോട് ക്ഷമയ്ക്കായി പ്രാർത്ഥിക്കണമെന്നാണ് പത്രോസ് ആവശ്യപ്പെട്ടത്. തന്റെ മുമ്പാകെയോ മറ്റേതെങ്കിലും അപ്പൊസ്തലന്റെ മുമ്പാകെയോ അനുതാപം പ്രകടിപ്പിക്കണമെന്ന് (കുമ്പസാരിക്കണമെന്ന്) അല്ല പത്രോസ് അയാളോടു പറഞ്ഞത്. ഒന്നാം നൂറ്റാണ്ട് മുതൽ നാലാം നൂറ്റാണ്ടു വരെയും സഭയിൽ നിലവിലിരുന്നത് ഈ പഠിപ്പിക്കൽ തന്നെയായിരുന്നു. പാപത്തിൽ അകപ്പെടുന്ന മനുഷ്യനും പാപം ക്ഷമിക്കുന്നതിന് അധികാരമുള്ള ദൈവത്തിനും ഇടയ്ക്കു നിൽക്കുന്ന ഏകമദ്ധ്യസ്ഥൻ യേശുക്രിസ്തുവാണെന്ന ദൈവവചന സത്യത്തിന് അനുസൃതമായ വിധത്തിൽ, ദൈവത്തോട് യേശുക്രിസ്തു മുഖാന്തരം പാപക്ഷമയ്ക്കായി അനുതാപത്തോടെ പ്രാർത്ഥിക്കുന്ന പതിവായിരുന്നു ക്രൈസ്തവസഭയിൽ നിലവിലിരുന്നത്.

എന്നാൽ നാലാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യത്തിലെ പുറജാതികൾ മതപരിവർത്തനം ചെയ്തു ക്രിസ്ത്യാനികളായിത്തീരുകയും ക്രമേണ

റോമിലെ ബിഷപ്പിന്റെ അവകാശാധികാരങ്ങൾ വർദ്ധിച്ചു വർദ്ധിച്ച് അദ്ദേഹം രാജാവിന്റെ പ്രതാപവും മഹിമയും ഉള്ള ഭരണാധികാരി യായിത്തീരുകയും ചെയ്തപ്പോൾ രാജാവിനെ അനുകരിച്ച് പലകാ ര്യങ്ങളും അദ്ദേഹം ചെയ്യാൻ തുടങ്ങി. രാജാവ് ചെങ്കോൽ കയ്യിൽ വഹിക്കുന്നതിനു തുല്ല്യമായി ബിഷപ്പ് കയ്യിൽ അംശവടി പിടിക്കാൻ തുടങ്ങി; രാജാവിന്റെ തലയിലെ കീരീടത്തിനു പകരം ബിഷപ്പ് അതു പ്പോലെ തന്നെ ആകർഷകമായ തൊപ്പി അണിയുവാൻ തുടങ്ങി. മാത്ര മല്ല പുരാതന റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തിമാരെ ദേവൻമാ രായി കരുതി ജനങ്ങൾ അവരെ ആരാധിക്കുകയും അവർക്കു ബലി അർപ്പിക്കുകയും ചെയ്തുവന്നിരുന്നതിന്റെ അടിസ്ഥാനത്തിൽ, ആ ചക്രവർത്തിമാർക്കുണ്ടായിരുന്ന ദൈവിക പദവി തനിക്കും വേണ മെന്ന് ബിഷപ്പും, അദ്ദേഹത്തിനു രാജപദവി ഉണ്ടായിരിക്കണമെന്ന് ആഗ്രഹിച്ചവരും ചിന്തിച്ചു. അങ്ങനെ ബിഷപ്പിന് ദൈവത്തിന്റെ സ്ഥാനം നൽകുവാൻ എന്തെങ്കിലുമൊരു ന്യായികരണം പറയാൻ സാധിക്കേണ്ടത് ആവശ്യമായി വന്നു. അതിനെതുടർന്ന് “സ്വർഗ്ഗരാ ജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു തരും. നീ ഭുമിയിൽ കെട്ടു ന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കു ന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും” (മത്തായി 16:19) എന്ന് യേശു പത്രോസിനോടു പറഞ്ഞവാക്കുകൾ ബിഷപ്പിനെ ദൈവതുല്യ നാക്കാനാഗ്രഹിച്ചവരുടെ ശ്രദ്ധയിൽ പെട്ടു; ആ വാക്കുകളുടെ അർത്ഥം പത്രോസിന് പാപമോചനാധികാരം ലഭിച്ചുവെന്നാണെന്ന് വ്യാഖ്യാനം നൽകപ്പെട്ടു. മാത്രമല്ല, സഭാമേധാവികൾക്ക് പത്രോസിൽ നിന്ന് ആ അധികാരം കിട്ടിയെന്നും, അവർ ആർക്കൊക്കെ പട്ടം കൊടുത്തുവോ അവർക്കെല്ലാം ഈ പാപമോചനാധികാരം ലഭിച്ചുവെന്നും കൂടി ആ വേദഭാഗത്തിനർത്ഥമുണ്ടെന്ന് ഈ വേദവ്യാഖ്യാതാക്കൾ പഠിപ്പിക്കാൻ തുടങ്ങി. അങ്ങനെ പാപമോചനത്തിന്, സഭാംഗങ്ങൾ ബിഷപ്പിന്റെ



മുമ്പിലൊ, ബിഷപ്പിൽനിന്നു പട്ടം ലഭിച്ച പുരോഹിതൻമാരുടെ മുമ്പി ലൊ ചെന്ന് തങ്ങളുടെ പാപം ഏറ്റുപറഞ്ഞ് കുമ്പസാരിക്കണമെന്ന നിയമം ക്രൈസ്തവസഭയിലുണ്ടായി.

വിജാതീയമതത്തിൽ രാജാവിനെ ദൈവമായി കരുതി ആരാധിച്ചു വ ന്നിരുന്ന സമ്പ്രദായം ഇപ്രകാരം ക്രൈസ്തവസഭയിലേക്കു നുഴഞ്ഞു കയറി വന്നപ്പോൾ രാജാവിന്റെ സ്ഥാനത്തുവന്ന ബിഷപ്പും അദ്ദേഹ ത്തിൽ നിന്നു പട്ടം സ്വീകരിച്ച പുരോഹിതൻമാരും രാജാവിനെപ്പോലെ ദൈവത്തിന്റെ സ്ഥാനത്തു നിൽക്കുന്നവരാണെന്ന ഉപദേശം സഭ സ്വീകരിക്കാൻ ഇടയായി. മദ്ധ്യകാലഘട്ടത്തിലാണ് ഈ ഉപദേശം സഭ സ്വീകരിച്ചത്. എ. ഡി. 1215ൽ നടന്ന ലാറ്ററൻ കൗൺസിലാണ് ആണ്ടി ലൊരിക്കലെങ്കിലും ക്രിസ്ത്യാനികൾ കുമ്പസാരിക്കണം എന്ന് നിയമം ഉണ്ടാക്കിയത്. കുമ്പസാരക്കൂട് 15-ാം നൂറ്റാണ്ടിലാണ് നിർമിക്കപ്പെട്ടത്. ഇന്ന് ക്രൈസ്തവലോകത്തിൽ നാം കാണുന്ന, അല്മായക്കാർ പുരോ ഹിതനോട് പാപങ്ങൾ ഏറ്റുപറയുകയും പുരോഹിതൻ ദൈവത്തിന്റെ സ്ഥാനത്തു നിന്നുകൊണ്ട് അവ ക്ഷമിച്ചുകൊടുക്കുകയും ചെയ്യുന്ന സമ്പ്രദായം സഭയിൽ രൂപം പ്രാപിച്ചതിന്റെ ചരിത്രപശ്ചാത്തലം ഇതാ ണ്. ചുരുക്കിപറഞ്ഞാൽ, ക്രിസ്തീയ ബിഷപ്പ് പുറജാതി ചക്രവർത്തി യുടെ സ്ഥാനത്തു വന്നതിന്റെ ഫലമായി, പുറജാതി ചക്രവർത്തിക്കു ണ്ടായിരുന്ന ദൈവത്വം അദ്ദേഹത്തിനു ലഭിക്കുകയും അദ്ദേഹത്തിൽ നിന്ന് അത് തന്റെ അധികാരത്തിൻ കീഴിലുള്ള പട്ടക്കാർക്കു നൽകു കയും ചെയ്തു. അതിനെ തുടർന്ന്, പട്ടക്കാരൻ ദൈവത്തിന്റെ സ്ഥാനത്തു നിൽക്കുന്നുവെന്ന, ദൈവവചനവിരുദ്ധമായ സങ്കൽപ ത്തിൽ, പട്ടക്കാരനോടു ക്രിസ്ത്യാനികൾ പാപം ഏറ്റുപറയുന്ന കുമ്പ സാരമെന്ന കർമ്മം, ക്രൈസ്തവസഭയിൽ സ്ഥാനം പിടിച്ചു.

## പിന്നിലെ തത്ത്വങ്ങൾ

കുമ്പസാരമെന്ന കർമ്മത്തിന്റെ പിന്നിലുള്ള പ്രധാന തത്ത്വങ്ങൾ (1)

സാധാരണ മനുഷ്യൻ നേരിട്ട് ദൈവത്തോട് പാപപരിഹാരത്തിനായി അപേക്ഷിക്കുന്നത് വേണ്ടത്ര ഫലകരമല്ല. (2) ദൈവത്തിനും സാധാരണ മനുഷ്യർക്കും ഇടയ്ക്കു നിൽക്കുവാൻ പ്രത്യേക അധികാരം ലഭിച്ചവരാണ് പുരോഹിതൻമാർ; (3) പുരോഹിതൻമാരും അവരുടെ മേൽപട്ടക്കാരും പ്രത്യേകിച്ച് മാർപ്പാപ്പയും ദൈവത്തിന്റെ സ്ഥാനത്തു നിൽക്കുന്നു, എന്നിവയാണ്. ഈ തത്ത്വങ്ങൾ അപ്പോസ്തലിക കാലത്ത് ക്രൈസ്തവസഭയിൽ ആരുടെയും ഭാവനയിൽ പോലുമുണ്ടായിരുന്നില്ല. പുരോഹിത-അല്മായ വ്യത്യാസവും അന്നുണ്ടായിരുന്നില്ല. പത്രോസ് അപ്പോസ്തലൻ വിവിധ പ്രദേശങ്ങളിൽ ചിതറി പാർക്കുന്ന വിശ്വാസികളെ സംബോധന ചെയ്തുകൊണ്ട് തന്റെ ഒന്നാം ലേഖനത്തിൽ പ്രസ്താവിച്ചത്: “നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തജനവുമാണ്” (1 പത്രോ. 2:9) എന്നായിരുന്നു. അതിശ്രേഷ്ഠമായ, രാജകീയമായ പൗരോഹിത്യം ദൈവത്തിൽനിന്ന് ലഭിച്ചിട്ടുള്ളവരാണ് ക്രിസ്തുവിൽ വിശ്വാസമർപ്പിച്ചു രക്ഷിക്കപ്പെട്ട സകല ക്രിസ്ത്യാനികളുമെന്ന് പത്രോസപ്പോസ്തലൻ പ്രഖ്യാപിച്ചിരിക്കുകയാണ്. പിന്നെയെവിടെയാണ് അല്മായ-പുരോഹിത വ്യത്യാസത്തിനടിസ്ഥാനം? എല്ലാ ക്രിസ്തുവിശ്വാസികൾക്കും പുരോഹിതസ്ഥാനം ദൈവം നല്കിയിട്ടുള്ളതുകൊണ്ടാണ് പഴയനിയമകാലത്തെ ലേവ്യപുരോഹിതൻമാർ ദൈവസന്നിധിയിൽ മൃഗയാഗങ്ങൾ അർപ്പിച്ചിരുന്നതുപോലെ പുതിയ നിയമകാലത്തെ സകല ദൈവജനവും സ്തുതി സ്തോത്രങ്ങളാകുന്ന യാഗങ്ങളർപ്പിക്കണമെന്ന് വചനത്തിൽ (എബ്രായർ 13:15) നിഷ്കർഷിച്ചിരിക്കുന്നത്.

## മനുഷ്യ മദ്ധ്യസ്ഥൻ

പുരാതന റോമാനഗരത്തിലെ വിജാതീയരുടെ ഏറ്റവും വലിയ പുരോഹിതന്റെ സ്ഥാനപ്പേര് pontifex Maxmius എന്നായിരുന്നുവെന്ന് നേരത്തേചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലൊ. pontifex എന്ന ലത്തീൻ പദത്തിന്റെ അർത്ഥം “പാലം നിർമ്മിക്കുന്നവൻ ” (Bridge maker) എന്നാണ്. മനുഷ്യർക്കും ദൈവത്തിനും ഇടയ്ക്ക് പാലം നിർമ്മിക്കുന്നവൻ അഥവാ മനുഷ്യരുടെയും ദൈവത്തിന്റെയും മദ്ധ്യസ്ഥൻ എന്ന സ്ഥാനം റോമൻ വിജാതീയമതത്തിന്റെ പ്രധാന പുരോഹിതനുണ്ടായിരുന്നുവെന്ന് അയാളുടെ ഈ സ്ഥാനപ്പേര് വ്യക്തമാക്കുന്നു. നാലാം നൂറ്റാണ്ടുവരെയും ക്രിസ്തീയവിശ്വാസികളുടെയും ദൈവത്തിന്റെയും ഇടയ്ക്ക് മദ്ധ്യസ്ഥനായി പരിഗണിക്കപ്പെട്ടത് യേശുക്രിസ്തുമാത്രമായിരുന്നു. നാലാം നൂറ്റാണ്ടിൽ റോമൻ പുറജാതിമതം ക്രിസ്തീയ സഭയ്ക്കുള്ളിലേക്ക് കടന്നുകയറിയതിന്റെ ശേഷമാണ്, ആ മതത്തിലെപ്പോലെ, മനുഷ്യർക്കും ദൈവത്തിനും ഇടയ്ക്ക് മദ്ധ്യസ്ഥൻമാർ ക്രൈസ്തവസഭയിലും ഉണ്ടായത്. ഈ പരിണാമം സഭയിലുണ്ടായതിന്റെ ഫലമായി സകല ക്രിസ്ത്യാനികൾക്കും ഉള്ളതെന്ന് ദൈവവചനം പ്രഖ്യാപിച്ചിരിക്കുന്ന രാജകീയ പുരോഹിതസ്ഥാനം ഒരാൾക്കു മാത്രമായി പരിമിതപ്പെടുത്തപ്പെട്ടു. സാധാരണ വിശ്വാസികൾ യാതൊരു പുരോഹിതസ്ഥാനവും ഇല്ലാത്ത വെറും അല്മായക്കാരായിത്തീർന്നു. റോമൻമതത്തിലുണ്ടായിരുന്ന പ്രധാന പുരോഹിതൻ, സാധാരണ പുരോഹിതൻമാർ, പുരോഹിതൻമാരല്ലാത്ത സാധാരണ ജനം എന്നിങ്ങനെയുള്ള തരം തിരിവ് ക്രൈസ്തവസഭയിലുണ്ടായി. മാത്രമല്ല പുരോഹിതൻ ചക്രവർത്തിയുടെ സ്ഥാനത്തിരിക്കുന്ന മാർപ്പാപ്പയുടെ അധികാരത്തിൻകീഴിലിരുന്നുകൊണ്ടു പട്ടം സ്വീകരിച്ച വ്യക്തിയായതിനാൽ മാർപ്പാപ്പയെപ്പോലെ ദൈവത്തിനു പകരം നിൽക്കുന്നയാൾ എന്ന പദവിയുള്ളവനായി പരിഗണിക്കപ്പെടാനും തുടങ്ങി. അങ്ങനെ കുമ്പസാരം എന്ന കർമ്മം ക്രിസ്തീയവിശ്വാസത്തിന്റെ ഭാഗമായി മദ്ധ്യകാലഘട്ടത്തിൽ അംഗീകരിക്കപ്പെട്ടപ്പോൾ പല അടിസ്ഥാന ക്രിസ്തീയപ്രമാണങ്ങളും നശിപ്പിക്കപ്പെടുകയും അവയുടെ സ്ഥാനത്ത് പുറജാതിമതതത്ത്വങ്ങൾ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു.

## ദൈവത്തിന്റെ സ്ഥാനത്ത്

ഇന്നത്തെ നിലയിലുള്ള കുമ്പസാരത്തിൽ കാണുന്ന ഏറ്റവും പ്രധാനപ്പെട്ട തത്ത്വം മാർപ്പാപ്പയും അദ്ദേഹത്തിന്റെ അധികാരത്തിൽ കീഴിൽ നിന്നുകൊണ്ട് കുമ്പസാരം കേൾക്കുന്ന പുരോഹിതനും ദൈവത്തിന്റെ സ്ഥാനത്തു നിൽക്കുന്നുവെന്നതാണ്. റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തിക്കുണ്ടായിരുന്ന ദൈവിക പദവിയാണ് മാർപ്പാപ്പയ്ക്കു ലഭിച്ചതെന്നു നാം കണ്ടുകഴിഞ്ഞു. ഇതോടുള്ള ബന്ധത്തിൽ ശ്രദ്ധേയമായ മറ്റൊരു വസ്തുതകൂടിയുണ്ട്: മനുഷ്യന് ദൈവികപദവി നൽകുക എന്നത് ഒട്ടുമിക്ക വിജാതീയമതങ്ങളുടെയും അടിസ്ഥാനതത്ത്വങ്ങളിലൊന്നാണ്. ബൈബിളിന്റെ പഴയനിയമത്തിലെ ദാനിയേലിന്റെ പുസ്തകം 6-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നത് മുപ്പത് ദിവസത്തേക്ക് രാജ്യത്തെ സകലജനവും രാജാവിനോടല്ലാതെ മറ്റാരോടും പ്രാർത്ഥിക്കരുതെന്ന് ദാർയ്യാവേശ് കല്പന പുറപ്പെടുവിച്ചുവെന്നാണ്. അതനുസരിച്ച് ഉദ്യോഗസ്ഥൻമാരും ജനങ്ങളും പ്രവർത്തിച്ചതായും നാം വായിക്കുന്നു. പുരാതന പേർഷ്യൻ  സാമ്രാജ്യത്തിലും, റോമാസാമ്രാജ്യത്തിലുണ്ടായിരുന്നതുപോലെ, രാജാവിനെ ദൈവമാക്കി അദ്ദേഹത്തോട് പ്രാർത്ഥിക്കുന്ന രീതി ജനങ്ങൾക്കു പരിചിതമായിരുന്നു എന്നതാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. ഭാരതത്തിലെ ഹിന്ദുക്കളുടെ ആരാധനാമൂർത്തികളായ ശ്രീരാമനും ശ്രീകൃഷ്ണനും ദൈവികത്വം കല്പിക്കപ്പെടുന്നു. എന്നാൽ ശ്രീരാമൻ അയോദ്ധ്യ ഭരിച്ചിരുന്ന ദശരഥ മഹാരാജാവിന്റെയും  ഭാര്യ കൗസല്യയുടെയും  പുത്രനായിട്ടാണ് ജനിച്ചതെന്നും ശ്രീകൃഷ്ണൻ മഥുരയിൽ വസുദേവരുടെയും ഭാര്യ ദേവകിയുടെയും പുത്രനായിട്ടാണ് ജനിച്ചതെന്നും ഹിന്ദുമതഗ്രന്ഥങ്ങളിൽ കാണുന്നു.ബുദ്ധിപരവും സ്വഭാവപരവുമായി സാധാരണ മനുഷ്യർക്കുള്ള പരിമിതികൾ ഇവർക്കും ഉണ്ടായിരുന്നതായിട്ടാണ് ഇവരെക്കുറിച്ചുള്ള വിവരണങ്ങൾ തെളിയിക്കുന്നത്. മനുഷ്യപിതാക്കൻമാ



രിൽ നിന്നും ജനിക്കുകയും മനുഷ്യരുടെ സ്വഭാവപരിമിതികൾ ഉള്ളവരായി ജീവിക്കുകയും ചെയ്ത ഇവർ കാലക്രമത്തിൽ ഈശ്വരാവതാരങ്ങളായി ആരാധിക്കപ്പെടുവാൻ തുടങ്ങി എന്നതിൽനിന്നു തെളിയുന്നത് ബൈബിൾ വെളിപ്പെടുത്തുന്ന, അഖിലാണ്ഡത്തിന്റെ സ്രഷ്ടാവും സർവ്വജ്ഞാനിയും ആദിയും അന്തവും ഇല്ലാത്തവനും സമ്പൂർണ്ണ വിശുദ്ധനും നീതിമാനുമായ സത്യദൈവത്തെ അറിയാത്ത ജനവിഭാഗങ്ങൾ മനുഷ്യനു ദൈവത്വം കല്പിക്കുകയും മനുഷ്യനെ ദൈവമാക്കി ആരാധിക്കുകയും ചെയ്യുന്നതിന് തയ്യാറാകുന്നുവെന്നാണ്. ഇതിന്റെഫലമായി മനുഷ്യൻ 'ദൈവ'മായി രൂപാന്തരപ്പെടുന്നതെങ്ങനെയെന്നു മനസ്സിലാക്കുവാൻ, 'ഗുരുദേവൻ' എന്ന് ഇപ്പോൾ വിശേഷിപ്പിക്കപ്പെടുന്ന ശ്രീനാരായണഗുരുവിന്റെ ജീവചരിത്രം അല്പം ആഴമായി പരിശോധിച്ചാൽ മതിയാകും. തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി വില്ലേജിൽ മാടൻ ആശാന്റെയും ഭാര്യ കുട്ടിയുടെയും പുത്രനായി 1854-ആഗസ്റ്റ് 20-ാം തീയതി ജനിക്കുകയും നാണു ആശാൻ എന്ന് അറിയപ്പെടുകയും ചെയ്ത ആളാണ് പിൽക്കാലത്ത് 'ശ്രീനാരായണഗുരു' എന്നപേരിൽ അറിയപ്പെട്ടത്. മനുഷ്യനായി ജനിച്ച്, മനുഷ്യനായി വളർന്ന്, ജ്ഞാനിയും സാമൂഹ്യപരിഷ്കർത്താവുമായിത്തീരുകയും 1928-ൽ അന്തരിച്ച് മൺമറിയുകയും ചെയ്ത ശ്രീനാരായണഗുരുവിനോട് കേരളത്തിലെ ജനങ്ങൾ കാണിച്ച സ്നേഹബഹുമാനങ്ങൾ കാലക്രമത്തിൽ ആരാധനയുടെ രൂപം പ്രാപിച്ചു. അദ്ദേഹത്തിന്റെ പേരിൽ തീർത്ഥാടനങ്ങളും ആഘോഷങ്ങളും നടത്തപ്പെടാൻ തുടങ്ങി. അതിനെതുടർന്ന് 'ഗുരു' മാത്രമായിരുന്ന ആൾ 'ഗുരുദേവൻ' ആയി രൂപാന്തരപ്പെട്ടു. ക്ഷേത്രങ്ങളിൽ ദേവൻമാരുടെ പ്രതിമകൾ പ്രതിഷ്ഠിച്ചു വച്ചിരിക്കുന്നതുപോലെ ഇന്ന് അദ്ദേഹത്തിന്റെ പ്രതിമകളും പലയിടത്തും പ്രതിഷ്ഠിച്ചു വച്ചിരിക്കുന്നു. ഹിന്ദുമതത്തിലെ പ്രധാനപ്പെട്ട ദേവൻമാർക്ക് കല്പിക്കപ്പെടുന്ന തരത്തിലുള്ള ദൈവത്വം 'ഗുരുദേവന്' ഇന്നു കല്പിക്കപ്പെടുന്നില്ലെങ്കിലും ആ പദവിയിലേ

ക്കുള്ള വളർച്ചയുടെ പാതയിലാണ് അദ്ദേഹം നിലകൊള്ളുന്നത്. 'നാണുആശാ' ന്റെ 'ഗുരുദേവൻ' എന്ന പദവിയിലേക്കുള്ള ഈ വളർച്ച യിൽ മനുഷ്യന്റെ 'ദൈവത്വ' ത്തിലേക്കുള്ള 'പരിണാമ'ത്തിന്റെ പ്രാരം ഭപടികൾ നമുക്ക് ദർശിക്കാൻ കഴിയും.

ബൈബിൾ വെളിപ്പെടുത്തുന്ന സത്യദൈവത്തെ അറിയാത്ത ജനവി ഭാഗങ്ങൾ മനുഷ്യനു ദൈവത്വം കൽപിച്ച് മനുഷ്യനെ ദൈവത്തിന്റെ സ്ഥാനത്തു നിർത്തി ആരാധിക്കുന്നതിൽ അന്തർഭവിച്ചിട്ടുള്ള, മനു ഷ്യൻ ദൈവമാണ് എന്ന മതതത്ത്വം തന്നെ കുമ്പസാരം എന്ന ക്രിസ്തീയോപദേശത്തിലും നാം കാണുന്നു. കുമ്പസാരം കേൾക്കുന്ന പുരോഹിതൻ ദൈവത്തിന്റെ സ്ഥാനത്തു നിന്നുകൊണ്ട് അതു കേൾക്കുകയും പാപം ക്ഷമിച്ചുകൊടുക്കുകയും ചെയ്യുന്നതിൽ നിന്ന് അതാണ് തെളിയുന്നത്.

പിതാവ് എന്നർത്ഥമുള്ള പോപ്പ് എന്ന സ്ഥാനപ്പേര് 'പരിശുദ്ധൻ' എന്നുള്ള അദ്ദേഹത്തിന്റെ വിശേഷണം, പുരോഹിതൻമാർക്കുള്ള 'ബഹുമാന്യപിതാവ്' എന്ന പദവി – ഇവയിലും മേൽ ചൂണ്ടിക്കാണിച്ച, മനുഷ്യനു ദൈവത്വം കല്പിക്കുക എന്ന മതതത്ത്വം പ്രകടമാണ്. ദൈവത്തിന്റെ സ്ഥാനത്തു നിൽക്കുന്ന ആൾ എന്ന അർത്ഥത്തിൽ ആരെയും "പിതാവേ" എന്നു സംബോധന ചെയ്യരുതെന്നും ആത്മിക പുതുജനനത്തിന്റെ അടിസ്ഥാനത്തിൽ ഒരു യഥാർത്ഥ ക്രിസ്ത്യാനി യുടെ പിതാവ് ദൈവം മാത്രമാണെന്നും വചനത്തിൽ (യോഹ. 1:12,13) പറഞ്ഞിരിക്കുന്നു. എന്നാൽ ദൈവത്തിന്നുള്ള 'പിതാവ്' എന്ന പദവി ക്രിസ്തീയലോകത്തിലെ പല പുരോഹിതൻമാരും അവരുടെ മേല ദ്ധ്യക്ഷൻമാരും എടുത്തിരിക്കുന്നതായിട്ടാണ് നാം കാണുന്നത്. അതിന്റെ അർത്ഥം അവർ ദൈവത്തിന്റെ സ്ഥാനത്തു നില്ക്കുന്നു, അഥവാ ദൈവത്തിന്റെ സ്ഥാനം അവർ എടുത്തിരിക്കുന്നു എന്നു തന്നെയാണ്. അതിനാൽ ദൈവത്തിന്റെ ഗുണവിശേഷണങ്ങളായ



സമ്പൂർണ്ണവിശുദ്ധി, സർവ്വജ്ഞാനം, സർവ്വശക്തി, സർവ്വവ്യാപകത്വം ഇവയൊന്നുമില്ലാത്ത മനുഷ്യർ ദൈവത്തിന്റെ സ്ഥാനത്തു കയറി നിൽക്കുന്ന, അഥവാ മനുഷ്യനെ ദൈവമാക്കുന്ന, പുറജാതി മതതത്ത്വം നാലാം നൂറ്റാണ്ടിനുശേഷം ക്രിസ്തീയ വിശ്വാസങ്ങളുടെയും ഭാഗമാ യിത്തീർന്നുവെന്നും കുമ്പസാരം പ്രത്യക്ഷത്തിൽ ആഴമായ അർത്ഥ മൊന്നുമില്ലാത്ത ഒരു കർമ്മമാണെന്നു തോന്നാമെങ്കിലും അതിൽ അന്തർഭവിച്ചിരിക്കുന്ന കാര്യങ്ങൾ ദൈവവചനത്തിലെ പല അടിസ്ഥാന തത്ത്വങ്ങൾക്കും കടകവിരുദ്ധമാണെന്നും നാം കണ്ടെത്തുന്നു.

# അദ്ധ്യായം 10
# സത്യസഭ

യേശുക്രിസ്തു ലോകത്തിൽ സ്ഥാപിച്ച തന്റെ സഭയെക്കുറിച്ച്, "രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ (സഭയിൽ) പ്രതിദിനം ചേർത്തുകൊണ്ടിരുന്നു." (അപ്പ: പ്രവർത്ത: 2:47), "അവൻ (യേശുക്രിസ്തു) സഭയാകുന്ന ശരീരത്തിന്റെ ശിരസ്സാണ്" (കൊളോസ്സോസ് 1:18) എന്നിപ്രകാരമാണ് വചനത്തിൽ നാം വായിക്കുന്നത്. പാപത്തിന്റെ നിത്യശിക്ഷാവിധിയിൽ നിന്നു രക്ഷപ്രാപിച്ചു കഴിഞ്ഞവർ മാത്രമാണ് യഥാർത്ഥ സഭയുടെ അംഗങ്ങൾ എന്ന് ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു. സഭയിലെ ഒരു അംഗം എന്നുപറഞ്ഞാൽ യേശുക്രിസ്തുവിന്റെ ശരീരത്തിലെ ഒരു അവയവം എന്നാണ് ദൈവവചനപ്രകാരമുള്ള അർത്ഥം. ലോകത്തിൽ പൊതുവെ ആളുകൾ ധരിച്ചുവച്ചിരിക്കുന്നത് ഒരു പള്ളിയിലെ രജിസ്റ്ററിൽ പേരുള്ളവരെല്ലാം യേശുക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളാണെന്നാണ്. ദൈവവചനപ്രകാരം ചിന്തിക്കുമ്പോൾ ഈ ധാരണ തികച്ചും തെറ്റാണ്; രക്ഷിക്കപ്പെട്ട് പാപത്തിന്റെ അടിമത്തത്തിൽനിന്നും നിത്യശിക്ഷാവിധിയിൽ നിന്നും വിടുതൽ പ്രാപിച്ചു കഴിഞ്ഞിരിക്കുന്ന ഒരാൾക്കു മാത്രമേ യേശുക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരു അവയവമായി ഇരിക്കാൻ സാധിക്കുകയുള്ളൂ. രക്ഷിക്കപ്പെട്ട് ദൈവപൈതലായിത്തീരുന്നതിനെക്കുറിച്ച്, "കരുണാസമ്പന്നനായ ദൈവം നമ്മോടു കാണിച്ച മഹാസ്നേഹത്താൽ, ക്രിസ്തുവിനോടുകൂടെ നമ്മെ ജീവിപ്പിച്ചു. കൃപയാൽ നിങ്ങൾ രക്ഷപ്പെട്ടു." (എഫെസോസ് 2:5) എന്നും "വിശ്വാസം വഴി കൃപയാലാണ് നിങ്ങൾ രക്ഷപ്പെട്ടത്. അത് നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്. അതു പ്രവൃത്തികളുടെ ഫലമല്ല; തന്മൂലം ആരും അതിൽ അഹങ്കരിക്കേണ്ടതില്ല" (എഫെസോസ് 2:8-9)



എന്നും വചനത്തിൽ നാം വായിക്കുന്നു. സത്യസഭ യേശുക്രിസ്തുവിന്റെ ശരീരമായതിനാൽ സഭയിലെ അംഗങ്ങളിൽ കാണപ്പെടേണ്ടത് യേശുക്രിസ്തുവിന്റെ സ്വഭാവം തന്നെയാണ്. മത്തായിയുടെ സുവിശേഷം 4-ാം അദ്ധ്യായത്തിൽ യേശുക്രിസ്തു സാത്താന്റെ പ്രേരണകൾക്ക് കീഴ്പ്പെടാതെ അവന്റെ പരീക്ഷകളെ ജയിച്ചു എന്നാണ് നാം കാണുന്നത്. യേശുക്രിസ്തുവിന്റെ സഭയുടെ അനുഭവവും ഇതുതന്നെ ആയിരിക്കേണ്ടതാണ്. എന്നാൽ യേശുക്രിസ്തുവിന്റെ സഭയാണ് തങ്ങൾ എന്ന് അവകാശപ്പെടുന്ന ലോകത്തിലെ ഒട്ടുമിക്ക സമൂഹങ്ങളും നിരവധി സാത്താന്യപ്രേരണകൾക്ക് കീഴ്പ്പെട്ടിട്ടുള്ളതായും സാത്താനെ അനുസരിച്ചുകൊണ്ട് വിജാതീയ മതാചാരങ്ങളെ സഭയിലേക്ക് കൊണ്ടുവന്ന് യേശുക്രിസ്തുവിന്റെ സഭയെ അശുദ്ധമാക്കിത്തീർത്തിരിക്കുന്നു എന്നുമാണ് നാം കാണുന്നത്. യഥാർത്ഥത്തിലുള്ള യേശുക്രിസ്തുവിന്റെ സഭയെ അതിന്റെ പൂർണ്ണമായ രൂപത്തിലും വിശുദ്ധിയിലും ഈ ലോകത്തിൽ വച്ച് നമുക്ക് കാണാൻ സാധിക്കുകയില്ല എന്നതു സത്യമാണ്; എന്നാൽ ബൈബിളിലെ അടിസ്ഥാനോപദേശങ്ങൾ തിരസ്ക്കരിക്കുകയും നിരവധി വിജാതീയ മതാചാരങ്ങൾ സ്വീകരിക്കുകയും ചെയ്തിരിക്കുന്നതായി നാം കാണുന്ന സമൂഹങ്ങളെ യേശുക്രിസ്തു ലോകത്തിൽ സ്ഥാപിച്ചതും താൻ വീണ്ടും വരുമ്പോൾ തേജസ്സുള്ള സ്വർഗ്ഗീയ ശരീരം നൽകി സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകാനിരിക്കുന്നതുമായ തന്റെ സഭയാണെന്നു കരുതാൻ ഇന്നു നമുക്ക് സാധ്യമാണോ? ഒരിക്കലുമല്ല. പതിനായിരം ചാക്ക് പതിരിനെക്കാൾ വില ഒറ്റ ഒരു നെന്മണിക്ക് ഉള്ളതുപോലെ തന്നെ ദൈവത്തിന്റെ ദൃഷ്ടിയിൽ, രക്ഷിക്കപ്പെട്ടിട്ടില്ലാത്ത പതിനായിരം കോടി മനുഷ്യർക്കുള്ളതിനേക്കാൾ കൂടുതൽ വില യേശുക്രിസ്തുവിൽ വാസ്തവമായി വിശ്വാസമർപ്പിച്ചു രക്ഷിക്കപ്പെടുകയും ദൈവവചനം അനുസരിച്ചുകൊണ്ടുള്ള വിശ്വാസജീവിതം നയിക്കുകയും ചെയ്യുന്ന ഒറ്റ ഒരു ദൈവപൈതലിനുണ്ട്. കഴിഞ്ഞ കാലത്തു

ജീവിച്ചിരുന്ന സത്യവിശ്വാസികളെയും വർത്തമാനകാലത്തെ സത്യ വിശ്വാസികളെയും ഭാവിയിൽ ഉണ്ടായിരിക്കാൻ പോകുന്ന സത്യവിശ്വാസികളെയും ഉൾക്കൊള്ളുന്നതും യേശുക്രിസ്തു വീണ്ടും വരുമ്പോൾ മാത്രം പൂർണ്ണരൂപത്തിൽ പ്രത്യക്ഷമാകയും ചെയ്യുന്ന യഥാർത്ഥ സഭയുടെ ഭാഗമായി ഇന്ന് ലോകത്തിൽ കാണപ്പെടുന്ന വിശ്വാസികളുടെ ഒരു സമൂഹം ഇരിക്കണമെങ്കിൽ ദൈവവചനം കൃത്യ മായി മനസ്സിലാക്കാനും അനുസരിക്കാനും വിജാതീയ മതാചാരങ്ങ ളാൽ സ്വാധീനിക്കപ്പെടാതിരിക്കാനും ആ സമൂഹത്തിലെ വിശ്വാസി കൾ ആത്മാർത്ഥമായി ആഗ്രഹിക്കണം. അങ്ങനെ ആഗ്രഹിക്കുന്ന വിശ്വാസികൾ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്ന അടി സ്ഥാന ക്രിസ്തീയോപദേശങ്ങൾ സംക്ഷിപ്തമായി താഴെ ചൂണ്ടിക്കാ ണിച്ചിരിക്കുന്നു.

## അടിസ്ഥാനോപദേശങ്ങൾ

1. സകല മാനവജാതിയുടെയും പാപപരിഹാരത്തിനായി ക്രൂശിൽ മരണം സഹിക്കുകയും മരണത്തെ ജയിച്ച് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റശേഷം സ്വർഗ്ഗാരോഹണം ചെയ്യുകയും ചെയ്ത യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവും ജീവിതനാ ഥനുമായി സ്വീകരിച്ച് ആ വിശ്വാസം ദൈവസന്നിധിയിൽ ഏറ്റു പറയുന്നതിന്റെ ഫലമായിട്ടാണ് ഒരാൾ രക്ഷിക്കപ്പെടുന്നത്. (1 യോഹ. 1:12; 1 കോറിന്തോസ് 15:3–4, റോമാ. 10:9).

2. യേശുവിനെ രക്ഷിതാവും ജീവിതനാഥനു (കർത്താവു)മായി സ്വീകരിച്ചവർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവി ന്റെയും നാമത്തിൽ സ്നാനമേൽക്കണം. (മത്തായി 28:19–20; അപ്പ: പ്രവർത്ത : 22:16)[1].

1. ''ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ...” മത്തായി 25:19–20.
“ഇനി നീ യേശുവിൽ വിശ്വാസമർപ്പിച്ച ശേഷം എന്തിനു കാത്തിരിക്കുന്നു? എഴുന്നേറ്റ് ജ്ഞാനസ്നാനപ്പെടുക.” അപ്പ: പ്രവ: 22:16



3. യേശുവിൽ വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്ത ഒരാൾ ദൈവവചനം ധ്യാനിക്കുകയും പഠിക്കുകയും തനിക്കു ലഭിച്ച നിത്യരക്ഷയ്ക്കായി ദൈവത്തിനു സ്തോത്രം ചെയ്യുകയും മറ്റുള്ള ദൈവമക്കളോടു ചേർന്ന് ദൈവാരാധന നടത്തുകയും യേശുക്രിസ്തുവിന്റെ സാക്ഷിയായി മറ്റുള്ളവരെ രക്ഷാസന്ദേശം അറിയിച്ചുകൊണ്ടു ജീവിക്കുകയും ചെയ്യേണ്ടതാണ്. (1 പത്രോസ് 2:1; കൊലൊസ്യർ 1:12–13; 1 കൊറി : 9:16).

4. മേൽപറഞ്ഞ വിധത്തിൽ ക്രിസ്തീയജീവിതം നയിക്കുന്ന ഒരാൾ മറ്റു വിശ്വാസികളോടുചേർന്ന് ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ ദൈവാരാധന നടത്തുകയും അപ്പൊസ്തലിക മാതൃകപ്രകാരം അപ്പവും വീഞ്ഞും ഉപയോഗിച്ചുകൊണ്ട് യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളെയും വീണ്ടും വരവിന്റെ വാഗ്ദത്ത ത്തെയും ഓർമ്മിപ്പിക്കുന്ന തിരുവത്താഴ ശുശ്രൂഷയിൽ പങ്കു കൊള്ളുകയും ചെയ്യേണ്ടതാണ്. വണങ്ങുന്നതിനുവേണ്ടി വച്ചി രിക്കുന്ന പ്രതിമകളോ, ചിത്രങ്ങളോ ഉള്ള സ്ഥലത്ത് അയാൾ ദൈവാരാധനയ്ക്കായി ചെല്ലുവാൻ പാടില്ല. (ലൂക്കോസ് 22:19–20; അപ്പ: പ്രവർത്ത: 20:7; 1 കോറിന്തോസ്: 11 : 23–26; 2 കൊറിന്തോസ് 6:15–16).

5. യേശുവിൽ വിശ്വാസമർപ്പിച്ചശേഷം പിതാവിന്റെയും പുത്ര ന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേറ്റ ഒരാൾ അപ്രകാരം വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്തി ട്ടുള്ള മറ്റ് ദൈവമക്കളെ സ്നേഹിക്കുകയും അവരുമായി ആത്മി കബന്ധം പുലർത്തുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരോടു സഹകരിച്ചുകൊണ്ട് സുവിശേഷപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്യേണ്ടതാണ്. (1 യോഹ: 3:14; എഫെ സോസ് 6:18; 2 തിമോഥെയോസ് 4:5).

6. യേശുക്രിസ്തു വീണ്ടും വരുമെന്നും അപ്പോൾ മരിച്ചുപോയ വിശ്വാസികൾ സ്വർഗ്ഗീയശരീരങ്ങളോടുകൂടി ഉയിർത്തെഴുന്നേൽക്കുമെന്നും ജീവനോടിരിക്കുന്ന വിശ്വാസികൾ രൂപാന്തരപ്പെട്ട് തേജസ്സുള്ള പുതിയ ശരീരം പ്രാപിക്കുമെന്നും അവരെല്ലാവരും ഒരുമിച്ച് ആകാശമേഘങ്ങളിൽ കർത്താവിനെ എതിരേൽക്കുമെന്നും വിശ്വസിക്കുന്നവരാണ് സത്യസഭയുടെ അംഗങ്ങൾ. (1 തെസ്സലോനിക്യർ 4:16-17).

7. സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്ന വിശ്വാസികൾ ഭൂമിയിൽവച്ച് എത്രത്തോളം ദൈവത്തെ അനുസരിച്ചു കൊണ്ടു ജീവിച്ചു എന്ന കാര്യം ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ വെച്ച് പരിശോധിക്കപ്പെടുകയും ഓരോ വിശ്വാസിക്കും അവനവന്റെ പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ പ്രതിഫലം നൽകപ്പെടുകയും ചെയ്യും. (2 കൊറിന്തോസ് 5:10; 1 കൊറിന്തോസ് 3:13-15; 2 തിമൊഥെയോസ് 4:7-8).

8. യേശുവിൽ വിശ്വാസമർപ്പിച്ചു രക്ഷിക്കപ്പെടാത്ത സകല മനുഷ്യരും അന്ത്യന്യായവിധിക്കായി വെള്ള സിംഹാസനത്തിനു മുമ്പിൽ ഹാജരാക്കപ്പെടുമ്പോൾ അവർ ഓരോരുത്തരുടെയും പാപപ്രവൃത്തികൾ അവിടെ വെളിപ്പെടുത്തപ്പെടുകയും ഓരോരുത്തരുടെയും പ്രവൃത്തികൾക്കു തക്കതായ നിത്യശിക്ഷാവിധിയിലേക്ക് അവർ തള്ളപ്പെടുകയും ചെയ്യും. (വെളിപ്പാട് 20:11-15)

മേല്പറഞ്ഞിരിക്കുന്ന സുപ്രധാന വചനസത്യങ്ങൾ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന എല്ലാവരും യേശുക്രിസ്തുവിന്റെ സത്യസഭയിലെ അംഗങ്ങളാണ്. അവർ താമസിക്കുന്ന സ്ഥലത്ത് ഇപ്രകാരം വിശ്വസിക്കുന്ന മറ്റുള്ള വിശ്വാസികളോടു ചേർന്ന് ദൈവാരാധന നടത്തുന്നതിനും സുവിശേഷം അറിയിക്കുന്നതിനുമായി



അവർ ഒരുമിച്ചു കൂടിവരേണ്ടതാണ്. അങ്ങനെ വിശ്വാസികൾ ഒരു സ്ഥലത്തു കൂടിവരുമ്പോൾ രൂപപ്പെടുന്ന, ആ സ്ഥലത്തെ സഭ നയിക്കപ്പെടേണ്ടത് ദൈവവചനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന (1 തിമോ: 3:1-13; തീത്തോസ് 1:5-9) യോഗ്യതകൾ ഉള്ള പരിശുദ്ധാത്മാവിനാലുള്ള നിയമനം ലഭിച്ച അദ്ധ്യക്ഷന്മാരാലും ശുശ്രൂഷകന്മാരാലുമാണ്. ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട്, ഓരോ ക്രിസ്തീയവിശ്വാസിയും തന്റെ ആത്മികവർദ്ധനയ്ക്കും വചനപ്രകാരമുള്ള ക്രിസ്തീയ ജീവിതത്തിനും സഹായകരമായ സഭാബന്ധം ഏതാണെന്നു ശരിയായി വിലയിരുത്തി ആ ബന്ധം സ്വീകരിച്ചുകൊണ്ട് തന്റെ സ്ഥലത്ത് ക്രിസ്തീയസാക്ഷ്യം പുലർത്തിക്കൊണ്ട് ജീവിക്കുകയാണ് വേണ്ടത്. ഇന്ന് ലോകത്തിലുള്ള ഏതെങ്കിലും ഒരു സഭയുടെ പേരു പറഞ്ഞുകൊണ്ട് അതാണ് യേശുക്രിസ്തു ലോകത്തിൽ സ്ഥാപിച്ച യഥാർത്ഥ സഭയെന്നും അതിന്റെ രജിസ്റ്ററിൽ പേരില്ലാത്ത ആർക്കും യേശുക്രിസ്തുവിന്റെ സഭയിൽ അംഗത്വമില്ലെന്നും ആരെങ്കിലും പറഞ്ഞാൽ അതു തികച്ചും തെറ്റായിരിക്കും. ഒരു സ്ഥലത്ത് ഉള്ള സഭ യേശുക്രിസ്തുവിന്റെ സത്യസഭയുടെ ഭാഗമാണോ അല്ലയോ എന്നു മനസ്സിലാക്കുന്നത് ആ സഭയുടെ ഉപദേശങ്ങളും ദൈവവചനത്തിലെ ഉപദേശങ്ങളുമായി താരതമ്യപ്പെടുത്തി പരിശോധിക്കുമ്പോഴാണ്. ആ സഭയുടെ പേരിന് ഇതോടുള്ള ബന്ധത്തിൽ യാതൊരു പ്രസക്തിയുമില്ല. ഒരു സ്ഥലത്തുള്ള സഭയ്ക്ക് പിശകായ ആശയങ്ങളൊന്നും സൂചിപ്പിക്കാത്ത ഏതു പേരും സ്വീകരിക്കാൻ ദൈവം സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ഒരു ക്രിസ്തീയ വിശ്വാസി തന്റെ ആത്മികവർദ്ധനയ്ക്കും യേശുക്രിസ്തുവിന്റെ സാക്ഷിയായി ജീവിക്കുന്നതിനും അവസരം നൽകുന്ന ഏതെങ്കിലും ഒരു പ്രാദേശിക സഭയുമായി ബന്ധപ്പെട്ട് അതിന്റെ അംഗമായി ആ സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും പങ്കാളിയായി ആത്മിക ജീവിതം നയിക്കേണ്ടതാണ്. മനുഷ്യർ ഓരോരോ കുടുംബങ്ങളിലെ അംഗങ്ങളായി പരസ്പരം സഹകരിച്ചുകൊണ്ട് ഭൗതി

കജീവിതം നയിക്കുന്നതുപോലെ യേശുവിൽ വിശ്വാസമർപ്പിച്ച് ദൈവത്തിന്റെ മക്കളായിത്തീർന്ന ആളുകൾ ഓരോ സ്ഥലത്തുമുള്ള പ്രാദേശിക സഭാകുടുംബങ്ങളിലെ അംഗങ്ങളായി അന്യോന്യം സഹായിച്ചും സഹകരിച്ചും കൊണ്ട് ഒത്തൊരുമയോടെ സുവിശേഷപ്രവർത്തനം നടത്തിക്കൊണ്ടിരിക്കണം. അപ്പോഴാണ് യേശുക്രിസ്തുവിന്റെ സത്യസഭയിലെ അംഗങ്ങളായി അവർ കാണപ്പെടാൻ ഇടയാകുന്നത്.

## ചരിത്രവസ്തുതകൾ

പാശ്ചാത്യ രാജ്യങ്ങളിൽ റോമൻ കത്തോലിക്കാ, ആംഗ്ലിക്കൻ, ലൂഥറൻ, പ്രസ്ബിറ്റേറിയൻ, മെതോഡിസ്റ്റ്, ബാപിസ്റ്റ്, ബ്രദറൺ തുടങ്ങിയ വിവിധ പേരുകളിലും പൗരസ്ത്യരാജ്യങ്ങളിൽ ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മാ, കല്ദായ, സി. എസ്. ഐ., പെന്തക്കോസ്ത്, വേർപാട് (ബ്രദറൺ) തുടങ്ങിയ പേരുകളിലും ഒക്കെ അറിയപ്പെടുന്ന അനേകം സഭകൾ ഉണ്ട്. അപ്പൊസ്തലികകാലത്ത് – ഒന്നാം നൂറ്റാണ്ടിൽ – ഈ പേരുകൾ ഒന്നും ഉണ്ടായിരുന്നില്ല. അന്നത്തെ വിശ്വാസികൾക്ക് അന്ത്യോക്യയിൽ വച്ച് "ക്രിസ്ത്യാനികൾ" എന്ന പേര് ലഭിച്ചു (അപ്പ: പ്രവർത്ത: 11:26) എന്നു ദൈവവചനത്തിൽ നാം വായിക്കുന്നു. പുറജാതി മതവിശ്വാസങ്ങളും റോമൻ സാമ്രാജ്യത്തിന്റെ ഭരണരീതിയും നാലാം നൂറ്റാണ്ടിനുശേഷം ക്രിസ്തീയ വിശ്വാസങ്ങളുമായി ചേർന്ന് രൂപം പ്രാപിച്ച സങ്കരമതമാണ് റോമൻ കത്തോലിക്കാ സഭ എന്നു നാം കണ്ടുകഴിഞ്ഞു. പുരാതന റോമാസാമ്രാജ്യത്തിന്റെ ഭരണരീതിതന്നെ ഈ സഭയിലും കാണപ്പെടുന്നു. അംഗസംഖ്യയിൽ ഏറ്റവും മികച്ചുനിൽക്കുന്ന ക്രിസ്തീയസമൂഹം എന്ന നിലയിൽ ഈ സഭ ഇന്നത്തെ ലോകത്തിൽ വീക്ഷിക്കപ്പെടുന്നു. പൗരസ്ത്യരാജ്യങ്ങളിലെ യാക്കോബായ, ഓർത്തഡോക്സ് തുടങ്ങിയ എപ്പിസ്കോപ്പൽ സഭകൾ റോമൻ കത്തോലിക്കാസഭയുടെ ഭരണരീതിയും വിശ്വാസാചാരങ്ങളും വളരെയധികം അനുകരിക്കുകയും പകർത്തുകയും



ചെയ്തിട്ടുള്ള ക്രിസ്തീയ സമൂഹങ്ങളാണ്.

നാലാം നൂറ്റാണ്ടുമുതൽ വിജാതീയമതങ്ങളുടെയും റോമാസാമ്രാജ്യത്തിലെ ഭരണാധികാരികളുടെയും സ്വാധീനം മൂലം ക്രൈസ്തവസഭയിലേക്കു കടന്നുവന്ന ദൈവവചനവിരുദ്ധമായ ഉപദേശങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും പിടിയിൽ നിന്ന് സഭയെ മോചിപ്പിക്കുന്നതിനുള്ള പരിശ്രമം 14-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ ആരംഭിച്ചു. അത് വലിയൊരു പ്രസ്ഥാനമായി രൂപം പ്രാപിക്കുന്നതിന് കുറെക്കാലം വേണ്ടിവന്നു. യൂറോപ്പിന്റെ വിവിധഭാഗങ്ങളിൽ ബൈബിൾ വായിച്ചു പരിശോധിക്കുകയും സത്യത്തെ സ്നേഹിക്കുകയും ചെയ്ത നിരവധി ആളുകൾ സഭയിൽനിന്ന് അന്ധവിശ്വാസങ്ങളും ദുരുപദേശങ്ങളും തുടച്ചുനീക്കുവാൻ കഠിനാദ്ധ്വാനം ചെയ്തു. അവരിൽ പലർ – ബൊഹീമിയായിലെ ജോൺ ഹസ്സ്, പ്രാഗിലെ ജെറോം, ഇറ്റലിയിലെ സാവാനാറോളാ, ഇംഗ്ലണ്ടിലെ വില്യം ടിൻഡൽ തുടങ്ങിയവർ – ഔദ്യോഗിക സഭയെ എതിർത്തതിന്റെയും സഭയെ അനുകൂലിച്ച ഭരണാധികാരികളെ പൂർണ്ണമായി അനുസരിക്കാതിരുന്നതിന്റെയും പേരിൽ അഗ്നിയിൽ ദഹിപ്പിക്കപ്പെട്ടു. എന്നാൽ സത്യത്തിന്റെ പുനസ്ഥാപനത്തിനുവേണ്ടിയുള്ള യൂറോപ്പിലെ ജനത്തിന്റെ ദാഹം സഭാധികാരികളുടെ അടിച്ചമർത്തൽ നയംമൂലം കൂടുതൽ വർദ്ധിച്ചുവന്നതേയുള്ളൂ. അവസാനം ജോഹാൻ ടെറ്റ്സൽ എന്ന ഡൊമിനിക്കൻ സന്ന്യാസി ഒരു നിശ്ചിത തുക റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കായുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി നൽകുന്ന ഓരോരുത്തർക്കും അവർ അതുവരെ ചെയ്തിട്ടുള്ളതും ഭാവിയിൽ ചെയ്യാൻ പോകുന്നതുമായ പാപങ്ങൾ എല്ലാം മാർപ്പാപ്പാ മോചിച്ചു കൊടുക്കുന്നതായി പ്രഖ്യാപിക്കുന്ന പാപമോചനച്ചീട്ടുകൾ ഒരു നിശ്ചിത വിലയ്ക്ക് വില്ക്കുന്നതിനുവേണ്ടി ജർമ്മനിയിൽ എത്തി. അതിനെത്തുടർന്ന് 1517 ഒക്ടോബർ 31-ാം തീയതി വിറ്റൻബർഗ്ഗ് കത്തീഡ്രലിന്റെ വാതിലിന്മേൽ പാപ

മോചനച്ചീട്ടിന്റെ വില്പനക്കെതിരെ 95 ന്യായങ്ങൾ എഴുതിയ നോട്ടീസ്, സഭയുടെ നിയന്ത്രണത്തിലിരുന്ന സർവ്വകലാശാലയിൽ ബൈബിൾ പഠിപ്പിച്ചുകൊണ്ടിരുന്ന മാർട്ടിൻ ലൂഥർ എന്ന പ്രഫസർ പതിച്ചുവച്ചു. യൂറോപ്പിന്റെയും ലോകത്തിന്റെ തന്നെയും മതപരവും രാഷ്ട്രീയവുമായ ചരിത്രം തിരുത്തിക്കുറിച്ച സഭാനവീകരണത്തിന്റെ കൊടുങ്കാറ്റ് ഇതോടുകൂടെ ആഞ്ഞടിക്കാൻ തുടങ്ങി.

മാർപ്പാപ്പയുടെ അധികാരം ദൈവദത്തമല്ലെന്നു മനസ്സിലാക്കിയ നിരവധി ആളുകൾ ഈ സംഭവത്തെത്തുടർന്ന് ഒട്ടുമിക്ക യൂറോപ്യൻ രാജ്യങ്ങളിലും ഔദ്യോഗികസഭയ്ക്കെതിരെ പ്രവർത്തനമാരംഭിച്ചു. ഇപ്രകാരം സഭാനവീകരണത്തിനു ശ്രമിച്ചവർ 'എതിർക്കുന്നവർ' എന്നർത്ഥമുള്ള (Protestants) 'പ്രൊട്ടസ്റ്റന്റുകാർ' എന്നറിയപ്പെടാൻ തുടങ്ങി. അവരുടെ പ്രവർത്തനം മൂലം യൂറോപ്യൻ രാജ്യങ്ങളിലും കാലക്രമേണ മറ്റു രാജ്യങ്ങളിലും പ്രൊട്ടസ്റ്റന്റ് എന്ന പേരിലറിയപ്പെടുന്ന പല സഭകൾ രൂപംകൊണ്ടു. മാനസ്സാന്തരപ്പെട്ട് യേശുക്രിസ്തുവിനെ രക്ഷിതാവും യജമാനനുമായി വ്യക്തിപരമായി ഹൃദയത്തിൽ സ്വീകരിക്കുന്നതു മൂലമാണ് ഒരാൾക്ക് ആത്മരക്ഷ ലഭിക്കുന്നത് എന്ന തത്ത്വം, അഥവാ 'വിശ്വാസത്താലുള്ള നീതികരണ'ത്തിന്റെ തത്ത്വം പൊതുവെ ഈ സഭകളെല്ലാം മുറുകെപ്പിടിക്കുന്നു. അതിനാൽ ഒന്നാം നൂറ്റാണ്ടിലെ അപ്പൊസ്തലിക വിശ്വാസത്തിലേക്കു തിരിച്ചുവന്നിരിക്കുന്നവരാണ് തങ്ങളെന്ന് അവർ വിശ്വസിക്കുന്നു. തത്ത്വത്തിൽ ഇതു പൂർണ്ണമായും ശരിയാണ്. എന്നാൽ ഇന്നത്തെ ലോകത്തിൽ പരസ്പരം വേണ്ടത്ര യോജിപ്പില്ലാത്ത വിവിധ സഭകളുടെ അംഗങ്ങളായി പ്രൊട്ടസ്റ്റന്റുവിഭാഗത്തിൽ പെടുന്ന ക്രിസ്തീയവിശ്വാസികൾ കഴിയുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ സ്ഥിതിവിശേഷത്തിന്റെ അടിസ്ഥാനകാരണം ഒരാൾ രക്ഷിക്കപ്പെട്ടുകഴിഞ്ഞാലും അയാൾ പിശാചിന്റെ വശീകരണത്തിനു വിധേയനായും ദൈവാത്മാവിനു പൂർണ്ണമായി കീഴ്പ്പെടാത്ത



വനായും ഇരിക്കുക സാദ്ധ്യമാണെന്നുള്ളതാണ്. ദൈവമക്കളിൽ കാണപ്പെടുന്ന അനുസരണക്കുറവും സത്യത്തോടുള്ള താല്പര്യക്കുറവും എല്ലാം അവർ തമ്മിലുണ്ടായിരിക്കേണ്ട യോജിപ്പും പരസ്പരസ്നേഹവും കുറയ്ക്കുന്നു; അതോടൊപ്പം അവരുടെ ഇടയിലുള്ള തെറ്റിദ്ധാരണകളും അന്ധവിശ്വാസങ്ങളും മുൻവിധികളും മറ്റും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി പരസ്പരം യോജിപ്പില്ലാത്ത സഭകളുടെ എണ്ണം ലോകത്തിൽ പെരുകിക്കൊണ്ടിരിക്കുന്നു. ഇത് ദൈവാത്മാവിനെ ദുഃഖിപ്പിക്കുന്ന സ്ഥിതിവിശേഷമാണ്. യേശുക്രിസ്തു പിതാവിനോട് പ്രാർത്ഥിച്ചത്, "അവരെല്ലാവരും ഒന്നായിരിക്കുവാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും.... ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ. 17:21) എന്നായിരുന്നു.

കർത്താവിന്റെ ഈ പ്രാർത്ഥനയിൽ കാണുന്ന ആഗ്രഹം സഫലമാക്കുവാനുള്ള ചുമതല സകല ക്രിസ്തീയ വിശ്വാസികൾക്കുമുണ്ട്. യേശുവിൽ വിശ്വാസമർപ്പിക്കുന്ന ഓരോരുത്തരും, ലോകത്തിലുള്ള, തങ്ങൾ ബന്ധപ്പെട്ടു നിൽക്കുന്ന സമൂഹങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ അന്ധമായി അനുസരിക്കാൻ താൽപ്പര്യപ്പെടുന്നതിനുപകരം ദൈവവചനം ശ്രദ്ധിച്ചു പഠിക്കാനും അതിന്റെ ഫലമായി മനസ്സിലാക്കാനിടവരുന്ന സത്യങ്ങൾ ജീവിതത്തിൽ അനുസരിക്കാനും തയ്യാറാകണം. പരിശുദ്ധാത്മാവാകുന്ന ഗുരുനാഥനാൽ നിയന്ത്രിക്കപ്പെട്ട് ദൈവവചനം പഠിക്കുമ്പോൾ അന്ധവിശ്വാസങ്ങളിൽനിന്നും തെറ്റിദ്ധാരണകളിൽനിന്നും അബദ്ധചിന്താഗതികളിൽ നിന്നുമുള്ള മോചനം നമുക്കു ലഭിക്കും. പാരമ്പര്യവിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും വള്ളിപുള്ളി തെറ്റുവരാതെ അനുസരിക്കുന്നതുകൊണ്ടല്ല, ദൈവവചനം ശരിയായി മനസ്സിലാക്കി അതനുസരിക്കുന്നതുകൊണ്ടു മാത്രമാണ് ദൈവസന്നിധിയിൽ ധൈര്യത്തോടെ നിൽക്കാൻ നമുക്കിടവരുന്നത്

എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു.

ദൈവവചനസത്യങ്ങൾ യാതൊരു തെറ്റുമില്ലാതെ, കൃത്യമായും പൂർണ്ണമായും അനുസരിക്കുന്ന ഒരു സമൂഹം ലോകത്തിൽ എക്കാലവും നിലനിൽക്കുക എന്നത് പ്രായോഗികമായി അസാദ്ധ്യമാണ്; എന്നാൽ ദൈവവചനപ്രകാരമുള്ള പൂർണ്ണത ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുകയും വചനം പഠിപ്പിക്കുകയും പരസ്പരസ്നേഹത്തോടും സഹിഷ്ണുതയോടുംകൂടെ അന്യോന്യം സഹകരിക്കുകയും ചെയ്യാനുള്ള കഴിവും ചുമതലയും ഇന്നു ലോകത്തിലുള്ള എല്ലാ ക്രിസ്തീയ സഹോദരങ്ങൾക്കുമുണ്ട്. ദൈവവചനം സംബന്ധിച്ചും ചരിത്രവസ്തുതകൾ സംബന്ധിച്ചു പിശകായ ധാരണകൾ വച്ചുപുലർത്തുന്നതും അതിൻപ്രകാരം പ്രവർത്തിക്കുന്നതും നമുക്ക് വ്യക്തിപരമായും മാനവസമൂഹത്തിന് പൊതുവെയും ദോഷം മാത്രമാണ് ചെയ്യുന്നത്. അതിനാൽ നമ്മുടെ തെറ്റുകൾ നാം സ്വയം കണ്ടെത്തി തിരുത്തുക മാത്രമല്ല, മറ്റുള്ളവർ നമുക്കു ചൂണ്ടിക്കാണിച്ചു തരുന്നവയും സന്തോഷത്തോടെ നാം തിരുത്തണം. അപ്പോൾ ദൈവവചനത്തിൽ കാണുന്ന, സത്യത്തിൽ നടക്കുന്ന അനുഭവം നമുക്കുണ്ടാകും; നമ്മുടെ ക്രിസ്തീയ ഉത്തരവാദിത്തങ്ങൾ ഭംഗിയായി നിറവേറ്റാനും ദൈവമക്കൾ തമ്മിലുള്ള, സത്യത്തിന്റെ അടിസ്ഥാനത്തിലുള്ള യോജിപ്പ് എന്ന ലക്ഷ്യത്തിലേക്ക് മുന്നേറാനും നമുക്കിടയാകും.

## നമ്മുടെ സഭ

നാം ബന്ധപ്പെട്ടു നിൽക്കുന്ന സഭയുടെ ഉപദേശങ്ങളും ആചാരാനുഷ്ഠാനങ്ങളും പന്തക്കുസ്താനാളിൽ രൂപംകൊണ്ട സഭയുടെ ഉപദേശങ്ങളും ആചാരാനുഷ്ഠാനങ്ങളും തന്നെയാണോ എന്ന് നാം പരിശോധിച്ച് സത്യസന്ധമായി വിലയിരുത്തണം; അല്ലെന്നു കണ്ടാൽ അവ ശരിയായി പാലിക്കുന്ന, വചനപ്രകാരമുള്ള, യേശു



ക്രിസ്തുവിന്റെ സത്യസഭയുടെ ഭാഗമായി നിലകൊള്ളുന്ന ഏതെങ്കിലും പ്രാദേശിക ക്രിസ്തീയ സമൂഹം നമ്മുടെ അടുത്ത് ഉണ്ടോ എന്ന് നാം അന്വേഷിക്കണം; കണ്ടെത്തിയാൽ അതുമായി സഹകരിച്ച് ദൈവാരാധന നടത്തുകയും കർത്താവിന്റെ വേല നിർവ്വഹിക്കുകയും ചെയ്യണം. വചനപ്രകാരമുള്ള ഒരു പ്രാദേശികസഭ നമ്മുടെ അടുത്തെങ്ങുമില്ലെങ്കിൽ അങ്ങനെയുള്ള ഒന്ന് നമ്മുടെ സ്ഥലത്ത് രൂപം കൊള്ളാനായി ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നാം അദ്ധ്വാനിക്കുകയും ദൂരെയുള്ള യഥാർത്ഥ ക്രിസ്തീയ വിശ്വാസികളുമായി ആവുന്നവിധത്തിൽ കൂട്ടായ്മ പുലർത്തിക്കൊണ്ട്, നമ്മുടെ സ്ഥലത്ത് നാം നടത്തുന്ന പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുകയുമാണ് ചെയ്യേണ്ടത്. മറ്റുള്ള വിശ്വാസികളുമായി നാം സഹകരിക്കേണ്ടത്, അവർ ബന്ധപ്പെട്ടു നിൽക്കുന്ന സഭയുടെ പേരു നോക്കിക്കൊണ്ടല്ല, അവർ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഉപദേശങ്ങൾ വചനപ്രകാരമുള്ളവയോ എന്നതു മാത്രം പരിഗണിച്ചുകൊണ്ടായിരിക്കണം. ബൈബിൾ പുതിയനിയമത്തിൽ നാം കാണുന്ന സത്യങ്ങളിലും ഉപദേശങ്ങളിലും ഉറച്ചുനിന്ന് അവ അനുസരിച്ചുകൊണ്ടും അവയ്ക്കെതിരായ ആശയങ്ങളെ തിരസ്ക്കരിച്ചുകൊണ്ടും ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കുമ്പോഴാണ് നാം സത്യസഭയിലെ അംഗങ്ങളായി ദൈവദൃഷ്ടിയിൽ കാണപ്പെടുന്നത്.

## അദ്ധ്യായം 11

# സത്യം അനുസരിക്കുക

യേശുക്രിസ്തു തന്റെ സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുമ്പ് ശിഷ്യന്മാർക്ക് കൊടുത്ത കല്പന, ''നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ'' (മത്തായി 28:19-20) എന്നായിരുന്നു. ശിഷ്യന്മാർക്ക് ലഭിച്ച ഈ കല്പനപ്രകാരം അവർ യേശുവിൽ നിന്ന് നേരിട്ടുകേട്ട വചനങ്ങളും പിന്നീട് പരിശുദ്ധാത്മാവ് മുഖാന്തരം അവർക്ക് ലഭിച്ച ദൈവവചനവും എല്ലാം പുസ്തകരൂപത്തിൽ അവർ രേഖപ്പെടുത്തിവച്ചു. അങ്ങനെയാണ് ബൈബിൾ പുതിയനിയമം രൂപം കൊണ്ടത്. യേശുക്രിസ്തു ലോകത്തിൽ സ്ഥാപിച്ച സഭയുടെ അടിസ്ഥാനപ്രമാണം ഇതാണ്. ഇതിൽ കാണുന്ന ഉപദേശങ്ങളും അനുഷ്ഠാനങ്ങളുമാണ് യേശുക്രിസ്തുവിന്റെ സഭയിൽ കാണപ്പെടേണ്ടത്. ഇതിൽ ഇല്ലാത്ത ഉപദേശങ്ങളും ആചാരങ്ങളും നാം വച്ചുപുലർത്തിയാൽ യേശുക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളാണ് നാമെന്ന് പറയുവാൻ നമുക്ക് അവകാശമില്ലാതായിത്തീരും. വളരെയധികം ഭൗതിക പ്രതാപവും ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളെയും പലവിധത്തിൽ സ്വാധീനിക്കാൻ കഴിവും ഉള്ള റോമൻ കത്തോലിക്കാ സഭയിൽ നിർഭാഗ്യവശാൽ ബൈബിൾ പുതിയനിയമത്തിലെ പല അടിസ്ഥാനോപദേശങ്ങൾക്കും സ്ഥാനമില്ല എന്നും വചനവിരുദ്ധമായ ആചാരാനുഷ്ഠാനങ്ങൾക്ക് സ്ഥാനമുണ്ട് എന്നും നാം കാണുന്നു. ഇത് വാസ്തവത്തിൽ വളരെ അപകടകരമായ ഒരവസ്ഥയാണ്. ദൈവവചനത്തോട് യാതൊന്നും കൂട്ടു ചേർക്കരുത് എന്നും അതിൽ നിന്ന് യാതൊന്നും എടുത്തുമാറ്റരുത് എന്നും ഖണ്ഡിതമായ



ദൈവകല്പന പഴയ നിയമത്തിലും (ആവർത്തനം 4:2; സദൃശവാക്യങ്ങൾ 30:6) പുതിയ നിയമത്തിലും (വെളിപ്പാട് 22:18-19; 2 കൊരിന്ത്യർ 2:17) നാം കാണുന്നു. അങ്ങനെയിരിക്കെ അപ്പൊസ്തലിക കാലത്ത് ഇല്ലാതിരുന്ന നിരവധി വിശ്വാസങ്ങളും ആചാരങ്ങളും പില്ക്കാലത്ത് ക്രൈസ്തവസഭയിൽ കടന്നുകൂടാൻ അനുവദിച്ചത് ദൈവമുമ്പാകെ വലിയ പാപമായിപ്പോയി എന്നതിനു സംശയമില്ല. ദൈവഹിതമെന്ന് തെറ്റിദ്ധരിച്ച് ദൈവവചനത്തിനു വിരുദ്ധമായ കാര്യങ്ങൾ ചെയ്താൽ കഠിനമായ ശിക്ഷ ലഭിക്കുമെന്ന് ദൈവവചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ഒന്നാം നൂറ്റാണ്ടിനുശേഷം ക്രൈസ്തവസഭയിലേക്ക് വിജാതീയമതങ്ങളുടെ സ്വാധീനത്താൽ കടന്നുവന്ന എല്ലാ വിശ്വാസാചാരങ്ങളെയും നാം ഉപേക്ഷിച്ചുകൊണ്ട് യഥാർത്ഥ ദൈവ വചനസത്യങ്ങൾ അനുസരിക്കാൻ തയ്യാറാകേണ്ടതാണ്.

മേൽപറഞ്ഞ പ്രകാരം പ്രവർത്തിക്കാൻ തയ്യാറാകുമ്പോൾ, എ.ഡി. 300നു ശേഷം സഭയിലേക്ക് കടന്നുവന്ന, മരിച്ചുപോയവരുടെ ആത്മശാന്തിക്കുവേണ്ടി നടത്തുന്ന പ്രാർത്ഥനയും ദേവാലയങ്ങളിൽ കുരിശുരൂപം വയ്ക്കുന്ന പതിവും മെഴുകുതിരി കത്തിച്ചുവയ്ക്കുന്ന പതിവും തിരുസ്വരൂപങ്ങളെയും മാലാഖമാരെയും വണങ്ങുന്ന പതിവും യേശുവിന്റെ അമ്മ മറിയത്തെ "ദൈവമാതാവ്" എന്നു വിളിക്കാൻ തുടങ്ങിയതും സഭകളിൽ അദ്ധ്യക്ഷപദവിയിലിരിക്കുന്നവർ വിവാഹജീവിതം നയിക്കരുത് എന്ന് നിയമം ഉണ്ടാക്കിയതും പ്രാർത്ഥനയ്ക്കായി ജപമാല ഉപയോഗിക്കാൻ തുടങ്ങിയതും മാതാവ് അമലോത്ഭവ (ജന്മപാപം ഇല്ലാതിരുന്ന ആൾ) ആണെന്ന് പ്രഖ്യാപിച്ചതും, മാതാവ് സ്വർഗ്ഗാരോഹണം ചെയ്തെന്ന് വിശ്വസിക്കാൻ കല്പന ഇറക്കിയതും എല്ലാം തെറ്റാണെന്ന് നാം സമ്മതിക്കുകയും ഈ വിശ്വാസങ്ങൾ ത്യജിക്കുകയും ചെയ്യേണ്ടി വരുന്നു. തെറ്റിനെ

തെറ്റായിത്തന്നെ കാണാതെ ശരിയെന്നു പരിഗണിച്ചുകൊണ്ടു ജീവിതം നയിച്ചാൽ അതിഭയങ്കരമായ അപകടത്തിൽ നാം ചെന്നുവീഴുമെന്ന തിനു സംശയമില്ല. തെറ്റിനെ തെറ്റായി പരിഗണിച്ച് അത് ഉപേക്ഷി ക്കുകയും ശരിയെ ശരി എന്ന് അംഗീകരിച്ച് അത് സ്വീകരിക്കുകയും ചെയ്താൽ നോഹയ്ക്കും കുടുംബത്തിനും ലഭിച്ച ദൈവാനുഗ്രഹം നമുക്ക് ലഭിക്കും; അത് ചെയ്യാതിരുന്നാൽ ജലപ്രളയമുണ്ടായ സമയത്ത് പെട്ടകത്തിനു വെളിയിൽ ആയിരുന്ന മനുഷ്യരുടെ അവസ്ഥയാണ് നമുക്ക് ഉണ്ടാവുക. ഇനി വരാൻ പോകുന്നത് ജലത്താലുള്ള ശിക്ഷാവിധിയല്ല, നരകാഗ്നിയാകുന്ന നിത്യശിക്ഷാവിധി യാണെന്ന് ദൈവവചനം സ്പഷ്ടമായി പറയുന്നു. അതിൽ നാം അകപ്പെടാതിരിക്കണമെങ്കിൽ ദൈവവചനം അനുസരിച്ചേ പറ്റുക യുള്ളു. വചനത്തിൽ നിന്ന് എടുത്ത് മാറ്ററുതെന്നും വചനത്തോടു കൂട്ടു ചേർക്കരുതെന്നുമുള്ള കല്പന പ്രകാരം ഒന്നാം നൂറ്റാണ്ടിനു ശേഷം സഭയിലേക്ക് കടന്നുവന്ന, വചനത്തിൽ അടിസ്ഥാനമില്ലാത്ത ഉപദേശങ്ങളും ആചാരങ്ങളും നാം തീർച്ചയായും ഉപേക്ഷിക്കണം. അവ ഉപേക്ഷിക്കാനും വചനത്തിൽ ഉള്ള ഉപദേശങ്ങളും ആചാര ങ്ങളും അനുസരിക്കാനും കഴിയുന്ന സഭാബന്ധം എതാണോ ആ സഭാബന്ധം നാം സ്വീകരിക്കുകയും സത്യത്തിൽ നടക്കുന്ന (യോഹ ന്നാൻ അപ്പൊസ്തലന്റെ രണ്ടാം ലേഖനം നോക്കുക) അനുഭവം നമ്മിലുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യണം. അത് ചെയ്താൽ നിത്യത മുഴുവൻ നാം അനുഗ്രഹിക്കപ്പെട്ട ഭാഗ്യശാലികൾ ആയിരിക്കും.



# അദ്ധ്യായം 12
# പത്രോസിന്റെ സിംഹാസനം

പത്രോസ് അപ്പൊസ്തലനും മറ്റ് അപ്പോസ്തലൻമാർക്കും യേശു ക്രിസ്തു സിംഹാസനങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും എന്നാൽ ഈ വാഗ്ദാനം പാലിക്കപ്പെടുന്നത് യേശുക്രിസ്തു രാജാവായി ഭൂമി യിൽ വാഴ്ച നടത്തുന്ന കാലം സമാഗതമാകുമ്പോൾ മാത്രമായിരി ക്കുമെന്നും ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലൻമാരിലാരും ഒരിടത്തും ഒരു സിംഹാസനവും സ്ഥാപിച്ച് വാഴ്ച നടത്തിയില്ലെന്നും മുൻ അദ്ധ്യായങ്ങളിൽ വ്യക്തമാക്കപ്പെട്ടുവല്ലൊ. അതിനാൽ പത്രോസിന്റെ പേരു പറഞ്ഞുകൊണ്ട് നാലാം നൂറ്റാണ്ടിനുശേഷം ക്രൈസ്തവലോകം കെട്ടിപ്പടുത്ത എപ്പിസ്കോപ്പിൽ ഭരണരീതിക്കൊ അതിന്റെ മകുടമായി നിലകൊള്ളുന്ന മാർപ്പാപ്പയുടെ സിംഹാസനത്തിനോ ദൈവത്തിന്റെ അംഗീകാരമില്ലെന്നു തെളിയിക്കപ്പെട്ടിരിക്കുകയാണ്. ഈ വസ്തുത കൾക്ക് നല്കേണ്ട പ്രാധാന്യം നാം നല്കുമ്പോൾ, തെറ്റായ ഉപദേശ ങ്ങൾ വച്ചു പുലർത്തുന്ന സഭകളുടെ നിയന്ത്രണത്തിൽനിന്നും സ്വത ന്ത്രരാവുകയും ദൈവാത്മാവിന്റെ (ദൈവവചനത്തിന്റെ) നിയന്ത്രണ ത്തിനു നമ്മെതന്നെ വിധേയരാക്കുകയും ചെയ്യും. നാം കെട്ടുകഥക ളുടെ സ്വാധീനത്തിനു വിധേയപ്പെട്ടിരിക്കുവാൻ പാടില്ലെന്നു വചന ത്തിൽ പ്രത്യേകം നിർകർഷിച്ചിട്ടുണ്ട്. ക്രൈസ്തവലോകത്തിൽ നില വിലിരിക്കുന്ന എപ്പിസ്ക്കോപ്പൽ ഭരണരീതിയുടെ അടിസ്ഥാനം വച നവിരുദ്ധമായ സങ്കൽപ്പങ്ങളും അധികാരക്കൊതിയുമൊക്കെയാണ്. പത്രോസിന്റെ സിംഹാസത്തിലാണ് മാർപ്പാപ്പ വാണരുളുന്നത് എന്ന് റോമിലെ സഭ വിശ്വസിക്കാൻ തുടങ്ങുകയും മറ്റുരാജ്യങ്ങളിലെ ക്രിസ്തീയ വിശ്വാസികൾ അത് കേൾക്കാൻ ഇടവരികയും ചെയ്ത പ്പോൾ അവരെ നയിച്ചുകൊണ്ടിരുന്ന ഇടയൻമാർ തങ്ങളുടെ സ്ഥാനം റോമിലെ ബിഷപ്പിന്റേതിനേക്കാൾ ഒട്ടും കുറഞ്ഞതല്ലെന്നു വരുത്താൻ

പരിശ്രമം തുടങ്ങി. അങ്ങനെ അവരും സിംഹാസനവാദങ്ങൾ ഉന്നയിച്ചു. അതിനെതുടർന്ന് അന്ത്യോക്യയിലും കുസ്തന്തീനോസ് പോലീസിലും (കോൺസ്റ്റാന്റിനോപ്പിൾ) ക്രൈസ്തവസഭയ്ക്കു സിംഹാസനങ്ങൾ ഉണ്ടായി. ഇതിനെ അനുകരിച്ചാണ് കേരളത്തിൽ തോമ്മാശ്ലീഹാ[1] സിംഹാസനം സ്ഥാപിച്ചുവെന്ന കഥയും ഉണ്ടായത്. ഈ സിംഹാസനക്കഥകൾ എല്ലാംതന്നെ, യുക്തിക്കൊ ബുദ്ധിക്കൊ ചരിത്രത്തിനൊ നിരക്കാത്ത ഭാവനാസൃഷ്ടികൾ മാത്രമാണ്. ക്രൈസ്തവലോകത്തിൽ ഇന്നു നിലവിലിരിക്കുന്ന എല്ലാ എപ്പിസ്ക്കോപ്പൽ ഭരണസംവിധാനങ്ങളും പത്രോസിന്റെ സിംഹാസനം എന്ന വചനവിരുദ്ധമായ സങ്കൽപത്തിലോ ആ സങ്കല്പം ചൂണ്ടിക്കാണിക്കുന്ന രാജഭരണമാതൃകയിലൊ ആണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. ഈ സത്യം അംഗീകരിച്ചുകൊണ്ട് ഈ തെറ്റ് തിരുത്തുവാനും ഒന്നാം നൂറ്റാണ്ടിലെ സത്യവിശ്വാസങ്ങളിലേക്ക് ഒരുതിരിച്ചുവരവ് നടത്തുവാനും നാം തയ്യാറാകണം.

## പത്രോസ് കാണിച്ച മാതൃക

യേശുക്രിസ്തുവിന്റെ കർത്തൃത്വം സ്വീകരിച്ചുകെണ്ട് അപ്പൊസ്തലനായ പത്രോസ് കാണിച്ചുതന്നിരിക്കുന്ന മാതൃക പിൻതുടരാന്നുള്ള ചുമതല നമുക്കെല്ലാവർക്കുമുണ്ട്. അതു ചെയ്യുമ്പോൾ പത്രോസ് പ്രദർശിപ്പിച്ച സത്യത്തോടുള്ള സ്നേഹവും സത്യം കണ്ടെത്തിയാലു

1. തോമ്മാശ്ലീഹായെക്കുറിച്ചുണ്ടാക്കിയിരിക്കുന്ന കഥകൾ വളരെ രസകരം തന്നെയാണ്. അവയിലൊന്ന് അദ്ദേഹം മലയാറ്റൂരിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ കാല്പാടുകൾ പാറയിൽ പതിഞ്ഞുവെന്നാണ്! അദ്ദേഹം പാറയിന്മേൽ ചവിട്ടിയപ്പോൾ പാറ നെയ്യ് പോലെ മാർദ്ദവമുള്ള വസ്തുവായിത്തീർന്നുപോയി! എന്തൊരത്ഭുതം! അദ്ദേഹത്തിന്റെ കാല്പാടുകൾ പതിഞ്ഞ പാറ മലയാറ്റൂരിൽ എത്തുന്ന തീർത്ഥാടകരുടെ ആരാധനാവസ്തുവായി ഇരിക്കുകയാണ്! യേശുപോലും ചെയ്യാത്ത അത്ഭുതം ചെയ്ത തോമ്മാശ്ലീഹാ, പത്രോസ് ശ്ലീഹായേക്കാളും മറ്റെല്ലാ ശ്ലീഹന്മാരേക്കാളും വലിയവനായിരുന്നുവെന്നു വാദിക്കാൻ ഇതിൽ കൂടുതൽ ന്യായമെന്താണു വേണ്ടത്? എന്നാൽ എന്തുകൊണ്ടോ കേരളത്തിലെ ക്രിസ്ത്യാനികൾ അതിന് ഇതുവരെ ഒരുമ്പെട്ടിട്ടില്ല.



ടൻ അതംഗീകരിച്ചുകൊണ്ട് അതിൻപ്രകാരം പ്രവർത്തിക്കുന്ന സ്വഭാവവും നാം പ്രകടമാക്കേണ്ടതാണ്. യേശുവാണ് മശിഹാ എന്ന് മനസ്സിലാക്കിയ ഉടൻ വല ഉപേക്ഷിച്ചുകൊണ്ട് അദ്ദേഹം യേശുവിനെ അനുഗമിച്ചു. വല തന്റെ ജീവിതമാർഗമായിരുന്നു. അടുത്ത ദിവസം എങ്ങനെ ജീവിക്കും എന്ന പ്രശ്നം പരിഗണിക്കാതെ, അഥവാ സത്യം അംഗീകരിച്ചാലുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ എന്തൊക്കെയായിരിക്കുമെന്നു ചിന്തിക്കാതെ, സത്യം സ്വീകരിച്ച് ഉടൻ തന്നെ അതനുസരിച്ച് അദ്ദേഹം പ്രവർത്തിക്കാനാരംഭിക്കുകയാണ് ചെയ്തത്. അറിവും ആ അറിവിൻ പ്രകാരമുള്ള പ്രവർത്തനവും തമ്മിൽ യാതൊരു വിടവും ഇല്ലാതിരിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ പിൻഗാമികളായ ക്രിസ്ത്യാനികളുടെ അനുഭവവും ഇത്തരത്തിലായിരിക്കണം. അതിനാൽ സത്യമെന്ന് നാം മനസ്സിലാക്കിയിരിക്കുന്ന കാര്യങ്ങൾ അംഗീകരിച്ചുകൊണ്ട് ശരിയായതുചെയ്യുകയും തെറ്റായത് ത്യജിക്കുകയും വേണം. രക്ഷയുടെ അടിസ്ഥാനം യേശുവിൽ അർപ്പിക്കുന്ന വിശ്വാസമാണ്, യാതൊരു പ്രവൃത്തിയുമല്ല എന്നു ദൈവവചനം പറഞ്ഞിരിക്കുമ്പോൾ അതുതന്നെ നാം സ്വീകരിച്ച് അംഗീകരിക്കണം. മാമ്മോദീസാ എന്ന കർമ്മത്താലാണ് പാപമോചനം കിട്ടുന്നതെന്ന മാനുഷോപദേശം നാം ത്യജിക്കുകയും വേണം. പുരോഹിതനെ ദൈവത്തിന്റെ സ്ഥാനത്തു നിർത്തികൊണ്ട് അദ്ദേഹത്തോട് പാപം ഏറ്റുപറയുന്നത് ദൈവവചന വിരുദ്ധമായതിനാൽ, അങ്ങനെ ചെയ്യുന്നത് നാം നിർത്തുകയും ദൈവത്തോട് ചെയ്തുപോകുന്ന പാപങ്ങൾ ദൈവത്തോടും, ദൈവത്തോടും മനുഷ്യരോടും ചെയ്യുന്ന പാപങ്ങൾ യഥാർത്ഥ പശ്ചാതാപത്തോടെ ദൈവത്തോടും ബന്ധപ്പെട്ട മനുഷ്യരോടും ഏറ്റുപറയുകയും പരിഹാരം വരുത്താൻകഴിയുന്ന കാര്യങ്ങളിൽ പരിഹാരം വരുത്തുകയും ചെയ്യണം. യേശുവിൽ വിശ്വാസമർപ്പിച്ചവരെ മാത്രമാണ് സ്നാനമേല്പ്പിക്കുവാൻ പത്രോസപ്പസ്തോലൻ

അനുവദിച്ചെന്നുള്ളതിനാൽ, ശിശുമാമ്മോദീസ നാം ത്യജിക്കുകയും വിശ്വസിച്ചതിനുശേഷം സ്നാനമേൽക്കുകയും ചെയ്യണം.[2] യഹൂദമതമേധാവികളുടെയും ഗവൺമെന്റുദ്യോഗസ്ഥരുടെയും വിലക്കുകൾ വകവെയ്ക്കാതെ സത്യസുവിശേഷം മറ്റുള്ളവരോട് വളരെ ധൈര്യത്തോടെ പത്രോസ് പ്രസംഗിച്ചതുപോലെ, നാമും നമ്മുടെ സമുദായ നേതാക്കൻമാരെ ഭയപ്പെടാതെ വചനപ്രകാരമുള്ള ആരാധന നടത്തുവാനും നമ്മുടെ സമസൃഷ്ടങ്ങളായ മനുഷ്യരെ യഥാർത്ഥ ദൈവ വചനം പഠിപ്പിക്കുന്നതിനു തയ്യാറാകുകയും വേണം.

## യുദ്ധസേവ ചെയ്യുക

യേശുക്രിസ്തുവിനായി യുദ്ധസേവ ചെയ്യണമെന്നാണ് പൗലോസ് അപ്പൊസ്തലൻ തിമൊത്തയോസിനെ ഉദ്ബോധിപ്പിച്ചത് (1 തിമൊ. 1:18). പാപത്തിന്റെ ബന്ധനത്തിൽ, സാത്താന്റെ അടിമത്തത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിക്കാതെ കഴിയുന്ന നമ്മുടെ സഹോദരങ്ങളെ യേശുക്രിസ്തുവിന്റെ പാപപരിഹാരബലി മുഖാന്തരം വിടുവിച്ചു സ്വാതന്ത്ര്യത്തിലേക്ക് നടത്തുന്ന വലിയൊരു യുദ്ധത്തിലാണ് വാസ്തവമായി രക്ഷിക്കപ്പെട്ട ഓരോ ക്രിസ്ത്യാനിയും ഏർപ്പെട്ടിരിക്കുന്നത്. വിശ്വാസത്താൽ ദൈവത്തിൽനിന്നു ലഭിക്കുന്ന പുതുജനനത്തിലൂടെ (യോഹ. 1:12) ദൈവരാജ്യത്തിന്റെ പൗരന്മാരായി (ഫിലിപ്യ. 3:20) തീർന്നിട്ടില്ലാത്ത സകല മനുഷ്യരെയും ക്രൂശിന്റെ സന്ദേശത്താൽ രക്ഷയിലേക്കു നടത്തുവാനുള്ള ചുമതല അയാളുടെ മേലുണ്ട്. ഭൂമിയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെയുള്ള സകല രാജ്യങ്ങളിലുമുള്ള സകല മനുഷ്യരോടുമുള്ള ഉത്തരവാദിത്തമാണിത്. അതു നിറവേറ്റുന്നതിന്, സർവ്വശക്തിയുമുപയോഗിച്ച്, യുദ്ധരംഗത്തുനിന്ന് ശത്രുവിനോടു പട വെട്ടുന്ന ഒരു പടയാളിയെപ്പോലെ അദ്ധ്വാനിക്കുവാനുള്ള ചുമതലയാണ് അയാൾക്കുള്ളത്. ആ അർത്ഥത്തിലാണ് യേശുവിന്റെ നല്ല ഭടനായി യുദ്ധസേവ ചെയ്യുവാൻ പൗലോസ് അപ്പൊസ്തലൻ തിമൊത്തെയോസിനോടാജ്ഞാപിച്ചത്. പൗലോസും പത്രോസും യേശുവിന്റെ നല്ല ഭടന്മാരായിത്തന്നെ യുദ്ധസേവ ചെയ്തു. അവരുടെ സർവ്വശക്തിയുമുപയോഗിച്ച് സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അവർ അദ്ധ്വാനിച്ചു. സമൂഹത്തിന്റെയും ഗവൺമെന്റിന്റെയും ഭീഷണികൾക്കോ, പട്ടിണി, ദേഹോപദ്രവം, ജയിൽവാസം തുടങ്ങിയ പീഡാനുഭവങ്ങൾക്കോ മരണത്തിനുപോലുമോ യേശുക്രിസ്തുവിന്റെ ധീര പടയാളികൾ എന്ന നിലയിലുള്ള അവരുടെ കർത്തവ്യനിർവ്വഹണത്തിൽ നിന്ന് അവരെ പിന്തിരിപ്പിക്കുവാൻ കഴിഞ്ഞില്ല. പത്രോസിനെ മാതൃകയാക്കിക്കൊണ്ട് സാമ്പത്തികവും ശാരീരികവും ബുദ്ധിപരവുമായ സർവ്വ കഴിവുകളുമുപയോഗിച്ച് യേശുക്രിസ്തുവിന്റെ നല്ല ഭടന്മാരായി, പാപത്തിന്റെ വാഴ്ചയിൽനിന്നുള്ള മാനവരാശിയുടെ സമ്പൂർണ്ണ വിമോചനത്തിനുവേണ്ടി പോരാടുവാൻ ഈ ഗ്രന്ഥം വായിക്കുന്ന എല്ലാവർക്കും ദൈവാത്മാവ് കൃപ നൽകട്ടെ.

2. യേശുവിൽ വിശ്വാസമർപ്പിക്കുമ്പോൾ ഒരു വ്യക്തിയുടെ ഹൃദയത്തിൽ സംഭവിക്കുന്ന അദൃശ്യമായ പരിവർത്തനത്തെ ദൃശ്യരൂപത്തിൽ പുറമെ കാണിച്ച്, ആ ആന്തരിക പരിവർത്തനം വാസ്തവമായി ഹൃദയത്തിൽ നടന്നിട്ടുണ്ടെന്ന് പ്രഖ്യാപിക്കുന്ന കർമ്മമാണ് ക്രിസ്തീയ സ്നാനം. അതിനാൽ യേശുവിൽ വിശ്വാസമർപ്പിച്ചുകഴിഞ്ഞ ഒരാളിന്റെ സ്നാനത്തിനു മാത്രമേ അർത്ഥമുള്ളൂ. വിശ്വസിക്കുന്നതിനുമുമ്പ് സ്നാനമേറ്റാൽ അതിനു യാതൊരു അർത്ഥവുമില്ല; ബ്രഷിൽ ചായം പുരട്ടുന്നതിനുമുമ്പ് അതുകൊണ്ട് ക്യാൻവാസിൽ ചിത്രം വരയ്ക്കാൻ ശ്രമിക്കുന്നത് നിരർത്ഥകമായിരിക്കുന്നതുപോലെ തന്നെ നിരർത്ഥകമായ ഒരു പ്രവൃത്തിയാണത്. യാതൊരർത്ഥവുമില്ലാത്ത ഒരു കർമ്മമാണ് ശിശുസ്നാനം.

# അനുബന്ധം I

## പത്തു കല്പനകൾ – സഭയിലും ബൈബിളിലും

| | |
|---|---|
| ‘‘സീറോ മലബാർ സഭയുടെ കുർബാന : ജനങ്ങളുടെ ഉപയോഗത്തിന്” എന്ന പുസ്തകത്തിന്റെ കവർ 4-ാം പേജിൽ കാണുന്ന പത്തു കല്പനകൾ. | കൊച്ചിയിലെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ പ്രസിദ്ധീകരിച്ചിട്ടുള്ള മലയാളം ബൈബിളിലെ പുറപ്പാടു പുസ്തകം 20-ാം അദ്ധ്യായത്തിൽ കാണുന്ന (പേജ് 68) പത്തു കല്പനകൾ. |
| 1. നിന്റെ കർത്താവായ ദൈവം ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്. | 1. ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദേവന്മാർ നിനക്കുണ്ടാകരുത്. |
| | 2. മുകളിൽ ആകാശത്തിലോ താഴെ ഭൂമിയിലോ ഭൂമിക്കടിയിലോ ജലത്തിലോ ഉള്ള ഒന്നിന്റെയും പ്രതിമയോ സ്വരൂപമോ നീ നിർമ്മിക്കരുത്; അവയ്ക്കു മുമ്പിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്. എന്തെന്നാൽ, ഞാൻ, നിന്റെ ദൈവമായ കർത്താവ്, അസഹിഷ്ണുവായ ദൈവമാണ്. എന്നെ വെറുക്കുന്ന പിതാക്കന്മാരുടെ കുറ്റങ്ങൾക്ക് അവരുടെ മക്കളെ മൂന്നും നാലും തലമുറ വരെ ഞാൻ ശിക്ഷിക്കും. എന്നാൽ, എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് ആയിരമായിരം തലമുറകൾവരെ ഞാൻ കരുണ കാണിക്കും. |



| | |
|---|---|
| 2. ദൈവത്തിന്റെ തിരുനാമം വൃഥാ പ്രയോഗിക്കരുത്. | 3. നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത്. തന്റെ നാമം വൃഥാ ഉപയോഗിക്കുന്നവനെ കർത്താവ് ശിക്ഷിക്കാതെ വിടുകയില്ല. |
| 3. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം. | 4. സാബത്തു വിശുദ്ധ ദിനമായി ആചരിക്കണമെന്ന് ഓർമ്മിക്കുക. ആറുദിവസം അദ്ധ്വാനിക്കുക, എല്ലാ ജോലികളും ചെയ്യുക. എന്നാൽ ഏഴാം ദിവസം നിന്റെ ദൈവമായ കർത്താവിന്റെ സാബത്താണ്. അന്ന് നീയോ നിന്റെ മകനോ മകളോ ദാസനോ ദാസിയോ നിന്റെ മൃഗങ്ങളോ നിന്നോടൊത്തു വസിക്കുന്ന പരദേശിയോ ഒരു വേലയും ചെയ്യരുത്. എന്തെന്നാൽ, കർത്താവ് ആറുദിവസംകൊണ്ട് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സമസ്തവും സൃഷ്ടിക്കുകയും ഏഴാംദിവസം വിശ്രമിക്കുകയും ചെയ്തു. അങ്ങനെ അവിടുന്ന് സാബത്തു ദിനത്തെ അനുഗ്രഹിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തു. |
| 4. മാതാപിതാക്കളെ ബഹുമാനിക്കണം. | 5. നിന്റെ ദൈവമായ കർത്താവ് തരുന്ന രാജ്യത്തു നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിനു നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക. |

5. കൊല്ലരുത്

6. വ്യഭിചാരം ചെയ്യരുത്.

7. മോഷ്ടിക്കരുത്.

8. കള്ളസാക്ഷി പറയരുത്.

9. അന്യന്റെ ഭാര്യയെ മോഹിക്കരുത്.

10. അന്യന്റെ വസ്തുക്കൾ മോഹിക്കരുത്.

6. കൊല്ലരുത്.

7. വ്യഭിചാരം ചെയ്യരുത്.

8. മോഷ്ടിക്കരുത്.

9. അയല്ക്കാരനെതിരായി വ്യാജസാക്ഷ്യം നൽകരുത്.

10. അയല്ക്കാരന്റെ ഭവനം മോഹിക്കരുത്; അയല്ക്കാരന്റെ ഭാര്യയെയോ ദാസനെയോ ദാസിയെയോ കാളയെയോ കഴുതയെയോ അവന്റെ മറ്റെന്തെങ്കിലുമോ മോഹിക്കരുത്.

[ബൈബിളിലെ രണ്ടാം കല്പന കുർബ്ബാന പുസ്തകത്തിൽ കാണുന്നില്ല; ബൈബിളിലെ 10-ാം കല്പന കുർബ്ബാന പുസ്തകത്തിൽ രണ്ടായി വിഭജിക്കപ്പെട്ടും ഇരിക്കുന്നു.]



## അനുബന്ധം II
## ജൊഹാൻ ടെറ്റ്സൽ വില്പന നടത്തിയ പാപമോചനച്ചീട്ട്

മാർട്ടിൻ ലൂഥർ 1517 ഒക്ടോബർ 31-ാം തീയതി 95 എതിർന്യായങ്ങൾ എഴുതി ജർമ്മനിയിലെ വിറ്റൻബർഗ്ഗ് കത്തീഡ്രലിന്റെ വാതിലിന്മേൽ ഒട്ടിച്ചുവച്ചതിനടിസ്ഥാനമായ പാപമോചനച്ചീട്ട്. Will Durantന്റെ The Story of Civilization : Part VI the Reformation P. 338-ൽ കാണുന്ന ഉദ്ധരണവും അതിന്റെ തർജ്ജമയും. ഇതിന്റെ വൻതോതിലുള്ള വിൽപനയെത്തുടർന്നാണ് 14-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ക്രൈസ്തവ സഭയിൽ നീറിപ്പുകഞ്ഞുകൊണ്ടിരുന്ന നവീകരണാഗ്നി ആളിക്കത്തുവാനിടയായത്.

"May our Lord Jesus Christ have mercy on thee, and absolve thee by the merits of His most holy passion. And I, by His authority, that of his blessed Apostles Peter and Paul, and of the most holy Pope, granted and committed to me in these parts, do absolve thee, first from all ecclesiastical censures, in whatever manner they may have been incurred, and then from all thy sins, transgressions, and excesses, how enormous soever they may be, even from such as are reserved for the cognizance of the Holy See; and as far as the Keys of the Holy Church extend, I remit to you all punishment which you deserve in purgatory on their account, and I restore you to the holy sacraments of the Churcyh.... and to that innocence and purity which you possessed at baptism; so that when you die the gates of punishment shall be shut, and the gates of the paradise of delight shall be opened; and if you shall not die at present, this grace shall remain in full force when you are at the point of death. In the name of the Father, and of the Son, and of the Holy Ghost".

"നമ്മുടെ കർത്താവായ യേശുക്രിസ്തു നിന്നോടു കരുണ കാണിക്കുകയും തന്റെ പരിശുദ്ധമായ പീഡാസഹനം മുഖാന്തരം നിനക്കു പാപമോചനം നൽകുകയും ചെയ്യുമാറാകട്ടെ. അവിടുത്തെ അധികാരം, അനുഗ്രഹിക്കപ്പെട്ട അപ്പൊസ്തലന്മാരായ പത്രോസിലൂടെയും പൗലോസിലൂടെയും മാർപ്പാപ്പായ്ക്കു ലഭിച്ചിട്ടുള്ളതിനാൽ എന്നിൽ നിക്ഷിപ്തമായ ആ അധികാരമുപയോഗിച്ച്,